بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

ലക്കം 20-21

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 മെയ് 18–25/ ഹി.ശം 1402 ഹിജ്റത്ത് 18–25/ ഹി:ഖ 1444 ശവ്വാൽ 27 ദുൽഖഅ്ദ് 4

## അല്ലാഹുവിന്റെ വചനം

وَعَدَ اللّٰہُ الَّذِیۡنَ اٰمَنُوۡا مِنۡکُمۡ وَعَمِلُوا الصّٰلِحٰتِ لَیَسۡتَخۡلِفَنَّہُمۡ فِی الۡاَرۡضِ کَمَا اسۡتَخۡلَفَ الَّذِیۡنَ مِنۡ قَبۡلِہِمۡ

(سورۃ النور:56)

‘നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു, അവർക്കു മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.”(24:56)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# പണ്ടുപണ്ടേയുള്ള സുന്നത്ത്:

**നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ അല്ലാഹുവിന്റെ ഒരു ശരീരധാരിയായ ഖുദ്റത്താകുന്നു. എനിക്കുശേഷം ചില മറ്റു വ്യക്തികളുമുണ്ടാകും. അവർ രണ്ടാമത്തെ ഖുദ്റത്തിന്റെ- ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ! ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തു കാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു എന്നത് അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചു കളയുക സംഭാവ്യമല്ല. അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചു പറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങൾ അസ്വസ്ഥരാകുകയും അരുത്. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു:'നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നല്കും.' അതുകൊണ്ട് ശാശ്വതമായ വാഗ്ദത്തത്തിന്റെ നാളുകൾ വരാൻവേണ്ടി ഞാൻ നിങ്ങളിൽനിന്ന് വേർപ്പെട്ടുപോകുന്ന ദിവസം വരേണ്ടത് അനുപേക്ഷണീയമാകുന്നു. നമ്മുടെ അല്ലാഹു വാഗ്ദത്തങ്ങൾ പൂർത്തിയാക്കുന്നവനും കൂറു പുലർത്തുന്നവനും വിശ്വസ്തനുമായ അല്ലാഹുവാകുന്നു. അവൻ വാഗ്ദത്തം ചെയ്ത സകലതുംതന്നെ നിങ്ങൾക്കു കാണിച്ചുതരുന്നതാണ്. ഈ നാളുകൾ ലോകത്തിന്റെ അവസാന നാളുകളാകുന്നു. അനേക വിപത്തുകളും ദുരന്തങ്ങളും ഇറങ്ങുന്ന നാളുകളാണ്. അല്ലാഹു അറിയിച്ചുതന്ന കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനില്ക്കേണ്ടതുതന്നെയാകുന്നു. ഞാൻ അല്ലാഹുവിൽനിന്നുള്ള ഒരു ശക്തിപ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ ഒരു ശരീരധാരിയായ ഖുദ്റത്താകുന്നു. എനിക്കുശേഷം ചില മറ്റു വ്യക്തികളുമുണ്ടാകും. അവർ രണ്ടാമത്തെ ഖുദ്റത്തിന്റെ–ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിൽനിന്നുള്ള രണ്ടാം ഖുദ്റത്തിന്റെ പ്രതീക്ഷയിൽ ഒന്നു ചേർന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുക. രണ്ടാം ഖുദ്റത്ത് ദൈവികസവിധത്തിൽനിന്നിറങ്ങുന്നതിനും നിങ്ങളുടെ അല്ലാഹു അത്തരത്തിൽ സർവശക്തനായ അല്ലാഹു ആണെന്ന് നിങ്ങൾ കാണുമാറാകുന്നതിനും സ്വാലികളുടെ ജമാഅത്ത് ഓരോ രാജ്യത്തും സംഘടിച്ച് പ്രാർഥനയിൽ നിരതരാവേണ്ടതാണ്. മരണം നിങ്ങളുടെ അടുത്താണെന്ന് മനസ്സിലാക്കുക. എപ്പോഴാണ് ആ നമിഷം വരുന്നതെന്ന് നിങ്ങൾക്കറിയില്ല.

പരിശുദ്ധമായ ആത്മാവോടുകൂടിയ ജമാഅത്തിലെ ആദരണീയൻ എന്റെ പേരിൽ എനിക്കുശേഷം ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങേണ്ടതാണ്. ഭൂമിയുടെ വ്യത്യസ്ത പ്രവാസകേന്ദ്രങ്ങളിൽ വസിക്കുന്നവർ, അവർ യൂറോപ്പിലാകട്ടെ, ഏഷ്യയിലാകട്ടെ എവിടെയുള്ളവരായിരുന്നാലും അവർ സൽപ്രകൃതരായിട്ടുള്ളവരാണെങ്കിൽ അവരെയെല്ലാം തൗഹീദ്–ഏകദൈവത്വത്തിലേക്ക് വലിച്ചുകൊണ്ടുവരാനും തന്റെ ദാസരെ ഏകമതത്തിൽ ഒരുമിച്ചുകൂട്ടാനും അല്ലാഹു ആഗ്രഹിക്കുന്നു. ഇതുതന്നെയാണ് അല്ലാഹു എന്നെ ഈ ലോകത്തേക്ക് അയച്ചതിന്റെ ഉദ്ദേശ്യം. അതുകൊണ്ട് നിങ്ങൾ ഈ ലക്ഷ്യം പ്രാപിക്കുവാൻ പരിശ്രമിക്കുവിൻ. എന്നാൽ, അത് സൗമ്യതയോടും വിനയത്തോടും ഉദാത്തഭാവങ്ങളോടും പ്രാർഥനയോടുംകൂടി മാത്രമായിരിക്കണം. റൂഹുൽ ഖുദ്സ് അഥവാ, പരിശുദ്ധാത്മാവ് ലഭിച്ച് ആരെങ്കിലും എനിക്കുശേഷം എഴുന്നേൽക്കുന്നതുവരെ നിങ്ങളെല്ലാവരും സഹകരിച്ചും സംഘടിച്ചും പ്രവർത്തിക്കുവിൻ.”(അൽവസ്വിയ്യത്ത്)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**ബദ്ർ ആഴ്ചപ്പതിപ്പ് "ഖിലാഫത്ത് സ്പെഷ്യൽപ്പതിപ്പ്"**

| ❋ വിഷയങ്ങൾ | പേജ് നമ്പർ |
|---|---|
| ❋ വിഷയവിവരവും പത്രാധിപക്കുറിപ്പും | 2 |
| ❋ ഖുത്ബ ജുമുഅ 2023 ഏപ്രിൽ 14 | 3 |
| ❋ ഖിലാഫത്തിന്റെ കോട്ട<br>താരിഖ് അഹ്മദ് സാഹിബ് | 9 |
| ❋ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ(അയ്യദഹുല്ലാഹ്) ദുആ സ്വീകാര്യതയുടെ ഈമാൻ വർധക സംഭവങ്ങൾ<br>അതാഉൽ മുജീബ് ലോൺ | 12 |
| ❋ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ<br>ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് | 17 |

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മഹ്ദിമസീഹ്(അ)ന് ഹദ്റത്ത് മുഹമ്മദു നബി(സ) യോടുള്ള പ്രേമം

മുഹമ്മദിയ്യ ഉമ്മത്തിൽ അവസാന കാലത്ത് ഇമാം മഹ്ദിയും മസീഹ് മൗഊദും ഇറങ്ങുന്നതാണെന്ന് സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)ന്റെ പ്രവചനമുണ്ടായിരുന്നു: നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് താൻതന്നെയാണ് ഇക്കാലഘട്ടത്തിലെ മുജദ്ദിദും മസീഹും മഹ്ദിയുമെന്ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)വാദിച്ചു. അദ്ദേഹം 'ഉമ്മത്തിനബി' എന്നാണ് വാദിച്ചത്. തന്റേതായിട്ടൊന്നുംതന്നെയില്ല, എന്താണോ ഉള്ളത് അത് മുഹമ്മദു മുസ്തഫാ(സ)യുടേതാണെന്ന് അദ്ദേഹം പറഞ്ഞു. സ്വന്തമായി ഒന്നുമില്ലാതിരിക്കുക, സകലതും പിന്തുടരപ്പെടുന്ന നബിയുടേതായിരിക്കുക എന്നതാണ് 'ഉമ്മത്തിനബി' എന്നതിന്റെ സാരം. ഹദ്റത്ത് ഈസാ(അ)ആകാശത്തുനിന്നിറങ്ങുമ്പോൾ അദ്ദേഹം ഒരു 'ഉമ്മത്തി നബി' ആയിരിക്കുമെന്നുതന്നെയാണ് നമ്മുടെ അനഹ്മദിളായ മുസ്ലിം സഹോദരന്മാരും വിശ്വസിക്കുന്നത്. അതായത് 'ഉമ്മത്തിനബി' വരുമെന്നത് അവരും അംഗീകരിക്കുന്നു. വിശുദ്ധ ഖുർആൻ ഒരുപാട് സ്ഥലങ്ങളിൽ ഈസാ(അ) മരിച്ചു പോയിരിക്കുന്നുവെന്ന് വിളംബരം ചെയ്യുന്നു. അതുകൊണ്ട് ഏതൊരു ഈസാ വരുമെന്നാണോ പറയപ്പെട്ടിട്ടുള്ളത് അദ്ദേഹം യഥാർഥത്തിൽ ഈ ഉമ്മത്തിൽനിന്നുതന്നെ വരേണ്ടതായിരുന്നു. പക്ഷേ, അദ്ദേഹം മസീഹ് നാസ്വിരിയുടെ രീതിയിൽ വരേണ്ടിയിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ പേരു മസീഹ് എന്നു വെക്കപ്പെട്ടു. മസീഹ് മൗഊദും മഹ്ദി മഅ്ഹൂദുമായ മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ വഫാത്തിനുശേഷം 1908 മുതൽത്തന്നെ അഹ് മദിയ്യ ജമാഅത്തിൽ ഖിലാഫത്ത് സ്ഥാപിതമാണ്. ഈ ഖിലാഫത്തിനെ കുറിച്ചുള്ള വിവരം നബി(സ)തിരുമേനി ആദ്യമെതന്നെ നല്കിവെച്ചിരുന്നു. സുദീർഘമായി ഒരു ഹദീഥിൽ നബി(സ)തിരിമേനി ഇസ്ലാമിലുണ്ടാകുന്ന വിവിധ കാലഘട്ടത്തെ കുറിച്ച് പറഞ്ഞതിനുശേഷം **ഥുമ്മ തകൂനു ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തി** എന്നു പറഞ്ഞിരിക്കുന്നു. അതായത് പിന്നീട് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് ഉണ്ടായിവരുന്നതാണ്. തുടർന്ന് അവിടന്ന് നിശബ്ദനായി. കൂടുതൽ ഒരു കാലഘട്ടത്തെ കുറിച്ചും ഒന്നും പറഞ്ഞില്ല. ഇതിൽനിന്ന് സ്ഥാപിതമാകുന്നത് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഈ ഖിലാഫത്ത് അന്ത്യനാൾവരെ നിലനില്ക്കുമെന്നാണ്. അഹ്മദിയ്യ ജമാഅത്തിൽ ഈ ഖിലാഫത്ത് കഴിഞ്ഞ 115 വർഷമായി നിലനിന്നുവരുന്നു. മുസ്ലിമീങ്ങളിൽ ഖിലാഫത്ത് ഇല്ലാതായി, ഖലീഫത്തുൽമുസ്ലിമീൻ ഉണ്ടാകണമെന്നുള്ള ആഗ്രഹവുമില്ലാതായി എന്നതാണ് ഈ ഖിലാഫത്ത് സത്യമാണെന്നതിനുള്ള തെളിവ്. പക്ഷേ, യഥാർഥ ഖിലാഫത്ത് കഴിഞ്ഞ 115 വർഷമായി ഒരുവിധ അഭിപ്രായഭിന്നതയുമില്ലാതെ സ്ഥാപിതമാകുകയും നിലനില്ക്കുകയും ചെയ്യുന്നു. അതിന്റെ തേജോവിലാസത്തിൽ ദിനേന വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിനെ വിപാടനം ചെയ്യണമെന്ന് മോഹിച്ചിരുന്നവർ സ്വയം വിപാടനം ചെയ്യപ്പെട്ടു. പക്ഷേ, ഇതു വിപാടനം ചെയ്യപ്പെട്ടില്ല, ഇനി വിപാടനം ചെയ്യപ്പെടുകയുമില്ല.

അല്ലാഹു സൂറത്തുന്നൂറിൽ മുഹമ്മദിയ്യ ഉമ്മത്തിൽ ഖിലാഫത്ത് സ്ഥാപിക്കുമെന്ന് വാഗാദ്നം ചെയ്തു. അല്ലാഹു പറയുന്നു:

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِى الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۖ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِى ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا ۗ يَعْبُدُوْنَنِىْ لَا يُشْرِكُوْنَ بِىْ شَيْـًٔا ۗ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ﴿۵۶﴾

**തർജമ**: നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു, അവർക്കു മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോടു മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.(24:56)

ഇവിടെ 'മിൻകും' എന്നതുകൊണ്ട് സ്വാഹബാക്കൾ മാത്രമാണ് ഉദ്ദേശ്യമെന്ന് ആരും ധരിക്കരുത്. അവരിൽ വാഗ്ദാനമനുസരിച്ച് ഖിലാഫത്ത് സ്ഥാപിതമായി. ഇവിടെ സ്വഹാബാക്കളുടെ മധ്യസ്ഥതയിലൂടെ മുഴുവൻ മുഹമ്മദിയ ഉമ്മത്തുമാണ് സംബോധിതർ എന്നതാണ് വസ്തുത. ഉമ്മത്തെ മുഹമ്മദിയ്യായിൽ അല്ലാഹുവിന്റെ അനശ്വരമായ ഖിലാഫത്തിന്റെ വാഗ്ദാനമാണുള്ളത്. അവൻ തന്റെ വാദ്ദാനമനുസരിച്ച് ഉമ്മത്തെ മുഹമ്മദിയ്യായിൽ മുകളിൽ പറഞ്ഞു കഴിഞ്ഞതുപോലെ എന്നെന്നും നിലനില്ക്കുന്ന ഖിലാഫത്ത് സ്ഥാപിച്ചു. അൽഹംദുലില്ലാഹു അലാ ദാലിക്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'മിൻകും' എന്ന പദത്തിൽനിന്ന് സ്വഹാബാക്കളോടാണ് ഇതു പറയുന്നത് അതുകൊണ്ട് സ്വഹാബാക്കളിൽമാത്രം അതു പരിമിതമാണെന്ന് പറയുന്നത് വിചിത്രമായ ബുദ്ധിയാണ്. ഇങ്ങനെയാണ് വിശുദ്ധ ഖുർആനിന്റെ തഫ്സീറെങ്കിൽ അത് യഹൂദികളെക്കാൾ ഒരുപടി കടന്നുള്ള ചുവടു വെക്കലാണ്. 'മിൻകും' എന്ന പദം വിശുദ്ധ ഖുർആനിൽ ഏകദേശം 82 സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. രണ്ടോ മൂന്നോ സ്ഥലത്തല്ലാതെ- അവിടെ പ്രത്യേമായ ഖരീനത്തുണ്ട്- മറ്റെല്ലാ സ്ഥലങ്ങളിലും 'മിൻകും' എന്ന സംബോധനകൊണ്ട് ഖിയാമത്തുന്നാൾവരെ ജനിച്ചുകൊണ്ടിരിക്കുന്ന സകല മുസ്ലിമീങ്ങളുമാണ് ഉദ്ദേശ്യം."(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 331)

ഉമ്മത്തെ മുഹമ്മദിയ്യായിൽ ശാശ്വതമായ ഖിലാഫത്ത് നിലനില്ക്കുമെന്ന സുവാർത്ത നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരു മനുഷ്യനും അനശ്വരമായി ജീവിച്ചിരിക്കാൻ പറ്റില്ല . അതുകൊണ്ടാണ് ദൈവദൂതന്മാരുടെ അസ്തിത്വത്തെ- അവരാണെങ്കിൽ മുഴുലോകത്തിലുമുള്ള അസ്തിത്വങ്ങളെക്കാൾ ഉത്തമരും ഉന്നതരുമാണ് - ഛായാപരമായ നിലയിൽ എന്നെന്നേക്കുമായി അന്ത്യനാൾവരെ നിലനിറുത്തണമെന്ന് അവൻ തീരുമാനിക്കുകയും, ലോകം ഒരിക്കലും ഒരു കാലത്തും രിസാലത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളപ്പെടരുതെന്നുദ്ദേശ്യത്തോടെ ഈ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തത്. അതിനാൽ ആരാണോ ഖിലാഫത്തിനെ വെറും 30 വർഷംവരെ വിശ്വസിക്കുന്നത് അവർ തങ്ങളുടെ അജ്ഞതകൊണ്ട് ഖിലാഫത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യത്തെ വിസ്മരിച്ചു കളയുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം മൂന്നുവർഷംവരെ മാത്രം പ്രവാചകത്വത്തിന്റെ ബർക്കത്തുകളെ ഖലീഫമാരുടെ വസ്ത്രങ്ങളിൽ നിലനിറുത്തേണ്ടത് നിർബന്ധമാണെന്നും പിന്നീട് ലോകം നശിക്കുന്നെങ്കിൽ നശിച്ചോട്ടെ അതിലൊരു പ്രശ്നവുമില്ല എന്നതായിരുന്നില്ല അല്ലാഹുവിന്റെ തീരുമാനമെന്നും അവരറിയുന്നില്ല."(ശഹാദത്തുൽ ഖുർആൻ, റൂഹാനീസാഇൻ വാള്യം 6, പേജ് 353)

മുകളിൽ പറഞ്ഞുകഴിഞ്ഞതുപോലെ അഹ്മദിയ്യാ ജമാഅത്തിൽ 115 വർഷമായി ഖിലാഫത്ത് നിലനില്ക്കുന്നു. ഇതാണ് ആ ഖിലാഫത്ത്. ഇതാണ് ആ ജമാഅത്ത്. ഇതുമായി ബന്ധംസ്ഥാപിക്കണമെന്ന് നബി(സ)തിരുമേനി താക്കീതു ചെയ്തു പറഞ്ഞു. ഇതിനു വെളിയിൽ കഴിയുകയെന്നത് ജഹാലത്തിന്റെ മരണമാണ്. നബി(സ)തിരുമേനി മുസിലിമീങ്ങളോടു ഒരു ജമാഅത്തുമായി ചേർന്ന് ജീവിക്കണമെന്ന് ഉപദേശിച്ചിട്ടുള്ള ഒരു ഹദീഥിൽ മുസ്ലിമീങ്ങൾ ചിന്തിക്കേണ്ട നിമിഷമാണ്. ജമാഅത്ത് എന്ന് പറയാൻ അർഹമായിട്ട് ഇന്നു ലോകത്തിന്റെ സ്ക്രീനിൽ ഒരേയൊരു ജമാഅത്തു മാത്രമെയുള്ള, അത് അഹ്മദിയ്യ ജമാഅത്താണ്. അതുകൊണ്ട് മുസ്ലിമീങ്ങൾ ഈ ജമാഅത്തൽ ചേരേണ്ടതാണ്. കൂട്ടംതെറ്റിപ്പോകുകയും നോക്കാൻ ആരും ഇല്ലാതിരിക്കുകയും എപ്പോഴും അപകടത്തിന്റെ കരിനിഴലിലിരിക്കുകയും ചെയ്യുന്ന ചെന്നായെ പോലെ ജീവിക്കാൻ പാടില്ല. അത്തരം ചില ഹദീഥുകൾ താഴെ പ്രതിപാദിക്കുകയാണ്. ഇവയിൽ നബി(സ) തിരുമേനി ജമാഅത്തുമായ ചേർന്നിരിക്കേണ്ടത് വളരെ നിർബന്ധമാണെന്ന് പറയുന്നു.

- عَنِ ابْنِ عُمَرَ رَضِيَ اللّٰهُ عَنْهُمَا قَالَ: سَمِعْتُ رَسُوْلَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ يَقُوْلُ: مَنْ خَلَعَ يَدًا مِنْ طَاعَةٍ لَقِيَ اللّٰهَ يَوْمَ الْقِيَامَةِ وَلَا حُجَّةَ لَهُ ، وَمَنْ مَاتَ وَلَيْسَ فِيْ عُنُقِهِ بَيْعَةٌ مَاتَ مِيْتَةً جَاهِلِيَّةً ، وَفِيْ رِوَايَةٍ : مَنْ مَاتَ وَهُوَ مُفَارِقٌ لِلْجَمَاعَةِ فَإِنَّهُ يَمُوْتُ مِيْتَةً جَاهِلِيَّةً۔ (مسلم كتاب الْإِمَارَةِ بَابُ الْأَمْرِ بِلُزُوْمِ الْجَمَاعَةِ عِنْدَ ظُهُوْرِ الْفِتَنِ، بحواله

ഹദ്റത്ത് ഇബ്നു ഉമർ(റ.മാ) പറയുന്നു. ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു. ആരാണോ അല്ലാഹുവിന്റെ അനുസരണത്തിൽനിന്ന് തന്റെ കൈവലിച്ചത് അവൻ(ഖിയാമത്തുന്നാൾ) അല്ലാഹുവുമായി കണ്ടുമുട്ടുന്നത് ഒരു തെളിവോ ഒഴികഴിവോ ഇല്ലാത്ത അവസ്ഥയിലായിരിക്കും. കാലത്തിന്റെ ഇമാമിന് ബയ്അത്തു ചെയ്യാത്തവൻ ജാഹിലിയ്യത്തിന്റേയും വഴികേടിന്റേയും മരണം വരിച്ചു. ഒരു നിവേദനത്തിലുണ്ട് ജമാഅത്തിൽനിന്ന് അകന്നിരിക്കുന്ന അവസ്ഥയിൽ മരിക്കുന്നനും. കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്യാതിരിക്കുക എന്നതും അകന്നിരിക്കുക എന്നതും യഥാർഥത്തിൽ ഒരേ കാര്യം തന്നെയാണ്.(മുസ്ലിം കിതാബുൽഇമാറത്തി ബാബുൽ

**(ശേഷം പേജ് 16ൽ)**

## ഖുത്ബ ജുമുഅ

**ഓർമിക്കുക! "ലാ ഇലാഹ ഇല്ലാഹ് ഹൃദയത്തിലും മനസ്സിലും പ്രഹിക്കാത്തിടത്തോളം മനുഷ്യന്റെ ഓരോ അണുവിലും ഇസ്‌ലാമിന്റെ വെളിച്ചവും ആധിപത്യവും ഉണ്ടാകാത്തിടത്തോളം ഒരിക്കലും അഭിവൃദ്ധി ഉണ്ടാകുകയില്ല." (ഹദ്റത്ത് മസീഹ് മൗഊദ്(അ))**

പുനരുത്ഥാന ദിവസം എന്റെ ശിപാർശ മുഖേന ഏറ്റവും സൗഭാഗ്യം സിദ്ധിക്കുന്നവൻ **ലാ ഇലാഹ ഇല്ലാഹ്** അതായത് അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് നിഷ്കളങ്കമായി പറഞ്ഞവനാണ്(ഹദീഥ്)

ഇക്കാലഘട്ടത്തിലെ ഇമാമിനേയും നബി(സ)തിരുമേനിയുടെ സത്യവാനായ സേവകനേയും വിശ്വസിക്കാൻ അല്ലാഹു തൗഫീഖ് നല്കിയ നമ്മൾ ഭാഗ്യവാന്മാരാണ്. അദ്ദേഹം ഇസ്‌ലാമിക കൽപനകളെ തുറന്ന നിലയിൽ അതിന്റെ ആഴത്തിലും യുക്തിയോടുകൂടി നമ്മളോടു പറഞ്ഞു. ലാ ഇലാഹ ഇല്ലല്ലായുടെ ആഴത്തെ സംബന്ധിച്ച് നമുക്കു പറഞ്ഞു തന്നതോടൊപ്പം മുഹമ്മദു റസൂലുല്ലായുടെ പദവിയെ സംബന്ധിച്ചും നമുക്കു പറഞ്ഞു തന്നു.

"മനുഷ്യനുണ്ടായ കാലംമുതൽ അവൻ ഇല്ലാതാകുന്നതുവരെ അല്ലാഹു തൗഹീദിനെ എപ്പോഴും പിന്തുണച്ചുവരുന്നു എന്നത് അവന്റെ പ്രകൃതി നിയമമാണ്." **(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

മക്ക വിജയാവസരത്തിൽ ആയിരക്കണക്കിന് ബിംബാരാധകർ **ലാ ഇലാഹ ഇല്ലല്ലാ**യുടെ ശ്രേഷ്ഠത കണ്ടു.

**"മാറ്റമില്ലാത്ത ഒരു കാര്യമുണ്ട്, അത് ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്നതാണ്. ബാക്കിയുള്ളതെല്ലാം അതിന്റെ സമ്പൂർണതകളാണ്."(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

**"കലിമ എന്നതിന്റെ അർഥം, തന്റെ ആരാധ്യനും തന്റെ പ്രിയപ്പെട്ടവനും തന്റെ ലക്ഷ്യവും അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്ന് മനുഷ്യൻ നാവുകൊണ്ടു പറയുകയും മനസ്സുകൊണ്ടു സാക്ഷ്യപ്പെടുത്തുകയും ചെയ്യുക എന്നതാണ്."(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

"ആരാണോ തന്റെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്നത് അല്ലെങ്കിൽ വഞ്ചിക്കുന്നത് അല്ലെങ്കിൽ മറ്റു തരത്തിലുള്ള തിന്മകളിൽനിന്ന് പിന്മാറാത്തത് അവൻ തൗഹീദിൽ വിശ്വസിക്കുന്നവനാണെന്ന് എനിക്ക് വിശ്വാസമില്ല. കാരണം ഇതെങ്ങനെയുള്ള നിഅ്മത്താണെന്നാൽ അതു പ്രാപിക്കുന്നതോടെ മനുഷ്യനിൽ അസാധാരണമായ സ്വഭാവമാറ്റമുണ്ടാകുന്നു."**(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

"ഉള്ളിലുള്ള ബിംബങ്ങളായ അഹങ്കാരം, സ്വാർഥത, പ്രദർശനപരത, പക, ശത്രുത, അസൂയ, പിശുക്ക്, കാപട്യം, കരാർലംഘനം, തുടങ്ങിയവ അകലുമ്പോഴാണ് മാറ്റമുണ്ടാകുന്നതും യഥാർഥ ഏദൈവവിശ്വാസിയാകുന്നതും. ഈ ബിംബം ഉള്ളിലിരിക്കുവോളം **ലാഇലാഹ ഇല്ലല്ലാഹ്** പറയുന്നതിൽ എങ്ങനെ സത്യവാനാകും."**(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

നമ്മുടേതായതെല്ലാം, എല്ലാം വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകുമ്പോഴും അതനുസരിച്ച് കർമങ്ങൾ ചെയ്യുമ്പോഴുമാണ് യഥാർഥത്തിൽ ലയ്ലത്തുൽഖദ്ർ ലഭിക്കുന്നത്. പിന്നീട് അതിനെ സ്ഥായിയായി ജീവിതത്തിന്റെ ഭാഗമാക്കിമാറ്റുക. ലയ്ലത്തുൽ ഖദ്ർ പ്രാപിക്കുന്നതിനുള്ള യഥാർഥമായ അടയാളമിതാണ്.......നമ്മുടെ മനസ്സുകളിലുണ്ടായിട്ടുള്ള മാറ്റമാണ് യഥാർഥ അടയാളം.

നമ്മൾ നമ്മുടെ മനസ്സുകളിൽ യഥാർഥ മാറ്റമുണ്ടാക്കുകയും ലാ ഇലാഹ ഇല്ലല്ലായുടെ യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് ആരാധ്യനും ഉദിഷ്ടസ്ഥാനവും അല്ലാഹുവിനെ മാത്രമാക്കി തീർക്കുകയും ദുൻയാവിനെക്കാളധികം അല്ലാഹുവിനോടുള്ള സ്നേഹവും അവനെ പ്രാപിക്കലും ഉദ്ദേശ്യവുമാണെങ്കിൽ ഈ മാറ്റം വേഗത്തിൽ വാരാവുന്നതാണ്. ഈ അവസാനത്തെ പത്തിൽനിന്ന് പൂർണമായ ഫലമെടുക്കുന്നതിനും യഥാർഥമായ നിലയിൽ ലയ്ലത്തുൽഖദ്ർ പ്രാപിക്കുന്നതിനും ല ഇലാഹ ഇല്ലല്ലാഹ് എന്ന കലിമയെ നമ്മുടെ മനസ്സിന്റേയും ബുദ്ധിയുടേയും ശബ്ദമാക്കേണ്ടതായി വരും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതപോലെ നമ്മുടെ എല്ലാ കർമങ്ങളിലും നടപ്പിൽവരുത്തേണ്ടിവരും.

**ഈ ദിനങ്ങളിൽ ലോകത്തിന്റെ പൊതുവായ സമാധാനത്തിനും പ്രബലതക്കുംവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു മനുഷ്യത്വത്തിനുമേൽ കരുണയും കൃപയും ചൊരിയുമാറാകട്ടെ.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാന ഭരിതമായ നിർദേശങ്ങളുടെ വെളിച്ചത്തിൽ പരിശുദ്ധ കലിമയിൽ രേഖപ്പെട്ടിട്ടുള്ള തൗഹീദിന്റെ ശ്രേഷ്ഠതകളും നബി(സ)തിരുമേനിയുടെ അതിശ്രേഷ്ടമായ പ്രവാചകത്വത്തിന്റെ വിവരണവും.**

**ഖുത്ബ ജുമുഅ 2023 ഏപ്രിൽ 14/1402 ശഹാദത്ത് 14**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - اَلرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

തൗഹീദിന്റെ അടിത്തറയാണ് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന വാക്യം.

നബി(സ)തിരുമേനി പറഞ്ഞു: "അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് **ലാഇലാഹ ഇല്ലല്ലാഹ്** എന്ന് വല്ലവനും പ്രഖ്യാപിച്ചുകഴിഞ്ഞാൽ അവന് അല്ലാഹു നരകം നിഷിദ്ധമാക്കും."(സ്വഹീഹുൽബുഖാരി, കിതാബുസ്സ്വലാത്ത്, ബാബു അൽമസാജിദു ഫിൽബുയൂത്തി......ഹദീഥ് 425)

അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് അവന്റെ ശ്രദ്ധ ആഗ്രഹിച്ചുകൊണ്ട്, അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് തന്റെ ശ്രദ്ധ അല്ലാഹുവിലേക്കുമാത്രം തിരിച്ചുകൊണ്ട് മനുഷ്യൻ **ലാഇലാഹ ഇല്ലല്ലാഹ്** എന്നു പറയുമ്പോൾ അവൻ അല്ലാഹുവിന്റെ കൃപകൾക്ക് അനന്തരാവകാശിയായിത്തീരുന്നു. നബി(സ)തിരുമേനി പറഞ്ഞതുപോലെ അല്ലാഹു അവന്റെമേൽ നരകം നിഷിദ്ധമാക്കി.(സ്വഹീഹുൽബുഖാരി, കിതാബുർരിഖാഖ്, ......ഹദീഥ് 6423)

ഒരു സ്ഥലത്ത് പറഞ്ഞു: "അല്ലാഹു നരകത്തിന്റെ അഗ്നി അവന് നിഷിദ്ധമാക്കുന്നതായിരിക്കും. ഈ അധ്യാപനമാണ് എല്ലാ നബിമാരും കൊണ്ടുവന്നത്. നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു:"ഞാനും എനിക്കു മുമ്പേയുള്ള നബിമാരും പറഞ്ഞ അതിശ്രേഷ്ഠമായ കലിമ *ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക്കലഹൂ* എന്നതാണ്."(മുഅത്വാ ഇമാം മാലിക്, കിതാബുസ്സ്വലാത്ത്, ബാബു മാ ജാഅ ഫിദ്ദുആയി, ഹദീഥ് 501, വാള്യം 1, പേജ് 536, പ്രസാധനം മക്തബത്തുൽ ബുശ്റാ കറാച്ചി)

എല്ലാ നബിമാരുടേയും അധ്യാപനം ഇതുതന്നെയാണ്. പക്ഷേ, ദൗർഭാഗ്യമെന്നു പറയട്ടെ, ഈ അധ്യാപനങ്ങൾ നല്കിയ ഇതേ നബിമാരുടെ സമുദായങ്ങൾ ഈ അധ്യാപനത്തെ നേരിട്ടോ അല്ലാതെയോ വിസ്മരിച്ചുകൊണ്ട് ശിർക്കിനുള്ള വഴിയാക്കിമാറ്റി. നമ്മൾ സൗഭാഗ്യവാന്മാരാണ്. നമ്മെ നബി(സ)തിരുമേനിയുടെ ഉമ്മത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ശിർക്കിനെ പൂർണമായും ഉന്മൂലനം ചെയ്ത് തികവുറ്റ അധ്യാപനം നല്കി. നബി(സ)തിരുമേനി തൗഹീദിന്റെ യഥാർഥ പാഠം നല്കിക്കൊണ്ട് നമ്മുടെ ഇഹപരലോകങ്ങൾ സുകൃതമാക്കാനുള്ള വഴിയൊരുക്കുകയാണ് ചെയ്തത്. ഇനി നബി(സ)തിരുമേനിയുടെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരും അല്ലാഹുവിന്റെ ഏകത്വം ആത്മാർഥമായി പ്രഖ്യാപിക്കുന്നവരും മാത്രമാണ് ദൈവികാനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നത്. അവർ നബി(സ)തിരുമേനിയുടെ ശഫാഅത്തിലും അഥവാ ശിപാർശയിലും ഉൾപ്പെടുന്നതായിരിക്കും. അവരെ സംബന്ധിച്ച് ഒരു നിവേദനത്തിൽ പറയുന്നു: "പുനരുത്ഥാന ദിവസം എന്റെ ശിപാർശ മുഖേന ഏറ്റവും സൗഭാഗ്യം സിദ്ധിക്കുന്നവൻ **ലാ ഇലാഹ ഇല്ലാ**

ഹ് അതായത് അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് നിഷ്കളങ്കമായി പറഞ്ഞവനാണ്."(സ്വഹീഹുൽ ബുഖാരി, കിതാബുൽഇൽമ്, ഹദീഥ് 99)

അതിനാൽ നബി(സ)തിരുമേനിയുടെ ശഫാഅത്ത് ലഭിക്കാൻ ഹൃദയാത്മന **ലാ ഇലാഹ ഇല്ലാഹ്** എന്ന് പ്രഖ്യാപിക്കേണ്ടതാണ്. അതിൽ ഭൗതികതയുടെ കലർപ്പുണ്ടാകരുത്. അത്തരം വ്യക്തി നബി(സ)തിരുമേനിയുടെ ശഫാഅത്തിൽനിന്ന് പങ്കു പറ്റുന്നതാണ്. നബി(സ)തിരുമേനി അല്ലാഹു ശഫാഅത്ത് അഥവാ ശിപാർശ ചെയ്യാൻഅനുവാദംനല്കിയ അവസാനത്തെ,സമ്പൂർണ പ്രവാചകനാകുന്നു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് നബി(സ)തിരുമേനിയിൽ വിശ്വസിക്കേണ്ടതും നിർബന്ധമാകുന്നു. നബി(സ) തിരുമേനി തന്റെ ഈ പദവിയെ കുറിച്ച് ഇപ്രകാരം പറയുന്നു: വല്ലവനും അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സത്യസന്ധമായ മനസ്സോടെ സാക്ഷ്യം വഹിച്ചാൽ അവന് നരകം നിഷിദ്ധമാക്കപ്പെടും." (സ്വഹീഹുൽബുഖാരി കിതാബുൽ ഇൽമ് ഹദീഥ് 128).

ഒരു സ്ഥലത്ത് **ലാ ഇലാഹ ഇല്ലാഹ്** എന്നു മാത്രം പറഞ്ഞിട്ടുണ്ട്. മറ്റൊരു സ്ഥലത്ത് മുഹമ്മദുർറസൂലുല്ലാഹ് എന്ന് ചേർത്തും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് തൗഹീദിന്റെ പ്രഖ്യാപനവും വിളംബരവും നബി(സ)തിരുമേനി അല്ലാഹുവിന്റെ അവസാനത്തേതും സമ്പൂർണവുമായ നബിയാണെന്ന് പ്രഖ്യാപിക്കാതെ സാധ്യമല്ല. നബി(സ) തിരുമേനി മാത്രമാണ് തന്റെ ഉമ്മത്തിൽ അന്യാരാധന പൂർണമായും ഇല്ലാതാക്കിയതായി വിളംബരം ചെയ്തത്! അല്ലാഹുവും അവന്റെ റസൂലും അൽപംപോലും ശിർക്ക് പ്രകടിപ്പിക്കുന്നവരിൽനിന്ന് പൂർമണമായും അകന്നിരിക്കുന്നുവെന്ന് വിളംബരപ്പെടുത്തിയിരിക്കുന്നു. പക്ഷേ, ഇങ്ങനെയൊക്കെയായിട്ടും മുസ്‌ലിമീങ്ങളിലും ഇത്തരം ഗോപ്യമായ ശിർക്കിന് വിധേയരായ ആളുകൾ ഉണ്ടായിട്ടുണ്ട്. അത് അല്ലാഹുവും അവന്റെ റസൂലും ശക്തമായി വിരോധിച്ചതാണ്.

ഇക്കാലഘട്ടത്തിലെ ഇമാമിനേയും നബി(സ) തിരുമേനിയുടെ സത്യവാനായ സേവകനേയും വിശ്വസിക്കാൻ അല്ലാഹു തൗഫീഖ് നല്കിയ നമ്മൾ ഭാഗ്യവാന്മാരാണ്. അദ്ദേഹം ഇസ്‌ലാമിക കൽപനകളെ തുറന്ന നിലയിൽ അതിന്റെ ആഴത്തിലും യുക്തിയോടുംകൂടി നമ്മളോടു പറഞ്ഞു. **ലാ ഇലാഹ ഇല്ലല്ലാ** യുടെ ആഴത്തെ സംബന്ധിച്ച് നമുക്കു പറഞ്ഞു തന്നതോടൊപ്പം മുഹമ്മദു റസൂലുല്ലായുടെ പദവിയെ സംബന്ധിച്ചും നമുക്കു പറഞ്ഞു തന്നു.

ഇപ്പോൾ ഞാൻ ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ സമർപിക്കുന്നതാണ്. അവ ഈ വിഷയത്തിൽ വളരെ ഭംഗിയായി വെളിച്ചം വീശുന്നുണ്ട്. അവ നമ്മളേയും ഈ വിഷയത്തിന്റെ ആഴം മനസ്സിലാക്കിക്കൊണ്ട് എങ്ങനെയാണ് തങ്ങളെ അവലോകനം ചെയ്യേണ്ടതെന്നതിലേക്ക് നമ്മുടെ ശ്രദ്ധക്ഷണിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "താൻ *'അൽയൗമ അക്മൽത്തു'*(5:4) എന്നു പറഞ്ഞതിനെ അല്ലാഹു സ്വയം വിശദീകരിച്ചുതന്നിരിക്കുന്നു. ഇതിൽ മൂന്നു അടയാളങ്ങളുണ്ടാകേണ്ടത് അനിവാര്യമാണ്. അവിടന്ന് അടയാളങ്ങൾ വിവരിക്കുകയായിരുന്നു. അതിൽ ആദ്യത്തേത് *അസ്‌ലുഹാ ഥാബിത്തുൻ* അതിന്റെ വേരുകൾ ശക്തമായി ഉറച്ചുനില്ക്കുന്നു എന്നതാണ്. രണ്ടാമത്തേത് ലക്ഷണം *ഫർഉഹാ ഫിസ്സമാഇ*(14:25) അതിന്റെ ശാഖകൾ ആകാശത്തിന്റെ ഉന്നതങ്ങളിലെത്തിയിരിക്കുന്നു എന്നതാണ്. മൂന്നാമത്തെ ലക്ഷണം *തുഅ്തീ ഉകുലഹാ കുല്ല ഹീനിൻ*(14:26). നാലാമത്തെ ലക്ഷണം എല്ലാ കാലത്തും പുതുപുത്തൻ ഫലങ്ങൾ നല്കുന്നു എന്നതാണ്. ഇസ്‌ലാം മതം മാത്രമാണ് ഈ മാനദണ്ഡത്തിൽ പൂർണമായുമുള്ളത്.

എന്തായാലും *അസ്‌ലുഹാ ഥാബിത്തുൻ* എന്നതിനെ അതായത് അതിന്റെ വേരുകൾ ശക്തമായി ഉറച്ചുനില്ക്കുന്നു എന്ന ആദ്യത്തെ അടയാളത്തെ വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "ഈമാനിന്റെ അടിത്തറയാണ് ആദ്യത്തെ അടയാളം. അതുകൊണ്ടുദ്ദേശിക്കുന്നത് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന കലിമയാണ്. അതായത് *അസ്‌ലുഹാ ഥാബിത്തുൻ* എന്നതിനെ സ്ഥാപിക്കണമെങ്കിൽ അതിന്റെ ആദ്യത്തെ ലക്ഷണം **ലാ ഇലാഹ ഇല്ലല്ലാഹ്** ആണ്. പറഞ്ഞു, വിശുദ്ധ ഖുർആൻ ഇതിനെ എത്രമാത്രം വിശദമായി പറഞ്ഞുതന്നിട്ടുണ്ടെന്നാൽ ഞാൻ അതിന്റെ സകല തെളിവുകളും എഴുതുകയാണെങ്കിൽ ഏതാനും വാല്യങ്ങളിൽ അത് പൂർത്തിയാകുകയില്ല. ഗ്രന്ഥങ്ങൾത്തന്നെ എഴുതേണ്ടിവരും. എങ്കിലും ഉദാഹരണമെന്ന നിലയ്ക്ക് അല്പം എഴുതാം. രണ്ടാമത്തെ ജുസുവിൽ, സൂറ ബഖറയിൽ പറയുന്നു:

السَّمٰوٰتِ وَ الْاَرْضِ وَ اخْتِلَافِ الَّيْلِ وَ النَّهَارِ وَ الْفُلْكِ الَّتِىْ تَجْرِىْ فِى الْبَحْرِ بِمَا يَنْفَعُ النَّاسَ وَ مَآ
اَنْزَلَ اللّٰهُ مِنَ السَّمَآءِ مِنْ مَّآءٍ فَاَحْيَا بِهِ الْاَرْضَ بَعْدَ مَوْتِهَا وَ بَثَّ فِيْهَا مِنْ كُلِّ دَآبَّةٍ وَّ تَصْرِيْفِ
الرِّيٰحِ وَالسَّحَابِ الْمُسَخَّرِ بَيْنَ السَّمَآءِ وَ الْاَرْضِ لَاٰيٰتٍ لِّقَوْمٍ يَّعْقِلُوْنَ (البقرة:165)

ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറി വരുന്നതിലും മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുക്കളുംകൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും, മേഘങ്ങളിൽനിന്ന് അല്ലാഹു വെള്ളമിറക്കി ഭൂമിയെ അതു നിർജീവമായി കിടന്നശേഷം സജീവമാക്കുകയും അതിൽ എല്ലാത്തരം ജീവജാലങ്ങളേയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പല ദൃഷ്ടാന്തങ്ങളുമുണ്ട്.(2:165)

ഇതെല്ലാം അല്ലാഹുവിന്റെ അസ്തിത്വത്തിനും അവന്റെ തൗഹീദിനും അവന്റെ ഇൽഹാമിനും അവന്റെ മുദ്ബിർ ബിൽഇറാദ അവൻ യുക്തിഭദ്രമായി സംവിധാനം ചെയ്യുന്നതിലുമുള്ള അടയാളങ്ങളാകുന്നു. അല്ലാഹു തന്റെ വിശ്വാസത്തിന്റെ തത്ത്വങ്ങളിൽ എങ്ങനെയാണ് പ്രപഞ്ചനിയമങ്ങൾ മുഖേന തെളിവു നല്കുന്നതെന്ന് നോക്കുക. ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിനെ പ്രപഞ്ചനിയമത്തിന്റെ തെളിവുകൊണ്ട് സ്ഥാപിക്കുന്നു. അതായത് ആകാശഭൂമികളിൽ കാണപ്പെടുന്ന തന്റെ സൃഷ്ടിപ്പുകൾ കാണുമ്പോൾ ഈ ആയത്തിന്റെ ഉദ്ദേശ്യം വളരെ വ്യക്തമായി മനസ്സിലാകുന്നതാണ്. ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് അനാദികാലം മുതൽ ഉള്ളവനും സമ്പൂർണനും ഏകനും പങ്കുകാരനില്ലാത്തവനും തന്റെ ഇച്ഛയനുസരിച്ച് സംവിധാനം ചെയ്യുന്നവനും തന്റെ പ്രവാചകന്മാരെ അയക്കുന്നവനുമാകുന്നു. കാരണമെന്തെന്നാൽ, അല്ലാഹുവിന്റെ ഈ എല്ലാ സൃഷ്ടിയും പ്രപഞ്ച സംവിധാനത്തിന്റെ ഈ ശൃംഖലയും നമുക്ക് മുന്നിലുണ്ട്. അതു വ്യക്തമായും പറയുന്നു: ഈ ലോകം സ്വയംഭു അല്ല. പ്രത്യുത ഇതിനൊരു സ്രഷ്ടാവ്, നിർമാതാവുണ്ട്. അവൻ റഹ്മാൻ(പരമാരുണികൻ)റഹീം(സോപാധികമായി കരുണ ചെയ്യുന്നവൻ) ഖാദിറെ മുത്‌ലഖ് (എന്തും ചെയ്യാൻ കഴിവുള്ളവൻ), പങ്കുകാരനില്ലാത്തവൻ, ആദ്യൻ സ്ഥായിയായവൻ, താനുദ്ദേശിക്കുന്നത് ചെയ്യുന്നവൻ എന്നീ ഗുണങ്ങളും എല്ലാ സമ്പൂർണഗുണങ്ങളുടേയും കേദാരവും വെളിപാട് ഇറക്കുന്നവനും ആകേണ്ടത് നിർബന്ധമാണ്.

ചുരുക്കത്തിൽ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നത് ഒരു ആരാധ്യൻ എന്ന ചിന്ത മാത്രമല്ല മനസ്സിലുണ്ടാക്കുന്നത്. പ്രത്യുത നമ്മുടെ ദൈവം ഏകദൈവമാണെന്നും അനാദി കാലംമുതൽ ഇന്നുവരെ ശാശ്വതമായി നില്ക്കുന്നവനും സകല സൃഷ്ടികളുടേയും സ്രഷ്ടാവുമാണെന്നും അവന്റെ കൽപനകൊണ്ടുമാത്രമാണ് ഈ പ്രപഞ്ചസംവിധാനം മുഴുവൻ നടന്നുകൊണ്ടിരിക്കുന്നതെന്നും എല്ലാ ആവശ്യങ്ങൾക്കും നമ്മൾ അവന്റെ സന്നിധിയിൽ കുനിയണമെന്നും ഹൃദയത്തിൽ രൂഢമൂലമാകുന്നു. അഥവാ അങ്ങനെ ആക്കേണ്ടതാണ്. ഇതാണ് വിശ്വാസത്തിന്റെ അവസ്ഥയെങ്കിൽ പരിപക്വമായ വിശ്വാസമായിരിക്കും. അതിൽ അന്യാരാധനയുടെ കലർപ്പുണ്ടാകുകയില്ല. ഈ വിശ്വാസത്തെ സംബന്ധിച്ച് നബി(സ)തിരുമേനി പറയുന്നു: ആത്മാർഥമായി **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിൽ വിശ്വസിക്കുന്നവർക്കുമേൽ നരകാഗ്നി നിഷിദ്ധ മാക്കപ്പെട്ടിരിക്കുന്നു."

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സഹായം തേടുക എന്നതിനെ സംബന്ധിച്ച് ഓർക്കേണ്ട ഒരു കാര്യം ഓർക്കേണ്ടതെന്തെന്നാൽ സഹായം അഭ്യർഥിക്കപ്പെടാനുള്ള അവകാശം അല്ലാഹുവിനു മാത്രമാകുന്നു. സഹായം അഭ്യർഥിക്കപ്പെടുന്നവൻ സഹായം വല്ലതും നല്കുന്നവൻ അല്ലാഹു മാത്രമാകുന്നു. അതിനുള്ള അവകാശം അവനുള്ളതാണ്. അല്ലാഹുവിന്റെ അസ്തിത്വത്തോടു മാത്രമെ സഹായം തേടാൻ പാടുള്ളു. മറ്റാർക്കും അതിനുള്ള അവകാശമില്ല. അതുപോലെ അതിലൊന്നിലും ഒരു കഴിവുമില്ല. ഇതിലേക്കാണ് വിശുദ്ധ ഖുർആൻ ശക്തി ചെലുത്തുന്നത്." അദ്ദേഹം പറയുന്നു: *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഅയീൻ* ആദ്യം ദൈവഗുണങ്ങളായ റബ്ബ്, റഹ്മാൻ, റഹീം, മാലികിയൗമിദ്ദീൻ എന്നിവയെ പ്രകടമാക്കി. അതിനുശേഷം *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഅയീൻ* അതായത് ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുകയും നിന്നോടു മാത്രം സഹായം തേടുകയും ചെയ്യുന്നുവെന്ന് പഠിപ്പിച്ചിരിക്കുന്നു. ഇബാദത്ത് ചെയ്യാനുള്ള സഹായവും നിന്നോടുതന്നെ ചോദിക്കുന്നു. നിന്റെ സഹായമില്ലാതെ ഞങ്ങളുടെ ആരാധനകളും സാധ്യമല്ല. ഇതിൽനിന്ന് മനസ്സിലാകുന്നത് യഥാർഥത്തിൽ സഹായം ചെയ്യാനുള്ള അർഹതയും അല്ലാഹുവിന് തന്നെയാണുള്ളത്. ഏതെങ്കിലും മനുഷ്യനോ മൃഗത്തിനോ ജീവജാലങ്ങൾക്കോ സൃഷ്ടിക്കോ ആർക്കും ആകാശഭൂമികളിൽ ഈ അവകാശമില്ല. എന്നാൽ, മറ്റൊരു തരത്തിൽ പ്രതിച്ഛായയെന്നോണം ഈ അധികാരം ദൈവികരായ ആളുകൾക്കും ദൈവിക യോദ്ധാക്കൾക്കും നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റ കല്പനയാൽ അവരുടെ പ്രാർഥനകൾ മുഖേന സഹായം ലഭിക്കുന്നതാണ്. നമ്മൾ ഇക്കാര്യം സ്വന്തമായി ഉണ്ടാക്കരുത്. പ്രത്യുത അല്ലാഹുവിന്റെ അരുളപ്പാടിനും നബി(സ)തിരുമേനിയുടെ അരുളപ്പാടുകൾക്കും ഉള്ളിൽത്തന്നെ നിൽക്കേണ്ടതാണ്. അതിന്റെ പേര് *സിറാതെ മുസ്തഖീം* എന്നാകുന്നു. ഈ കാര്യം **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** എന്നതിൽനിന്ന് നല്ലപോലെ മനസ്സിലാക്കാൻ കഴിയും. മനുഷ്യന്റെ പ്രേമഭാജനവും ആരാധ്യനും അല്ലാഹുതന്നെ ആകേണ്ടതാണെന്ന് ഇതിന്റെ ആദ്യഭാഗത്തുനിന്ന് വ്യക്തമാകുന്നു. രണ്ടാമത്തെ ഭാഗത്ത് മുഹമ്മദിയ്യ(സ) നുബുവ്വത്തിന്റെ യാഥാർഥ പ്രകടനമാകുന്നു."(മൽഫൂദാത്ത് വാല്യം 2, പേജ് 53-54, 1984 പതിപ്പ്)

വീണ്ടും പറയുന്നു: "മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുമുതൽ ഇനി അവൻ ഇല്ലായ്മ ചെയ്യപ്പെടുന്നതുവരേയും ദൈവത്തിന്റെ പ്രപഞ്ചനിയമം അവൻ എപ്പോഴും തൗഹീദിനെ സഹായിക്കുന്നു എന്നുള്ളതാണ്. അവൻ അയച്ച പ്രവാചകന്മാരുടെ ആഗമനം മനുഷ്യരേയും ഇതര സൃഷ്ടികളേയും ആരാധിക്കുന്നതിൽനിന്നകറ്റി ലോകത്ത് ദൈവാരാധന സ്ഥാപിക്കുക എന്നതാകുന്നു. **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന വിഷയം ആകാശ

ത്തിലെന്നപോലെ ഭൂമിയിലും പ്രകാശിതമാകുക എന്നതാണ് അവരുടെ സേവനം. ആകയാൽ ഇവരിൽ ഏറ്റവും ഉന്നതൻ ഇക്കാര്യത്തെ ഏറ്റവും നന്നായി പ്രകാശിപ്പിച്ചവൻ ആകുന്നു. അല്ലാഹു ആദ്യം പൊയ്ദൈവങ്ങളുടെ ദൗർബല്യം വെളിപ്പെടുത്തി. അതായത് വ്യാജ ദൈവങ്ങളുടെ നിസ്സഹായത തെളിയിച്ചു. വിജ്ഞാനവും കഴിവും മുഖേന അവ വ്യർഥമാണെന്ന് സ്ഥാപിച്ചു. എല്ലാ കാര്യവും സ്ഥാപിച്ചപ്പോൾ ആ പ്രകടമായ വിജയത്തിന് എന്നെന്നേക്കുമായി **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** എന്ന അനുഗൃഹീത കലിമ പഠിപ്പിച്ചു."(മസീഹ് ഹിന്ദുസ്താൻമെ, റൂഹാനീ ഖസാഇൻ വാല്യം 15, പേജ് 65)

മക്കവിജയത്തിന്റെ അവസരത്തിൽ ആയിരക്കണക്കിന് ബിംബാരാധകർ **ലാ ഇലാഹ ഇല്ലല്ലാ**യുടെ ശ്രേഷ്ഠത കണ്ടു.

അബൂസുഫ്‌യാനോടു നബി(സ)തിരുമേനി ചോദിച്ചു, താങ്കളിൽ ഇപ്പോഴും **ലാ ഇലാഹ ഇല്ലല്ലാ**യുടെ യാഥാർഥ്യം തെളിഞ്ഞില്ലേ? അയാൾ മറുപടി നല്കി, "ഞാൻ തികച്ചും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹു അല്ലാതെ മറ്റേതങ്കിലും ആരാധ്യനുണ്ടായിരുന്നെങ്കിൽ ഞങ്ങളെ അല്പമെങ്കിലും സഹായിക്കുമായിരുന്നു. ഞങ്ങൾ ആരാധിക്കാൻ വെച്ചിട്ടുള്ള ഈ 360 ബിംബങ്ങൾ കുറച്ചെങ്കിലും ഞങ്ങളെ സഹായിക്കുമായിരുന്നു."(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നിഹിശാം, പേജ് 739, ഇസ്‌ലാം അബീസുഫ്‌യാൻ.......പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2001)(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗ്വാലിം, ഹദീഥ് 2478)

ഒരു ശത്രുവിന് മറുപടി നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:"നബി(സ) തിരുമേനിയുടെ അധ്യാപനം അതായത് പരിശുദ്ധ പ്രവാചകന്റെ അധ്യാപനം **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** എന്ന പറയുന്നതുകൊണ്ട് പാപങ്ങൾ അകലുമെന്നുള്ളത് തികച്ചും ശരിയാണ്. അതാണ് വാസ്തവത്തിൽ സത്യമായിട്ടുള്ള കാര്യം. തിന്മകൾ ഇല്ലാതായി തീരുന്നുവെന്ന് നിങ്ങൾ പറയുന്നു. ശരി, എന്നാൽ, അല്ലാഹുവിനെ മാത്രം ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുകയും മുഹമ്മദു(സ)തിരുമേനിയെ ഏകനായ കഴിവുടയവൻ തന്നെയാണ് അയച്ചതെന്ന് വിശ്വസിക്കുകയുമാണെങ്കിൽ തീർച്ചയായും ഈ കലിമയിൽ അയാളുടെ അന്ത്യമുണ്ടായാൽ അയാൾ മോക്ഷം പ്രാപിക്കുമെന്നത് തീർച്ചയായും സത്യമാണ്. ആകാശത്തിൻകീഴിൽ ആരുടെയെങ്കിലും ആത്മഹത്യകൊണ്ട് ഒരിക്കലും മോക്ഷം ലഭിക്കുന്നതല്ല. ആരെങ്കിലും മരിച്ചതുകൊണ്ട് മോക്ഷം ഉണ്ടാകില്ല. നിങ്ങൾക്കുവേണ്ടി ആരെങ്കിലും മരിച്ചാലും മോക്ഷം കിട്ടുകയില്ല. കലിമകൊണ്ട് മോക്ഷം ലഭിക്കുന്നതാണ്. കലിമകൊണ്ട് മോക്ഷം ലഭിക്കില്ലെന്ന് കരുതുന്നവനെക്കാൾ വലിയ ബുദ്ധിശൂന്യൻ മറ്റാരാണ്? എന്നാൽ, അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കണം. ഇക്കാര്യം നല്ലപോലെ ചിന്തിക്കുക. ഇത് സാധാരണ പറച്ചിലല്ല. മറിച്ച് അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കുക. മാത്രമല്ല അവൻ വളരെയേറെ ദയ കാണിച്ചുകൊണ്ട് ലോകത്തെ വഴികേടിൽനിന്ന് രക്ഷിക്കാൻ തന്റെ റസൂൽ(സ)–ആ മഹാത്മാവിന്റെ പേര് മുഹമ്മദു മുസ്തഫാ(സ) എന്നാകുന്നു–അയച്ച ഔദാര്യവാനാണെന്ന് മനസ്സിലാക്കുകയും വേണം. ഈ വിശ്വാസത്തിൽ ദൃഢബോധ്യമുണ്ടാകുമ്പോൾ ആത്മാവിന്റെ ഇരുട്ട് കുറഞ്ഞ് പോകുകയും സ്വാർഥത ദൂരീകരിക്കപ്പെടുകയും അതിന്റെ സ്ഥാനം തൗഹീദ് ഏറ്റെടുക്കുകയും ചെയ്യുന്നു. അവസാനം തൗഹീദിന്റെ ശക്തമായ ആവേശം ഹൃദയത്തിൽ പരക്കുകയും ഈ ലോകത്തുതന്നെ സ്വർഗീയ ജീവിതം ആരംഭിക്കുകയും ചെയ്യുന്നു. പ്രകാശം വരുമ്പോൾ അന്ധകാരം നിലനില്ക്കുകയില്ലെന്ന് നിങ്ങൾ കാണുന്നു. അതേപോലെ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിന്റെ പ്രകാശം ഹൃദയത്തിൽ പതിക്കുമ്പോൾ സ്വേച്ഛാപരമായ അന്ധകാരങ്ങളും ആവേശങ്ങളും ഇല്ലായ്മ ചെയ്യപ്പെടുന്നതാണ്. നിർമൂലനം ചെയ്യപ്പെടുന്നതാണ്. വിപത്തിന്റെ യാഥാർഥ്യം, ധിക്കാരത്തിന്റെ കലർപ്പുമായി സ്വേച്ഛാപരമായ ആവേശത്തിന്റെ ബഹളമുണ്ടാകുന്നു എന്നതാണ്. അതിനെ തുടർന്ന് ഒരാളുടെ പേര് പാപി എന്ന് വെക്കുന്നു. ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ വിവക്ഷിതം അറബി നിഘണ്ടുക്കളിൽ വന്നിട്ടുള്ളത്, നിഘണ്ടുക്കളിൽ ഏറ്റവും അധികമായി വന്നിട്ടുള്ള അർഥം *ലാ മത്‌ലൂബു ലീ വലാ മഹ്ബൂബു ലീ വലാ മുത്വാഅ ലീ* എനിക്ക് അല്ലാഹു അല്ലാതെ വേറെ ലക്ഷ്യമോ സ്നേഹമോ പ്രേമഭാജനമോ ആരാധ്യനോ ഇല്ലെന്നാകുന്നു.(നൂറുൽഖുർആൻ നമ്പർ 2, റൂഹാനീ ഖസാഇൻ വാല്യം 9, പേജ് 418–419) ഈ അവസ്ഥ ഉണ്ടാകുകയാണെങ്കിൽ തീർച്ചയായും ജീവിതം സ്വർഗീയമാകുന്നതാണ്. പൊറുക്കപ്പെടുന്നതിനുള്ള കാര്യങ്ങളും ഈ ലോകത്തുതന്നെ ആരംഭിക്കുന്നതാണ്.

തുടർന്ന് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന കലിമയെ കൂടുതൽ വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "യാഥാർഥ്യമെന്തെന്നാൽ അല്ലാഹു നിരവധി കല്പനകൾ നല്കിയിട്ടുണ്ട്. അതിൽ ചിലത് പ്രാവർത്തികമാക്കാൻ എല്ലാവർക്കും സാധ്യമല്ല. ഉദാഹരണത്തിന് ഹജ്ജ്. ഇതു കഴിവുള്ളവർക്കുമാത്രം നിർബന്ധമായിട്ടുള്ളതാണ്. എല്ലാവർക്കും നിർബന്ധമായിട്ടുള്ളതല്ല. പിന്നീട് വഴിയും സമാധാനപൂർണമായിരിക്കണം. അതും ഹജ്ജിന് നിർബന്ധമാണ്. തന്റെ പിന്നിലുള്ള ബന്ധുക്കൾക്ക് ചെലവിനുള്ള അനുയോജ്യമായ സംവിധാനമുണ്ടായിരിക്കണം. വീട്ടുകാർക്ക് അശനപാനീയങ്ങൾക്കുള്ള സംവിധാനം ചെയ്യണം. അല്ലാതെ അവരെ പട്ടിണിക്കിട്ടുകൊണ്ട് ഹജ്ജ് ചെയ്യാൻ പോകരുത്. ഈ എല്ലാവിധ നിബന്ധനകളും പൂർത്തിയായാൽ ഹജ്ജ് ചെയ്യാവുന്നതാണ്. അതുപോലെ തന്നെയാണ് സക്കാത്തും.സക്കാത്തുകൊടുക്കാൻ അർഹരായവർ മാത്രമെ അതു നല്കേണ്ടതുള്ളു. ആർക്കാണോ നിർബന്ധമാക്കപ്പെട്ടത് അയാളാണ് സക്കാത്ത് നല്കേണ്ടത്. അതുപോലെ നമസ്കാരത്തിലും മാറ്റങ്ങളുണ്ട്. ചിലപ്പോൾ യാത്രയിലോ രോഗാവസ്ഥയിലോ ആണെങ്കിൽ ഖസ്റും ജംഉം ആക്കാവുന്നതാണ്. എന്നാൽ, ഒരു മാറ്റവുമില്ലാത്തകാര്യം **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസുലുല്ലാഹ്** എന്നതാകുന്നു.

"യാഥാർഥ്യം ഇതുതന്നെയാണ്. ബാക്കിയെല്ലാം ഇതു പൂർത്തായാക്കാനുള്ളതാകുന്നു. ഇബാദത്തുകൾ ചെയ്യാതെ തൗഹീദ് പൂർത്തിയാകുന്നതല്ല. യിബാദത്തുകൾ ചെയ്യുന്നില്ലെങ്കിൽ തൗഹീദ് പൂർണമാകുകയില്ല**. ലാ ഇലാഹ ഇല്ലല്ലാഹ്** എന്നത് യഥാവിധി നടപ്പിലാകുന്നതല്ല. ഇതിന്റെ വിവക്ഷിതം **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസുലുല്ലാഹ്** എന്നു പറയുന്നവൻ യഥാർഥത്തിൽ കർമപരമായി അല്ലാഹുവിനെ കൂടാതെ മറ്റൊരു പ്രേമഭാജനവും ലക്ഷ്യസ്ഥാനവും ഉദ്ദേശ്യവുമില്ലെന്ന് സ്ഥാപിക്കേണ്ടതാണ്. ഇതാണ് വിശ്വാസത്തിന്റെ നിബന്ധന. കേവലം നാവുകൊണ്ടുള്ള പ്രഖ്യാപനമല്ല. **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന് പറയുമ്പോൾ തന്റെ കർമങ്ങൾ മുഖേന അല്ലാഹുവിന്റെ കൽപനകൾ പ്രാവർത്തികമാക്കിക്കൊണ്ട് അവനെ ആരാധിച്ചുകൊണ്ട് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കണം. കാരണം ഇത് അല്ലാഹുവിന്റെ കൽപനയാകുന്നു. തന്റെ പ്രേമഭാജനത്തിനുവേണ്ടി ആരെ കരസ്ഥമാക്കാനാണോ ഉള്ളത് അവനുവേണ്ടി ആരെയാണോ അന്വേഷിക്കുന്നത് അവനുവേണ്ടി അ വന്റെ കൽപനകളെ പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാകുന്നു. അപ്പോഴാണ് ഒരാൾ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നത് ശരിയായ നിലയിൽ പ്രാവർത്തികമാക്കുന്നത്. അതിൽ പ്രവർത്തിക്കുന്നവനും വിശ്വസിക്കുന്നവനുമാകുന്നത്. ഈ അവസ്ഥയാണെങ്കിൽ യഥാർഥത്തിൽ വിശ്വാസത്തിലും കർമത്തിലും ഈ പ്രഖ്യാപനം പ്രകടമാക്കുന്നവനായാൽ അയാൾ ദൈവത്തിന്റെ പക്കൽ ഈ പ്രഖ്യാപനത്തിൽ വ്യാജനല്ല. ഇതുണ്ടായാൽ വളരെ നല്ലത്. പിന്നെ അയാൾ വ്യാജനല്ല. എല്ലാ ഭൗതികവസ്തുക്കളും എരിഞ്ഞടങ്ങുന്നതാണ്. ഒരു മരണം(ഇല്ലായ്മ) അയാൾക്ക് അയാളുടെ വിശ്വാസത്തിലുമുണ്ടാകുന്നതാണ്.

"**ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന് പറയുമ്പോൾ എല്ലാ ഭൗതികകാര്യങ്ങളും ഭസ്മീകരിക്കപ്പെടുന്നു. അല്ലാഹു മാത്രം ലക്ഷ്യസ്ഥാനവും ഉദ്ദേശ്യവും പ്രേമഭാജനവുമായിത്തീരുന്നു. ഈ വിശ്വാസമുണ്ടാകുമ്പോൾ അയാൾ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന് വാകൊണ്ടു ഉരുവിടുമ്പോൾ **മുഹമ്മദുർറസൂലുല്ലാഹ്** എന്ന അതിന്റെ അടുത്ത ഭാഗം മാതൃകയ്ക്കുവേണ്ടിയുള്ളതാണ്. കാരണം മാതൃകയും ഉദാഹരണവുമുണ്ടാകുമ്പോൾ സകല കാര്യവും എളുപ്പമായിത്തീരുന്നു. പ്രവാചകന്മാർ മാതൃക സമർപിക്കുന്നതിനാണ് വരുന്നത്. നബി(സ)തിരുമേനി എല്ലാ തികവാർന്ന മാതൃകകളുടേയും കേദാരമായിരുന്നു. കാരണം എല്ലാ നബിമാരുടേയും മാതൃക നബി(സ)തിരുമേനിയിൽ സമ്മിളിതമായിരുന്നു." (മൽഫൂദാത്ത് വാല്യം 3, പേജ് 82–83, 1984 പതിപ്പ്)

**ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിന്റെ ശരിയായ വിവക്ഷിതം നബി(സ)തിരുമേനി മനസ്സിലാക്കി. അല്ലാഹുവിന്റെ കൽപനകളും ശരിയായ കർമവും അതിന്റെ വിശദീകരണവും വ്യാഖ്യാനവും നബി(സ)തിരുമേനിയാണ് ചെയ്തത്. നബി(സ) തിരുമേനി തന്നെയാണ് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നത് തികവാർന്ന രീതിയിൽ കാണിച്ചു തന്ന മാതൃക. അത് പ്രാവർത്തികമാക്കുന്നത് തികവാർന്ന രീതിയിൽ കാണിച്ചു തരികയും ചെയ്തു.

ഇനി നമുക്ക് ഉപദേശം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആചാരപരമായ ബയ്അത്ത് പ്രയോജനം ചെയ്യുന്നതല്ല. അത്തരം ബയ്അത്തിൽനിന്ന് പങ്കുപറ്റുന്നത് പ്രയാസകരമാണ്. തന്റെ അസ്തിത്വത്തെ ഒഴിവാക്കി പൂർണമായ സ്നേഹത്തോടേയും ആത്മാർഥതയോടെയും അല്ലാഹുവിന്റേതായി തീരുമ്പോഴാണ് ബയ്അത്തിൽ ഭാഗഭാക്കാകാൻ കഴിയുക."

ആർക്കാണോ ബയ്അത്ത് ചെയ്തത് അദ്ദേഹത്തോടൊപ്പം പൂർണമായ സ്നേഹത്തോടും ആത്മാർഥതയോടുംകൂടി നിൽക്കേണ്ടതാണ്. അപ്പോഴാണ് ബയ്അത്ത് പ്രയോജനപ്പെടുക. അദ്ദേഹം പറഞ്ഞു: "കപടവിശ്വാസികൾ നബി(സ) തിരുമേനിയുമായി സത്യസന്ധമായ ബന്ധമില്ലാത്തതുകാരണം അവസാനം വിശ്വാസമില്ലാത്തവരായിത്തീർന്നു. അവരും പ്രത്യക്ഷത്തിൽ ബയ്അത്ത് ചെയ്തിട്ടുണ്ടായിരുന്നു. അവർക്ക് സത്യസന്ധമായ സ്നേഹവും ആത്മാർഥതയുമുണ്ടായിരുന്നില്ല. അതുകൊണ്ട് ബാഹ്യമായ **ലാ ഇലാഹ ഇല്ലല്ലാഹ്** അവർക്ക് പ്രയോജനപ്പെട്ടില്ല. ആയതിനാൽ ഈ ബന്ധത്തെ വളർത്തേണ്ടത് വളരെ അനിവാര്യമായ കാര്യമാകുന്നു. ഈ ബന്ധത്തെ അന്വേഷകൻ വർധിപ്പിക്കുന്നില്ലെങ്കിൽ അതിന് പരിശ്രമിക്കുന്നില്ലെങ്കിൽ പരാതിപ്പെടുന്നതും സങ്കടപ്പെടുന്നതും നിരർഥമാണ്. സ്നേഹത്തിന്റേയും ആത്മാർഥതയുടേയും ബന്ധം വർധിപ്പിക്കേണ്ടതാണ്. സാധ്യമാകുന്നിടത്തോളം അയാൾ ഗുരുവിന്റെ രീതികളിലും വിശ്വാസത്തിലും വർണം സ്വായത്തമാക്കണം. പറയുന്നു: മനസ്സ് ദീർഘായുസ്സിന്റെ വാഗ്ദാനം നല്കുന്നു. മനുഷ്യൻ ദീർഘായുഷ്മാനാണെന്ന് ഇനിയും

ആയുസ്സു കിടക്കുകയാണെന്നും ഇപ്പോൾ യുവാവാണെന്നും ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഇതു വഞ്ചനയാണ്. ആയുസ്സിന് ഒരു പ്രതീക്ഷയുമില്ല. എത്രയും വേഗം സത്യസന്ധതയിലേക്കും ആരാധനകളിലേക്കും തിരിയേണ്ടതാണ്. രാവിലെ മുതൽ വൈകുന്നേരംവരെ കണക്കെടുക്കേണ്ടതാണ്."(മൽഫൂദാത്ത് വാള്യം1, പേജ്5, 1984 പതിപ്പ്)

താനെന്തുചെയ്യുന്നുവെന്നും എത്രമാത്രം **ലാ ഇലാഹ ഇല്ലല്ലാ**യെ പ്രാവർത്തികമാക്കിയെന്നും കണക്കെടുപ്പ് നടത്തികൊണ്ടിരിക്കണം. ഇതാണ് ആ മഹാനുഭാവൻ നമുക്കു നല്കിയ ഉപദേശം.

മറ്റൊരിടത്ത് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിനെ മനസ്സിലാക്കാനും അതിന്റെ കടമകൾ നിറവേറ്റാനും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "മുസ്‌ലിമീങ്ങൾ ഒരിക്കലും അലസരാകണമെന്നതല്ല എന്റെ ഉദ്ദേശ്യം. കലിമ ചൊല്ലി. ഇനി അലസരാകുക. ഇസ്‌ലാം ആരേയും അലസരാക്കുന്നില്ല. തങ്ങളുടെ കച്ചവടങ്ങളിലും ജോലികളിലും ബദ്ധശ്രദ്ധരാകുക. പക്ഷേ, അല്ലാഹുവിനുവേണ്ടി അവന് കുറച്ചു സമയം ഒഴിച്ചിടാതിരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നു.എന്നാൽ, അവർക്ക് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റാൻ ഒരു സമയവും കിട്ടുന്നില്ല. ഭൗതികതയിൽ വ്യാപൃതരാണ്. കച്ചവടസമയത്ത് കച്ചവടം ചെയ്തുകൊള്ളുക. ആ നേരത്ത് ദൈവഭയത്തെ മുന്തിക്കേണ്ടതാണ്. അങ്ങനെ അവരുടെ കച്ചവടവും യിബാദത്തിന്റെ വർണം സ്വീകരിക്കുന്നു. നമസ്കാരസമയങ്ങളിൽ നമസ്കാരത്തെ ഉപേക്ഷിക്കരുത്. എല്ലാ കാര്യത്തിലും അതെന്തുതന്നെയായാലും ദീനിനെ മുന്തിക്കേണ്ടതാണ്. ദീനിനെ മുന്തിക്കേണ്ടത് അനിവാര്യമാകുന്നു. ഭൗതികകാര്യങ്ങളിൽ അതായത് ഭൗതികാര്യങ്ങൾക്കു മുന്നിൽ ദീനിനെ മുന്തിക്കുമെന്ന് നമ്മുടെ പ്രതിജ്ഞയിൽ നമ്മൾ ഏറ്റു പറഞ്ഞിട്ടുണ്ട്. പറഞ്ഞു: ഭൗതികലോകം ലക്ഷ്യമായിരിക്കരുത്."

"ഭൗതികലോകം ലക്ഷ്യമായിരിക്കരുത്. യഥാർഥ ലക്ഷ്യം ദീനായിരിക്കണം. പിന്നെ ഭൗതിക കാര്യങ്ങളും ദീൻതന്നെയായി തീരുന്നതാണ്. സ്വഹാബത്തിനെ നോക്കുക. അവർ ഏതൊരു പ്രയാസഭരിതമായ ഘട്ടത്തിൽപോലും അല്ലാഹുവിനെ ഉപേക്ഷിച്ചില്ല. യുദ്ധത്തിന്റേയും ഖണ്ഗത്തിന്റേയും സമയം എത്രമാത്രം ഭയാനകമാണെന്നാൽ അതേ കുറിച്ച് ചിന്തിക്കുമ്പോൾത്തന്നെ പേടി തോന്നുന്നു. അത്തരം നേരത്ത് അതിതീക്ഷ്ണതയുടേയും കോപത്തിന്റേയും സന്ദർഭമാകുന്ന അത്തരം അവസ്ഥയിലും അല്ലാഹുവിനെ സംബന്ധിച്ച് അശ്രദ്ധരായില്ല. നമസ്കാരങ്ങൾ ഒഴിവാക്കിയില്ല. ദുആകൾ ചെയ്തുകൊണ്ടിരുന്നു." ഇന്നു ഖേദകരമെന്നു പറയട്ടെ, മുസ്‌ലിമീങ്ങൾ പുരോഗതിപ്രാപിക്കാൻ ഇവർ വളരെയേറെ ശക്തി ചെലുത്തുകയും വമ്പൻ പ്രഭാഷണങ്ങൾ നടത്തുകയും **ലാ ഇലാഹ ഇല്ലല്ലാ**യുടെ കാര്യങ്ങൾ പറയുകയും സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ, അല്ലാഹുവിൽനിന്ന് അശ്രദ്ധരാണ്. മറന്നുകൊണ്ടുപോലും അവനെ ശ്രദ്ധിക്കുന്നില്ല. അപ്പോൾ അത്തരം സാഹചര്യത്തിൽ അവരുടെ പ്രയത്നങ്ങൾ പ്രയോജനപ്പെടുമെന്ന് എന്തു പ്രതീക്ഷയാണുള്ളത്. അവരുടേതെല്ലാം തന്നെ ലൗകികതയ്ക്കു വേണ്ടിയുള്ളതാണ്. പ്രയത്നങ്ങൾ ഭൗതികതയ്ക്കുവേണ്ടിയുള്ളതാണ്. മുസ്‌ലിമീങ്ങളുടേയും അല്ലാഹുവിന്റേയും ദീനിന്റേയും പേര് ഉപയോഗിക്കുകയും ചെയ്യുന്നു."

അദ്ദേഹം പറഞ്ഞു: **"ലാ ഇലാഹ ഇല്ലല്ലാഹ്** ഹൃദയാന്തരങ്ങളിൽ പ്രവേശിക്കാത്തിടത്തോളം നമ്മുടെ അസ്തിത്വത്തിന്റെ ഓരോ കണികയിലും ഇസ്‌ലാമിക പ്രകാശവും ആധിപത്യവും ഉണ്ടാകാത്തിടത്തോളം ഒരിക്കലും പുരോഗതി നേടാൻ സാധ്യമല്ല." (മൽഫൂദാത്ത് വാള്യം 2, പേജ് 158-159, 1984 പതിപ്പ്)

പുരോഗതി കൈവരിക്കണമെങ്കിൽ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിന്റെ പൊരുൾ മനസ്സിലാക്കേണ്ടതാണ്. അല്ലാഹുവിനെ തന്റെ ലക്ഷ്യമാക്കേണ്ടതാണ്; ലൗകികതയെ അല്ല. പരിശുദ്ധ കലിമയുടെ യാഥാർഥ്യത്തേയും അതിന്റെ അർഥവും വവരിച്ചുകൊണ്ട് അത് മനസ്സിലാക്കിക്കൊണ്ട് എങ്ങനെ നമ്മൾ പ്രവർത്തിക്കണം എന്നതിനെ സംബന്ധിച്ചും ആ മഹാത്മാവ് പറയുന്നു:"തങ്ങൾ മുസ്‌ലിമീങ്ങളാണെന്ന് പറയപ്പെടുന്നതിലും **ലാ ഇലാഹ ഇല്ലല്ലാ**യുടെ വക്താക്കളാണെന്നതിലും മാത്രം നിങ്ങൾ സന്തോഷിക്കരുതെന്ന് ഞാൻ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. അല്ലാഹു കേവലം വാചകകസരത്തിൽ തൃപ്തനാകുന്നില്ലെന്ന് ഖുർആൻ പഠിതാക്കൾക്ക് നല്ലവണ്ണം അറിയാം. കർമപരമായ അവസ്ഥ ശരിയാകാതെ അധരവ്യായാമംകൊണ്ട് മനുഷ്യനുള്ളിൽ ഒരു മേന്മയും ഉണ്ടാകുക സാധ്യമല്ല. നാവുകൊണ്ടുള്ള വർത്തമാനങ്ങൾ ഒന്നുമല്ല. കർമമാണ് യഥാർഥ കാര്യം. കർമപരമായ അവസ്ഥ ശരിയല്ലെങ്കിൽ ഒന്നുമുണ്ടാകുകയില്ല. യഹൂദികളിലും വായാടിത്തം മാത്രമുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. അവർ വർത്തമാനങ്ങൾ മാത്രം മതിയെന്ന് കരുതി. നാവുകൊണ്ട് ഒരുപാടു കാര്യങ്ങൾ പറഞ്ഞു. പക്ഷേ, മനസ്സിൽ വിവിധതരം മോശമായ ചിന്താഗതികളും വിഷലിപ്തമായ കാര്യങ്ങളും നിറഞ്ഞിരുന്നു. ഇക്കാരണത്താൽത്തന്നെ അല്ലാഹു ഈ സമുദായത്തിനുമേൽ പലതരം വിപത്തുകളിറക്കി. വിവിധതരം മുസ്വീബത്തുകളിൽ അകപ്പെടുത്തി. അവരെ നിന്ദ്യരാക്കി. എത്രത്തോളമെന്നാൽ അവരെ പന്നികളും കുരങ്ങന്മാരുമാക്കി." അദ്ദേഹം പറഞ്ഞു: "ഇതു ചിന്തിക്കേണ്ട ഘട്ടമാണ്. അവർ തൗറാത്തിനെ അംഗീകരിച്ചിരുന്നില്ലേ? അവർ തീർച്ചയായും അതിലും പ്രവാചകന്മാരിലും വിശ്വസിക്കുന്നവരായിരുന്നു. പക്ഷേ, അവർ നാവുകൊണ്ട് അംഗീകരിച്ചു. അതിനോടു മനസ്സു പൊരുത്തപ്പെട്ടതുമില്ല. നാവുകൊണ്ടു പറയുന്നതും ഹൃദയത്തിൽ പ്രാവർത്തികമാക്കാതിരുന്നതും അല്ലാഹു ഇഷ്ടപ്പെട്ടില്ല." അദ്ദേഹം പറയുന്നു: "നല്ലപോലെ ഓർക്കുക. ആരെങ്കിലും നാവുകൊണ്ട് താൻ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് അംഗീകരിക്കുന്നുവെന്നും നബി(സ)തിരുമേനിയുടെ പ്രവാചകത്വത്തിൽ വിശ്വസിക്കുന്നുവെന്നും അതുപോലെ മറ്റു വിശ്വാസകാര്യങ്ങളുടെ വക്താവാണെന്ന് പറയുകയും, എന്നാൽ, ഈ പ്രഖ്യാപനം കേവലം നാവിൽമാത്രമാകുകയും ഹൃദയം അംഗീകരിക്കാതിരിക്കുകയുമാണെങ്കിൽ അത് വെറും വായാടിത്തം മാത്രമായിരിക്കും. ഹൃദയത്തിൽനിന്ന് ശബ്ദമുയരാതെ വാകൊണ്ടു മാത്രം പറയുന്നത് മതിയാകുന്നതല്ല. മനുഷ്യന്റെ ഹൃദയം വിശ്വസിക്കാതെ മോക്ഷം ലഭ്യമാകുന്നതല്ല. വിശ്വസിക്കുക എന്നാൽ, കർമപരമായ അവസ്ഥ ഇക്കാര്യങ്ങൾ പ്രകടമാക്കണം. അതുവരെ ഒരു കാര്യവും ഉണ്ടാകുന്നതല്ല. കർമപരമായ അവസ്ഥ എന്താണ്? അത് വിശുദ്ധ ഖുർആനിൽ അല്ലാഹു വിശദമായി വിവരിച്ച കൽപനകളെ നടപ്പിൽ വരുത്തുക എന്നതാണ്.

അദ്ദേഹം പറഞ്ഞു:"ഞാൻ സത്യമായും പറയുന്നു, യഥാർഥലക്ഷ്യം കൈവരിക്കണമെങ്കിൽ സകല കാര്യങ്ങളും ഒഴിവാക്കി അല്ലാഹുവിൽ ശ്രദ്ധ ഊന്നുകയും യഥാർഥത്തിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുകയും വേണം. കേവലം പ്രതിജ്ഞ ചെയ്താൽ പോര. യഥാർഥത്തിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണം."

അവിടന്ന് പറയുന്നു: സൃഷ്ടികളെ മനുഷ്യന് വഞ്ചിക്കാൻ കഴിയുമായിരിക്കും. അഞ്ചുനേരം നമസ്കരിക്കുന്നതും നന്മകൾ ചെയ്യുന്നതും കാണുമ്പോൾ ആളുകൾ വഞ്ചിതരായേക്കാം. ആളുകൾ ആരെങ്കിലും നമസ്കരിക്കുന്നത് കാണുമ്പോൾ, മസ്ജിദിൽവന്ന് നഫ്‌ലുകൾ നമസ്കരിക്കുന്നതു കാണുമ്പോൾ അഞ്ചുനേരെ നമസ്കാരക്കാരനാണെന്നും മസ്ജിദിൽ വരുന്നവനാണെന്നും പറഞ്ഞ് വഞ്ചിതരായേക്കാം. നന്മ ചെയ്യുന്നുവെന്നും ചന്ദ കൊടുക്കുന്നുവെ ന്നും വലിയ നന്മയുള്ള ആളാണെന്നും പറഞ്ഞ് വഞ്ചിക്കപ്പെട്ടേക്കാം. പക്ഷേ, അല്ലാഹു വഞ്ചിതനാകുകയില്ല. അതുകൊണ്ട് കർമങ്ങളിൽ ഒരു പ്രത്യേക ആത്മാർഥത ഉണ്ടാകേണ്ടതാണ്. തികച്ചും അല്ലാഹുവിനുവേണ്ടിയാകുമ്പോഴാണ് യഥാർഥ ആത്മാർഥത ആകുന്നത്. ഇക്കാര്യങ്ങൾ തന്നെയാണ് കർമങ്ങളിൽ കഴിവും മനോഹാരിതയുമുണ്ടാക്കുന്നത്."

അവിടന്ന് പറഞ്ഞു: "ഓർക്കുക! നമ്മൾ എല്ലാദിവസവും ചൊല്ലുന്ന കലിമയുടെ അർഥമെന്താണ്? കലിമയുടെ അർഥം നാവുകൊണ്ട് പ്രഖ്യാപിക്കുകയും ഹൃദയംകൊണ്ട് തന്റെ ആരാധ്യനും പ്രേമഭാജനവും ലക്ഷ്യവും അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് സാക്ഷ്യം വഹിക്കലുമാകുന്നു."

നേരത്തേയും ഇതു പറഞ്ഞു കഴിഞ്ഞതാണ്. അവിടന്ന് പറഞ്ഞു: "ഇലാഹ് എന്ന പദം പ്രേമഭാജനത്തിനും യഥാർഥ ലക്ഷ്യത്തിനും ആരാധ്യനും വേണ്ടിയാണ് പ്രയോഗിക്കപ്പെടുന്നത്. എറ്റവുമധികം അവനോടാണ് സ്നേഹമുണ്ടാകേണ്ടത്. അവനായിരിക്കണം ലക്ഷ്യം. അവനെ പ്രാപിക്കാനുള്ള ഉദ്ദേശ്യമാണുണ്ടാകേണ്ടത്. അല്ലാതെ ഭൗതികകാര്യങ്ങൾ നേടാനല്ല. അവനെ മാത്രം ആരാധിക്കണം. ഒരു തരത്തിലുള്ള ഗോപ്യമായ ശിർക്കുമുണ്ടാകരുത്." അവിടന്ന് പറഞ്ഞു: "ഇലാഹ് എന്ന പദം പ്രേമഭാജനത്തിനും യഥാർഥ ലക്ഷ്യത്തിനും ആരാധ്യനും വേണ്ടിയാണ് വന്നിട്ടുള്ളത്. മുസ്‌ലിമീങ്ങൾക്ക് പഠിപ്പിച്ചിട്ടുള്ള ഈ കലിമ വിശുദ്ധ ഖുർആനിലെ അധ്യാപനങ്ങളുടെ ആകെ സാരമാകുന്നു. ഒരു വലിയ വിശാലമായ ഗ്രന്ഥം മുഴുവനും മനഃപ്പാഠമാക്കുക എളുപ്പമല്ല. വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കുന്നത് എളുപ്പമല്ല. അതുകൊണ്ട് ഈ കലിമ പഠിപ്പിച്ചു. അതെല്ലാ സമയത്തും മനുഷ്യൻ ഇസ്‌ലാമികാധ്യാപനങ്ങളുടെ അന്തസ്സത്തയെ മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. എന്താണ് പ്രസ്തുത അന്തസ്സത്ത?(ആന്തരസത്യം, ഉള്ളിലുള്ള ആത്മചൈതന്യം)അത് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതാകുന്നു. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ തന്നെയാണ് തന്റെ ലക്ഷ്യവും ഉദ്ദേശ്യവും തന്റെ പ്രേമഭാജനവും. ഈ യാഥാർഥ്യം മനുഷ്യന്റെ ഉള്ളിൽ ഉണ്ടാകാത്തിടത്തോളം മോക്ഷം ഇല്ല എന്നതാണ് സത്യം. അതുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: *മൻ ഖാല ലാ ഇലാഹ ഇല്ലല്ലാഹു ദഖലൽ ജന്നത്ത* അതായത് ആരെങ്കിലും സത്യഹൃദയത്തോടെ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നു പറഞ്ഞാൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.(ഇതിൽ)ജനങ്ങൾ വഞ്ചിക്കപ്പെടാറുണ്ട്." ഇതിന്റെ വിശദീകരണത്തിൽ ആ മഹാത്മാവ് പറഞ്ഞു: "മനുഷ്യൻ തത്തമ്മയെപ്പോലെ വാക്കുകൾ ഉരുവിട്ടാൽ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് ജനങ്ങൾ കരുതുന്നു. ഇതുമാത്രമാണ് ഇതിന്റെ യാഥാർഥ്യമെങ്കിൽ പിന്നെ സകല കർമങ്ങളും നിരർഥവും കൊള്ളരുതാത്തതുമായിരിക്കും. കേവലം **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നു പറഞ്ഞാൽ സ്വർഗത്തിൽ പോകുമെന്നാണെങ്കിൽ കർങ്ങളെല്ലാം അവസാനിക്കുന്നതാണ്. ഇത്രയും വലിയ വിശുദ്ധ ഖുർആനിൽ വിധിവിലക്കുകൾ നല്കേണ്ട ആവശ്യംതന്നെ എന്താണ്? ന്യായപ്രമാണം അപ്പോൾ അനാവശ്യമായിത്തീരും. അങ്ങനെയല്ല, അതിന്റെ യാഥാർഥ്യമെന്തെന്നാൽ അതിനുള്ളിൽ നിക്ഷേപിച്ചിട്ടുള്ള പൊരുൾ കർമരൂപേണ മനുഷ്യഹൃദയത്തിൽ കയറണം. ഇക്കാര്യമുണ്ടായാൽ അത്തരം വ്യക്തി യഥാർഥത്തിൽ

സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതാണ്. **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിന്റെ പൊരുളിന്റെ യാഥാർഥ്യം മനുഷ്യനു മനസ്സിലായാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. മരണത്തിനുശേഷം മാത്രമല്ല ഈ ജീവിതത്തിലും അയാൾ സ്വർഗത്തിലായിരിക്കും."

ആ മഹാത്മാവ് മറ്റൊരു സദസ്സിൽ പറഞ്ഞത് മറ്റൊരു പത്രത്തിൽ കുറച്ചുകൂടി വിശദമായി ചേർത്തിട്ടുണ്ട്. അവിടന്ന് പറഞ്ഞു: "അല്ലാഹുവിന് വാക്കുകളുമായിട്ടല്ല ഹൃദയവുമായാണ് ബന്ധമുള്ളത്. അതിന്റെ വിവക്ഷിതം യഥാർഥത്തിൽ ഈ കലിമയുടെ സാരാംശത്തെ തങ്ങളുടെ ഹൃദയങ്ങളിൽ സന്നിവേശിപ്പിക്കുകയും അല്ലാഹുവിന്റെ മഹത്ത്വത്തെ പൂർണമായ നിലയിൽ ഹൃദയത്തിൽ കുടിയിരുത്തുകയും ചെയ്തവർ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതാണ്. സത്യസന്ധമായി കലിമയുടെ വക്താവായാൽ അല്ലാഹുവല്ലാതെ മറ്റൊന്നും പ്രിയപ്പെട്ടതായി ഉണ്ടാകുന്നതല്ല." സത്യസന്ധമായി കലിമ ചൊല്ലിയാൽപ്പിന്നെ അല്ലാഹുവല്ലാതെ മറ്റൊന്നും പ്രിയപ്പെട്ടതായി ഉണ്ടാകാൻ സാധ്യമല്ല. അല്ലാഹുവല്ലാതെ മറ്റാരും ആരാധ്യനായും ഉണ്ടാകുന്നതല്ല. ആരെയെങ്കിലും ഗോപ്യമായി ആരാധിക്കാൻ സാധ്യമല്ല. "അല്ലാഹുവല്ലാതെ മറ്റൊന്നും ലക്ഷ്യസ്ഥാനമായി ഉണ്ടാകുന്നതല്ല." മറ്റൊന്നിനേയും അയാൾക്ക് അന്വേഷിക്കാനും സാധ്യമല്ല. അവൻ അല്ലാഹുവിന്റെ മാത്രം തൃപ്തി കാംക്ഷിക്കുന്നവനായിരിക്കും. ഈ സ്ഥാനം 'അബ്ദാലു'കളുടെ സ്ഥാനമാകുന്നു. ഇത് 'ഖുത്ബി'ന്റെ സ്ഥാനമാകുന്നു. 'ഗൗഥി'ന്റെ സ്ഥാനമാകുന്നു. അതിന് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന കലിമയിൽ ഹൃദയാത്മനായുള്ള വിശ്വാസം വേണം. അതിന്റെ യഥാർഥ പൊരുളനുസരിച്ച് കർമങ്ങളുണ്ടാവണം."

തുടർന്നു പറയുന്നു: "അല്ലാഹുവല്ലാതെ മനുഷ്യന് മറ്റൊരു പ്രേമഭാജനവും ലക്ഷ്യവും ഉണ്ടാകരുതെന്ന കാര്യം സത്യവും വേഗം മനസ്സിലാകുന്നതുമാണ്. അല്ലാഹുവല്ലാതെ മനുഷ്യന് പ്രേമഭാജനമോ ഉദ്ദേശ്യമോ ഇല്ലാതെ വരുമ്പോൾ ഒരു ദുഃഖത്തിനും പ്രയാസത്തിനും അവനെ ബുദ്ധിമുട്ടിക്കാനും സാധിക്കുകയില്ല."

തന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അല്ലാഹുവിനുവേണ്ടിയാണെന്ന് മനുഷ്യൻ മനസ്സിലാക്കിയാൽ പിന്നെ അത് അവനെ വിഷമിപ്പിക്കുന്നതല്ല. പ്രസ്തുത പ്രയാസങ്ങൾകൊണ്ട് അസ്വസ്ഥനാകുന്നതല്ല. തന്റെ വലിയ്യുടെ സഹായത്തിന് എത്രയും വേഗം അല്ലാഹു എത്തുമെന്ന് അവനറിയാം. അവന് ചില അവസ്ഥകളിൽ എന്നല്ല മിക്ക സന്ദർഭങ്ങളിലും മനഃശ്ശാന്തിയും പ്രദാനം ചെയ്യുന്നു.

അവിടന്ന് പറഞ്ഞു: "ഈ സ്ഥാനം അബ്ദാലിനും ഖുത്വുബുകൾക്കും ലഭിക്കുന്നതാണ്. ലക്ഷ്യം അല്ലാഹുവിന്റെ അസ്തിത്വവും ആ അസ്തിത്വത്തെ പ്രാപിക്കലും ഭൗതികവസ്തുക്കൾ അല്ലാതാകുകയുമാണെങ്കിൽ പിന്നെ ആശങ്ക ഉണ്ടാകുന്നതല്ല. സ്വഹാബത്ത് ഈ സംഗതി മനസ്സിലാക്കിയവരായിരുന്നു. ഖുത്വുബും അബ്ദാലും പ്രത്യേകം പ്രത്യേകം ആളുകളാണ്. അവർക്കുമാത്രമാണ് ഇതുകിട്ടുന്നത്. ബഹുഭൂരിഭാഗം സ്വഹാബത്തും ഈ സ്ഥാനം കരസ്ഥമാക്കിയവരാണ്. ഈ പോയന്റ് മനസ്സിലാക്കിയവരാണ്. അതുകൊണ്ടാണ് അല്ലാഹു ആ സ്വഹാബിമാരെ നമുക്ക് മാതൃകയാക്കിയത്.

അവിടന്ന് പറഞ്ഞു: "തങ്ങൾ എപ്പോഴാണ് ബിംബാരാധന നടത്തുന്നതെന്ന് നിങ്ങൾ ചിന്തിക്കരുത്." വലിയ സ്ഥാനമാണ് എന്നു പറഞ്ഞതിനുശേഷം സാധാരണക്കാർക്കുവേണ്ടിയും പറഞ്ഞു: "തങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നില്ല അതുകൊണ്ട് തങ്ങൾക്കിത് മതിയായതാണെന്നും തങ്ങളും അല്ലാഹുവിനെ മാത്രമാണ് ആരാധിക്കുന്നതെന്നും മാത്രം നിങ്ങൾ പറയരുത്." ഇങ്ങനെ പറയുന്നത് മതിയായതാണത്രെ! അവിടന്ന് പറഞ്ഞു: "ബിംബങ്ങളെ ആരാധിക്കുന്നില്ല എന്നത് നിസ്സാര കാര്യമാകുന്നു. യാഥാർഥ്യം അല്പം പോലും മനസ്സിലാക്കിയിട്ടില്ലാത്ത ഹിന്ദുക്കളും ഇപ്പോൾ ബിംബാരാധന ഉപേക്ഷിക്കുന്നുണ്ട്. ആരാധ്യന്റെ യാഥാർഥ്യം അതായത് തൗഹീദിന്റെ പൊരുൾ അവർ അറിഞ്ഞിട്ടില്ലെങ്കിലും വിഗ്രഹാരാധന ഒഴിവാക്കുന്നു. ആരാധ്യന്റെ വിവക്ഷിതം ആൾദൈവപൂജ എന്നതുമാത്രമല്ല. ആരാധ്യനെന്നാൽ മനുഷ്യനേയും വിഗ്രഹങ്ങളേയും പൂജിക്കാതിരിക്കുക എന്നതുമാത്രമല്ല വേറെയും ആരാധ്യന്മാരുണ്ട്. ഇതുകൂടാതെയും ആരാധനാപാത്രങ്ങളുണ്ട്. പ്രത്യക്ഷത്തിലുള്ള ആരാധ്യന്മാർ മാത്രമല്ല ഉള്ളത്. ഇതേ കാര്യം അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: സ്വേച്ഛകളും ആരാധനാപാത്രങ്ങളാണ്. അല്ലാഹുവിനെതിരിൽ നിൽക്കുമ്പോൾ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിൽനിന്ന് അകലുമ്പോൾ മാനസികേച്ഛകളും ഇഷ്ടങ്ങളും ആരാധ്യന്മാരായിത്തീരുന്നു.

അവിടന്ന് പറയുന്നു: "സ്വേച്ഛകളെ പൂജിക്കുകയും തങ്ങളുടെ ഇച്ഛകളെ അനുസരിക്കുകയും അതിനുവേണ്ടി മരിക്കുകയുമാണെങ്കിൽ അയാൾ വിഗ്രഹാരാധകനും മുശ്രിക്കുമാകുന്നു." അവിടന്ന് പറയുന്നു: "ഇവിടെ 'ലാ' എന്ന പദം ഒരു കാര്യത്തെ മാത്രമല്ല നിരാകരിക്കുന്നത്. എല്ലാത്തരം ആരാധ്യന്മാരേയും നിരാകരിക്കുന്നു. അതായത് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നു പറയുമ്പോൾ പ്രത്യക്ഷത്തിലുള്ള ആരാധ്യരെ മാത്രമല്ല ഭൗതികവസ്തുക്കളെ മാത്രമല്ല നിരാകരിക്കുന്നത്. അല്ലാഹുവിനെതിരിൽ ഏതു വസ്തുവിനെ കൊണ്ടുവന്നാലും ശരി അത് അല്ലാഹുവിനെ മനുഷ്യൻ അംഗീകരിക്കുന്നില്ലെന്ന് വിളംബരപ്പെടുത്തുന്നു."

അവിടന്ന് പറയുന്നു:"**'ലാ ഇലാഹ്'** എന്നതിൽനിന്ന് എല്ലാത്തരം ആരാധ്യന്മാരേയും നിരാകരിക്കുന്നുവെന്ന് മനസ്സിലാകും. അത് വ്യക്തിപരമാണെങ്കിലും ഭൗതികപരമായ ബന്ധമാണെങ്കിലും ആന്തരികവും ഭൗതികവും പ്രത്യക്ഷത്തിലുളളതും ലൗകികതലത്തിലുള്ളതുമായ വസ്തുക്കളായാലും ശരി. അത് മനസ്സിൽ ഗോപ്യമായിട്ടുള്ളതോ പ്രത്യക്ഷത്തിലുള്ളതോ ആയ വിഗ്രഹമായാലും ശരി. ഉദാഹരണത്തിന് ഒരാൾ ഉപായങ്ങളിൽ പ്രതീക്ഷ അർപ്പിക്കുകയാണെങ്കിൽ അതും ഒരുതരം വിഗ്രഹമാകുന്നു. ഇത്തരം വിഗ്രഹം ക്ഷയരോഗംപോലെയാണ്. അത് ക്ഷയരോഗിയെപ്പോലെയാകുന്നു. അത് അകത്ത് മനുഷ്യനെ കാർന്നുതിന്നുകൊണ്ടിരിക്കുന്നു. വലിയ വിഗ്രഹത്തെ പ്രത്യക്ഷത്തിൽ തിരിച്ചറിയാൻ കഴിയും. അതിൽനിന്ന് രക്ഷപ്പെടുക എളുപ്പവുമാണ്. ആയിരക്കണക്കിന് ലക്ഷക്കണക്കിന് ആളുകൾ അതിൽനിന്ന് അകലുന്നത് ഞാൻ കാണുന്നു. ഈ ഇന്ത്യാരാജ്യം ഹിന്ദുക്കളെക്കൊണ്ട് നിറഞ്ഞിരുന്നു. ഈ മുസ്ലിമീങ്ങൾ ഇവരിൽനിന്നുതന്നെയല്ലേ ഉണ്ടായത്? ഈ മുസ്ലിമീങ്ങളും വിഗ്രഹാഹാരാധകരായിരുന്നു. ഇപ്പോൾ മുസ്ലിമീങ്ങളായിരിക്കുന്നു. അവർ വിഗ്രഹാരാധന ഉപേക്ഷിച്ചില്ലേ? ഹിന്ദുക്കളിൽത്തന്നെ ഇപ്പോൾ വിഗ്രഹങ്ങളെ ആരാധിക്കാത്ത വിഭാഗങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ, ഇതുമാത്രമല്ല വിഗ്രഹാരാധനയുടെ അർഥം, പ്രത്യക്ഷത്തിൽ വിഗ്രഹാരാധന ഒഴിവാക്കി എന്നത് ശരിയാണെങ്കിലും ഇപ്പോഴും ആയിരക്കണക്കിന് വിഗ്രഹങ്ങളെ കക്ഷത്തിൽ വെച്ചുനടക്കുന്നു. തത്ത്വജ്ഞാനികളെന്നും താർക്കികരെന്നും പറയപ്പെടുന്ന ആളുകൾക്കും അതിനെ ഉള്ളിൽനിന്നൊഴിവാക്കാൻ കഴിയുന്നില്ല. തത്ത്വജ്ഞാനികളെന്നും താർക്കികരെന്നും അറിയപ്പെടുന്നവർ വലിയ തത്ത്വജ്ഞാനങ്ങൾ വിളമ്പുകയും തെളിവുകൾ സമർപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ അവരുടെ ഹൃദയങ്ങളിലും വിഗ്രഹമുണ്ട്. തങ്ങളുടെ വിജ്ഞാനത്തിന്റെ അഹങ്കാരംതന്നെ അവരുടെ വിഗ്രഹമായിട്ടുണ്ട്. അവരുടെ വീക്ഷണങ്ങൾ അവരുടെ വിഗ്രഹങ്ങളാകുന്നു. അവർക്ക് അതിനെ മാറ്റാൻ കഴിയുന്നില്ല.

അവിടന്ന് പറയുന്നു: "അല്ലാഹുവിന്റെ ഔദാര്യമില്ലാതെ ഈ കീടങ്ങളെ ഉള്ളിൽനിന്ന് പുറത്താക്കാൻ സാധ്യമല്ല. ഇത് അതിസൂക്ഷ്മങ്ങളായ കീടങ്ങളാകുന്നു. ഏറ്റവുമധികം വിഷമവും നഷ്ടവും ഇവയെക്കൊണ്ടുതന്നെയാണുള്ളത്. സ്വേച്ഛകളാൽ വശംവദരായി അല്ലാഹുവിന്റെ കടമകളിൽനിന്നും പരിധികളിൽനിന്നും പുറത്തുപോകുന്നു. ഇപ്രകാരം അവർ മനുഷ്യരോടുള്ള കടമകളും നശിപ്പിച്ചു കളയുന്നു. ഇവർ വിദ്യാഭ്യാസമില്ലാത്തവരല്ല. പ്രത്യുത അവരിൽ ആയിരക്കണക്കിന് മൗലവിമാരേയും പണ്ഡിതന്മാരേയും കാണാം. ഒരുപാടുപേർ കർമശാസ്ത്രിമാരെന്നും സൂഫിയാക്കളെന്നും പറയപ്പെടുന്നവരുമാണ്. ഇതൊക്കെയായിട്ടും അവരും ഈ രോഗങ്ങളിൽ അകപ്പെട്ടിരിക്കുന്നതായി കാണാം. മനുഷ്യരോടുള്ള കടമകൾ നിർവഹിക്കാതിരിക്കുമ്പോൾ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിന്റെ പൊരുൾ അവർ വിസ്മരിക്കുന്നു. ഈ വിഗ്രഹങ്ങളിൽനിന്ന് അകന്നു നില്ക്കുന്നതാണ് ധീരത. വലിയ വലിയ ആളുകളെന്നും വലിയ നന്മകളുള്ള ആളുകളെന്നും നിങ്ങൾ മനസ്സിലാക്കുന്നവരുണ്ട്. എന്നാൽ, അങ്ങനെയല്ല ബിംബങ്ങൾ അവരുടെ ഉള്ളിലുമുണ്ട്.

പ്രസ്തുത വിഗ്രഹങ്ങളിൽനിന്ന് അകന്നു നിൽക്കലാണ് ധീരത. പൂർണമായും അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിറവേറ്റുമ്പോഴാണ് ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ ശരിയായ യാഥാർഥ്യം മനസ്സിലാകുന്നത്. അതുതന്നെയാണ് ധീരത. "അതു തിരിച്ചറിയുന്നതുതന്നെയാണ് ഉന്നതമായ ബുദ്ധിയും വിവേകവും."അവിടന്ന് പറഞ്ഞു: "ഈ വിഗ്രഹങ്ങൾ കാരണം പരസ്പരം കാപട്യം പതിയുന്നു. നിരവധി കൊലപാതകങ്ങൾ നടക്കുന്നു. ഒരു സഹോദരൻ മറ്റവന്റെ അവകാശം പിടിച്ചെടുക്കുന്നു. ഇങ്ങനെ ആയിരക്കണക്കിന് തിന്മകൾ അവർ കാരണത്താലുണ്ടാകുന്നു. എല്ലാ ദിവസ

### ത്വാലിബെ ദുആ

**"തീർച്ചയായും നിങ്ങളുടെ ആരാധ്യൻ അല്ലാഹു മാത്രമാണ്. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവന്റെ അറിവ് എല്ലാ വസ്തുക്കളോടും ഉൾപ്പെടുത്തിയിരിക്കുന്നു."(20:99)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


### • അല്ലാഹുവിന്റെ കലാം: •

**"ഏതൊരാൾ തന്റെ നാഥന്റെ അടുക്കൽ കുറ്റവാളിയായുംകൊണ്ട് ഹാജരാകുന്നുവോ തീർച്ചയായും അവന് നരകമാണ് ലഭിക്കുക. അവനതിൽ മരിക്കുകയുമില്ല. ജീവിക്കുകയുമില്ല."(20:75)**

ത്വാലിബെ ദുആ: **K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

വും എല്ലാ നേരത്തുമുണ്ടാകുന്നു. കാര്യഹേതുക്കളിൽ എത്രമാത്രം വിശ്വാസമാണെന്നാൽ ദൈവത്തെ പാഴായ അവയവമായി മാറ്റിവെച്ചിരിക്കുന്നു."അവിടന്ന് പറഞ്ഞു: "കുറഞ്ഞ ആളുകൾ മാത്രമെ തൗഹീദിന്റെ യഥാർഥ ആശയം മനസ്സിലാക്കിയിട്ടുള്ളു. ഇതു അവരോടു പറഞ്ഞാൽ തങ്ങൾ മുസ്‌ലിമീങ്ങളല്ലേ? തങ്ങൾ കലിമ ചൊല്ലന്നവരല്ലേ? എന്ന് ക്ഷണത്തിൽ ചോദിക്കുന്നു. എന്നാൽ, ഖേദകരമെന്നു പറയട്ടെ, ഇവർ വാകൊണ്ട് കലിമ ചൊല്ലുന്നത് മതിയായതാണെന്ന് ധരിക്കുന്നു. ഞാൻ ഉറപ്പായും പറയുന്നു, മനുഷ്യൻ പരിശുദ്ധ കലിമയുടെ യാഥാർഥ്യം മനസ്സിലാക്കുകയും കർമപരമായി അതിൽ ഉറച്ചുനില്ക്കുകയുമാണെങ്കിൽ വളരെ വലിയ പുരോഗതി നേടാൻ സാധിക്കുന്നതാണ്. അല്ലാഹുവിന്റെ അത്ഭുതാവഹമായ ശക്തികൾ കാണാൻ കഴിയുന്നതാണ്.

"ഇക്കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക, ഞാൻ ഈ സ്ഥാനത്ത് ഒരു സാധാരണ ഉപദേശിയെപ്പോലെയല്ല നില്ക്കുന്നത്. എന്തെങ്കിലും കഥ പറയാനുമല്ല നിൽക്കുന്നത്. പ്രത്യുത ഞാൻ സാക്ഷ്യം വഹിക്കാനാണ് നില്ക്കുന്നത്. അല്ലാഹു എനിക്കു നല്കിയ സന്ദേശം ഞാനെത്തിക്കുകയാണ്. ആരെങ്കിലും ഇതു കേൾക്കുന്നുണ്ടോ ഇല്ലേ, ആരെങ്കിലും ഇത് അംഗീകരിക്കുന്നുണ്ടോ ഇല്ലേ, എന്നൊന്നും ഞാൻ ഗൗനിക്കുന്നില്ല. അതിന്റെ മറുപടി നിങ്ങൾതന്നെ നല്കുന്നതായിരിക്കും. ഞാൻ നിർബന്ധ കടമ നിറവേറ്റേണ്ടതാണ്. ധാരാളമാളുകൾ എന്റെ ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിലും, അവർ തൗഹീദ് സമ്മതിക്കുന്നുമുണ്ട്, എന്നാൽ, ഞാൻ വ്യസനത്തോടെ പറയുന്നു അവർ വിശ്വസിക്കുന്നില്ല.

"ആരാണോ തന്റെ സഹോദരന്റെ അവകാശം ധ്വംസിക്കുകയും വഞ്ചന കാണിക്കുകയും മറ്റു തിന്മകളിൽനിന്ന് പിൻമാറാതിരിക്കുകയും ചെയ്യുന്നത് അവൻ തൗഹീദിനെ അംഗീകരിക്കുന്നവനാണെന്ന് ഞാൻ കരുതുന്നില്ല. കാരണം ആ അനുഗ്രഹം സിദ്ധിച്ചാലുടൻ മനുഷ്യന്റെ ഉള്ളിൽ ഒരു അസാധാരണ മാറ്റം ഉണ്ടാകുന്നു. തൗഹീദിനെ അംഗീകരിക്കുന്നവനിൽ ഒരു മാറ്റമുണ്ടാകേണ്ടതാണ്. അവനിൽ വൈരാഗ്യം , വെറുപ്പ്, അസൂയ, പ്രദർശനപരത തുടങ്ങിയ വിഗ്രഹങ്ങൾ ഉണ്ടായിരിക്കുകയില്ല. അല്ലാഹുവുമായി അവന് സാമീപ്യമുണ്ടാകും. ഈ മാറ്റവും യഥാർഥ തൗഹീദിന്റെ വക്താവുമാകുന്നത് മനുഷ്യന്റെ ഉള്ളിലെ വിഗ്രഹങ്ങളായ അഹങ്കാരം, സ്വാർഥത, പ്രദർശനപരത, വെറുപ്പ്, ശത്രുത, അസൂയ, പിശുക്ക്, കാപട്യം, വാഗ്ദാന ലംഘനം തുടങ്ങിയവ അകന്നുപോകുമ്പോഴാണ്. ഈ വിഗ്രഹങ്ങൾ ഉള്ളിലുണ്ടായിരിക്കെ മനുഷ്യൻ ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്നത് എങ്ങനെയാണ് സത്യസന്ധമാകുക?

ചുരുക്കത്തിൽ ഈ റമളാനിൽ ഈ വിഗ്രഹങ്ങളിൽനിന്ന് തങ്ങളെ പരിശുദ്ധരാക്കിവെക്കാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്. അങ്ങനെ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിന്റെ ശരിയായ വിവക്ഷിതം മനസ്സിലാക്കേണ്ടതും അതിൽ വിശ്വാസം വരിക്കേണ്ടതുമാണ്. അവിടന്ന് പറഞ്ഞു: "ഇതിൽ എല്ലാത്തിനേയും നിരാകരിക്കുക എന്നതാണ് ഉദ്ദേശ്യം. അതിനാൽ വാകൊണ്ട് ദൈവം ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കുന്നുവെന്ന് പറഞ്ഞതുകൊണ്ടുമാത്രം ഒരു പ്രയോജനവുമുണ്ടാകുന്നതല്ല. വാകൊണ്ട് കലിമ ചൊല്ലുകയും സാഹചര്യം അല്പമെങ്കിലും പ്രതികൂലമാകുകയും ചെയ്താൽ കോപതാപങ്ങളെ ദൈവമാക്കി മാറ്റുകയും ചെയ്യുന്നു.

ഞാൻ വീണ്ടും വീണ്ടും പറയുന്നു, എപ്പോഴും ഓർക്കുക, ഈ ഗോപ്യനായ ആരാധ്യൻ ഉള്ളിടത്തോളം ഒരിക്കലും യഥാർഥ ഏക ദൈവവിശ്വാസിക്ക് ലഭ്യമാകുന്ന സ്ഥാനം നിങ്ങൾക്കു കിട്ടുമെന്ന് നിങ്ങൾ ധരിക്കേണ്ടതില്ല. ഭൂമിയിൽ എലി ഉള്ളിടത്തോളം പ്ലേഗിൽനിന്ന് സുരക്ഷിതരല്ലെന്നു പറയുന്നതുപോലെയാണിത്. അതുകൊണ്ട് തിന്മകളുടെ എലി അകത്തുള്ള കാലത്തോളം വിശ്വാസം അപകടത്തിലാകുന്നു. ഞാൻ പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ചുവടുകൾ വെക്കുകയും ചെയ്യുക."അവിടന്ന് പറഞ്ഞു: "കലിമയെ സംബന്ധിച്ച പ്രഭാഷണത്തിന്റെ രത്നച്ചുരുക്കമെന്തെന്നാൽ അല്ലാഹു നിങ്ങളുടെ ആരാധ്യനും പ്രേമഭാജനവും ലക്ഷ്യവുമാകണമെന്നാണ്. ഈ സ്ഥാനം കിട്ടുന്നത് എല്ലാ തരത്തിലുള്ള ആന്തരികമായ തിന്മകളിൽനിന്നും പരിശുദ്ധമാകുകയും നിങ്ങളുടെ മനസ്സിലിരിക്കുന്ന ബിംബങ്ങളെ പുറത്താക്കുകയും ചെയ്യുമ്പോഴാണ്."(മൽഫൂദാത്ത് വാള്യം 9, പേജ് 101–108, അടിക്കുറിപ്പോടുകൂടി പേജ് നമ്പർ 104, 1984 പതിപ്പ്)

അല്ലാഹു നമ്മെ റമളാനിലെ ബാക്കി ദിവസങ്ങളിൽ പ്രത്യേകമായ നിലയിൽ പരിശ്രമംകൊണ്ടും ദുആകൊണ്ടും നമ്മുടെ ഉള്ളിലുള്ള സകല തിന്മകളേയും പുറത്താക്കുന്നവരാകട്ടെ.

അതിസൂക്ഷ്മമായ എല്ലാത്തരം ശിർക്കിൽനിന്നും രക്ഷപ്പെടുന്നവരാകട്ടെ. എല്ലാത്തരം വിഗ്രഹങ്ങളേയും ഒഴിവാക്കുന്നവരായിത്തീരട്ടെ. അല്ലാഹുതന്നെ നമ്മുടെ ആരാധ്യനും ഉദ്ദേശ്യവും പ്രേമഭാജനവുമാകുമാറാകട്ടെ. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന കലിമയുടെ യാഥാർഥ്യത്തെ മനസ്സിലാക്കുന്നവരാകട്ടെ. മുഹമ്മദു റസൂലുല്ലാഹ് എന്ന് പ്രഖ്യാപിക്കുമ്പോൾ നബി(സ)തിരുമേനി നമുക്കു മുമ്പിൽ സ്ഥാപിച്ച കർമപരമായ ജീവിതത്തിന്റെ മനോഹരമായ മാതൃക അവലംബമാക്കാൻ നമുക്ക് കഴിയുമാറാകട്ടെ. ഇതൊന്നും തന്നെ അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ സ്വായത്തമാക്കാൻ കഴിയില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കാൻ നമുക്ക് കർമപരമായും ആത്മീയപരമായും ജിഹാദു ചെയ്യേണ്ടിവരുന്നതാണ്.

റമളാനിലെ അവസാനത്തെ പത്തിൽ ലയ്‌ലത്തുൽഖദ്റിനെ പറ്റി സംസാരിക്കാറുണ്ട്. ലയ്‌ലത്തുൽ ഖദ്ർ നമ്മുടേതായ എല്ലാംതന്നെ, നമ്മുടെ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ കൽപനകൾക്കനുസരിച്ച് ആക്കാൻ തയ്യാറാകുമ്പോഴും അതനുസരിച്ച് പ്രവർത്തിക്കുമ്പോഴും അതിനെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കി മാറ്റുമ്പോഴുമാണ് ലഭിക്കുക. ഇതാണ് ലയ്‌ലത്തുൽഖദ്ർ പ്രാപിക്കാനുള്ള യഥാർഥമായ അടയാളം.

തങ്ങൾ പ്രകാശം കണ്ടു, ഇന്ന കാര്യം ദർശിച്ചു, തങ്ങൾക്ക് ഇങ്ങനെ അനുഭവപ്പെട്ടു, മഴവന്നു,സുഗന്ധം പരന്നു തുടങ്ങിയവയെല്ലാം താൽക്കാലികമായ അടയാളങ്ങളാണ്. യഥാർഥ അടയാളമെന്നത് നമ്മുടെ ഹൃദയങ്ങളിലുണ്ടാകുന്ന വിപ്ലവമാകുന്നു.

മൂന്നു ദിവസം നമ്മൾ ആത്മാർഥമായി ദുആ ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം പ്രകടമാകുമെന്ന് ഞാൻ പറഞ്ഞതിനെ തുടർന്ന് ചില ജമാഅത്തുകൾ മൂന്നു ദിവസം പ്രത്യേക ദുആകൾക്കുള്ള പരിപാടി ഉണ്ടാക്കിയിട്ടുണ്ട്. നമ്മൾ ഈ മൂന്നുദിവസം പ്രത്യേകമായി ദുആകളിൽ മുഴുകാനാണ് നിജപ്പെടുത്തിയിട്ടുള്ളതെങ്കിൽ പിന്നീട് നമ്മൾ പഴയ ജീവിതരീതിയിലേക്ക് മടങ്ങി വരികയും **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിന്റെ യഥാർഥ ലക്ഷ്യം വിസ്മരിക്കുകയും ചെയ്യുകയാണെങ്കിൽ ഓർക്കുക, അല്ലാഹു നമ്മുടെ ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനാകുന്നു. നമ്മുടെ ഉദ്ദേശ്യങ്ങൾ അറിയുന്നവനാകുന്നു. അവനിൽനിന്ന് ഒരു കാര്യവും മറഞ്ഞിരിക്കുന്നില്ല. അതുകൊണ്ട് പ്രയോജനമൊന്നും ലഭിക്കുകയില്ല.

അല്ലാഹുവിനെ പ്രീതിപ്പെടുത്താൻവേണ്ടി ദുആകളിൽ മുഴുകാനാഗ്രഹിക്കുന്നെങ്കിൽ പിന്നെ ഈ ദിവസങ്ങളെ നമ്മുടെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കുമെന്ന് പ്രതിജ്ഞ ചെയ്ത് പൂർത്തിയാക്കുക. പിന്നീട് ശത്രുക്കളിൽനിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകളെ ദൂരീകരിക്കാൻ അല്ലാഹു പ്രത്യേകമാ സഹായവും പിന്തുണയും പ്രകടമാക്കുന്നതാണ്.(ഇൻശാഅല്ലാഹ്). നമ്മൾ അല്ലാഹുവിന്റേതായി ത്തീർന്നാൽ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നമ്മുടെ സുഹൃത്തായി തീരുന്നതാണ്. ഓരോ ജമാഅത്തംഗവും ആരും ഒഴിഞ്ഞുപോകാതെ തങ്ങളുടെ അവസ്ഥകളിൽ മാറ്റം വരുത്തുകയാണെങ്കിൽ അത് വിപ്ലവമായിരിക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. അതിനാൽ ഈ മൂന്നു ദിവസത്തെ പരിപാടി ഉണ്ടാക്കിയവർ ഈ യാരു അവസ്ഥ തങ്ങളിൽ ഉണ്ടായിട്ടില്ലെങ്കിൽ മൂന്നു ദിവസത്തിനുശേഷം അല്ലാഹു ദുആകൾ സ്വീകരിക്കുന്നില്ലെന്നും ഒരു മാറ്റവുമുണ്ടായിട്ടില്ലെന്നും കരുതരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നും അദ്ദേഹത്തിന്റെ ജമാഅത്തിനും വിജയങ്ങൾ ശീഘ്രഗതിയിലോ കുറച്ചുകാലത്തിനുശേഷമോ നൽകുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതേ സമയം നമ്മൾ നമ്മുടെ അവസ്ഥകളിൽ വിപ്ലവമുണ്ടാക്കുകയും ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് നമ്മുടെ ആരാധ്യനും ലക്ഷ്യവും പ്രേമഭാജനവും അല്ലാഹുവിനെ ആക്കുകയാണെങ്കിൽ ഭൗതികതയെക്കാളുപരി അല്ലാഹുവിനോടുള്ള സ്നേഹവും അവനെ പ്രാപിക്കുന്നതും നമ്മുടെ ലക്ഷ്യമാകുകയാണെങ്കിൽ ഈ വിപ്ലവം പെട്ടെന്ന് ഉണ്ടാകുകയും ചെയ്യും.

അല്ലാഹു നിരാശ്രയനാകുന്നു. അവന്റെ കാര്യങ്ങളിൽ നിബന്ധനകളുമുണ്ടാകും. അതുകൊണ്ട് നമ്മൾ നമ്മുടെ അവസ്ഥകളിൽ സ്ഥിരമായ മാറ്റമുണ്ടാക്കുമെന്നുള്ള പ്രതിജ്ഞ ചെയ്യേണ്ടതാണ്.

നബി(സ)തിരുമേനി റമളാനിലെ അവസാനത്തെ പത്ത് നരകത്തിൽനിന്ന് മോചനത്തിനുള്ളതാണെന്ന് പറയുകയുണ്ടായി. ഞാൻ വിവരിച്ചു വന്നതുപോലെ **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മുദുർറസൂലുല്ലാഹ്** എന്ന് ഹൃദയാത്മനാ പ്രഖ്യാപിക്കുന്നവനിൽ നരകാഗ്നി നിഷിദ്ധമാക്കപ്പെടുന്നതാണ്. ഇതെല്ലാം വ്യക്തമാക്കുന്നത് മനുഷ്യൻ സ്ഥായിയായ കർമങ്ങൾ ചെയ്യണമെന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഞാൻ അത് വിശദീകരിക്കുകയും ചെയ്തതാണ്. അതായത് **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മുദുർറസൂലുല്ലാഹ്** എന്ന് പറയുന്നതിനോടൊപ്പം കർമങ്ങളും വളരെ അനിവാര്യമാണ്.

ചുരുക്കത്തിൽ അവസാനത്തെ പത്തിൽനിന്ന് ശരിയായ പ്രയോജനമുൾക്കൊള്ളാൻ, യഥാർഥ നിലയിൽ ലയ്‌ലത്തുൽഖദ്ർ കരസ്ഥമാക്കാൻ, **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മുദുർറസൂലുല്ലാഹ്** എന്ന കലിമയെ ഹൃദയാന്തരങ്ങളുടെ ശബ്ദമാക്കിമാറ്റാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നമ്മുടെ എല്ലാ കർമത്തിലും അതിനെ പ്രാവർത്തികമാക്കേണ്ടതാണ്. അല്ലാഹു നമുക്ക് ഇതനുസരിച്ച് ജീവിതം കഴിച്ചുകൂട്ടാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ദിനങ്ങളിൽ പൊതുവായി ലോകസമാധാനം നിലനില്ക്കുന്നതിനുവേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു മനുഷ്യകുലത്തിനുമേൽ കരുണയും അനുഗ്രഹവും വർഷിക്കുമാറാകട്ടെ.

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

2022 ഖാദിയാൻ ജൽസ സാലാനയിൽ ചെയ്ത പ്രസംഗം

# ഖിലാഫത്തിന്റെ കോട്ട

താരിഖ് അഹ്മദ്, സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത്, ഇൻചാർജ് ശുഅ്ബ നൂറുൽഇസ്‌ലാം
വിവർത്തകൻ: മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്

وَإِذْ قَالَ رَبُّكَ لِلْمَلَائِكَةِ إِنِّي جَاعِلٌ فِي الْأَرْضِ خَلِيفَةً قَالُوا أَتَجْعَلُ فِيهَا مَنْ يُفْسِدُ فِيهَا وَيَسْفِكُ الدِّمَاءَ وَنَحْنُ نُسَبِّحُ بِحَمْدِكَ وَنُقَدِّسُ لَكَ قَالَ إِنِّي أَعْلَمُ مَا لَا تَعْلَمُونَ

*''ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോടു പറഞ്ഞ സന്ദർഭം. അവർ പറഞ്ഞു:അവിടെ കുഴപ്പു മുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ നിശ്ചയിക്കുകയാണോ? ഞങ്ങളാവട്ടെ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞു: നിശ്ചമായും നിങ്ങളറിയാത്തത് ഞാൻ അറിയുന്നുണ്ട്.*

സിദ്ഖ് സെ മേരീ തരഫ് ആവോ
ഇസീ മെ ഖയ്ർ ഹെ
ഹൈ ദരിൻദെ ഹർ തരഫ് മെ
ആഫിയത്ത കാ ഹൂം ഹിസ്വാർ

സത്യസന്ധമായി എന്നിലേക്കു വരിക. ഇതിലാണ് നന്മയുള്ളത്. നാലുഭാഗത്തും വന്യജീവികളാണുള്ളത്. ഞാൻ സൗഖ്യത്തിന്റെ കോട്ടയാകുന്നു.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''ഈ കാലഘട്ടത്തിലെ അന്യാധീനപ്പെടാത്ത അജയ് ദുർഗമാകുന്നു ഞാൻ. എന്നിൽ പ്രവേശിക്കുന്നവനാരോ അവൻ കള്ളന്മാരിൽനിന്നും ഹിംസ്രജന്തുക്കളിൽനിന്നും രക്ഷിക്കപ്പെടും. എന്നാൽ, എന്റെ കോട്ടമതിലുകളിൽനിന്ന് അകന്നു നിൽക്കാൻ ആഗ്രഹിക്കുന്നവനാരോ അവന്റെ മുമ്പിൽ ഏതു ഭാഗത്തും മരണം വന്നുനില്ക്കും. അവന്റെ മൃൽപിണ്ഡംപോലും രക്ഷയിലായിരിക്കില്ല.'' (ഫത്ഹെ ഇസ്‌ലാം മലയാളം തർജമ, പേജ് 66)

ഹദ്റത്ത് ആദം(അ)ന്റെ ഖിലാഫത്തിന്റെ ആരംഭഘട്ടത്തിൽത്തന്നെ യഥാർഥ സ്രഷ്ടവും മലക്കുളും തമ്മിലുള്ള സംഭാഷണം ഒരു കാര്യം നല്ലവണ്ണം വ്യക്തമാക്കുന്നുണ്ട്. അതായത് ഖലീഫയുടെ സമാധാനം പ്രദാനം ചെയ്യുന്ന അസ്തിത്വത്തോടൊപ്പം എത്രത്തോളം രക്തച്ചൊരിച്ചിലിന്റേയും കുഴപ്പങ്ങളുടേയും കാർമേഘങ്ങൾ ഉരുണ്ടുകൂടിയതായി കാണാൻ കഴിയുന്നുവോ അതിന്റെ പിന്നിലെ സൂത്രധാരകനാരാണെന്നും സൗഖ്യത്തിന്റെ ഏതു കോട്ടമതിലാണ് ഈ അക്രമണങ്ങളിൽനിന്ന് ഭൂമിയെ ശുദ്ധീകരിക്കുന്നതെന്നുമുള്ള യാഥാർഥ്യം മനസ്സിലാക്കാൻ മലക്കുകൾക്കുപോലും കഴിഞ്ഞില്ല. എന്തായാലും അല്ലാഹുവിന്റെ ഹ്രസ്വമായ മറുപടി ഇന്നീ അഅ്‌ലമു മാലാ തഅ്‌ലമൂൻ മലക്കുകളെ നിരുദ്ധകണ്ഠരാക്കുന്നതായിരുന്നു;തീർച്ചയായും ആ എല്ലാ കാര്യങ്ങളും ഞാൻ അറിയുന്നു, അതു നിങ്ങ ളറിയുന്നില്ല.

ലോകചരിത്രം സാക്ഷിയാണ്. പിന്നെ അല്ലാഹുവിന്റെ തഖ്ദീർ, 'ഖിലാഫത്ത് സൗഖ്യത്തിന്റെ കോട്ടമതിൽ' എന്ന വിഷയം തന്റെ പ്രതാപപരമായ ശക്തിപ്രഭാവംകൊണ്ട് അങ്ങേയറ്റം വ്യക്തമാക്കിത്തരികയുണ്ടായി. അതിന്റെ ഫലമായി ജിന്നും ഇൻസും എന്നുവേണ്ട മലക്കുകളും തങ്ങളുടെ അറിവില്ലായ്മ അംഗീകരിച്ചുകൊണ്ട് സാഷ്ടാംഗം പ്രണമിക്കുന്നു.

ഈ വിഷയം പഴങ്കഥയൊന്നുമല്ല. പ്രത്യുത എന്നെന്നും നിലനില്ക്കുന്ന വിഷയമാണ്. അതിന് അതിരുകളൊന്നുമില്ല. അൽഹംദുലില്ലാഹ് നമ്മൾ ഭാഗ്യമുള്ള ജമാഅത്താണ്. നമ്മൾ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളും ബർക്കത്തുകളും അത് സൗഖ്യത്തിന്റെ കോട്ടമതിലുമാണെന്നുള്ള ഈമാൻ വർധിപ്പിക്കുന്ന ദൃശ്യങ്ങളുടെ ദൃക്സാക്ഷികളും അതിന്റെ അടയാളങ്ങൾ കണ്ടുകൊണ്ടിരിക്കുന്നവരുമാണ്.

ഇഹ്സാൻ ഇസ് ഹം പെ ഹൈ
ബേഹദ് വ ബേകറാൻ
ജോ ഗിൻ സകെ ഉൻഹേ നഹീം
അയ്സി കോയി സബാൻ

*അല്ലാഹുവിന്റെ അതിരറ്റതും കരകാണാത്തതുമായ ഔദാര്യമാണ് നമ്മുടെ മേലുള്ളത്. അത് എണ്ണിക്കണക്കാൻ പറ്റിയ ഒരു നാവുമില്ല.*

ഖിലാഫത്ത് വ്യവസ്ഥിതി ഒരു അനുഗൃഹീത വ്യവസ്ഥിതിയാണ്. അതു മുഖേന നുബുവ്വത്താകുന്ന സൂര്യൻ അസ്തമിച്ചതിനുശേഷം അല്ലാഹു നുബുവ്വത്തിന്റെ ചന്ദ്രനെ ഉദിപ്പിക്കുന്നതിനുള്ള സംവിധാനം ചെയ്യുന്നു. അങ്ങനെ നബിയുടെ വഫാത്തിനുശേഷം നവാഗതരായ ജമാഅത്തിനുണ്ടാകുന്ന വൻ മുസ്വീബത്തിൽനിന്നും ജമാഅത്തിനെ രക്ഷപ്പെടുത്തുന്നു.

ഖിലാഫത്ത് വ്യവസ്ഥിതി എന്നത് അല്ലാഹു വിശ്വാസികളായ ജമാഅത്തിന് അവരുടെ ആത്മീയമായ നിലനില്പിനും പുരോഗതിക്കുംവേണ്ടി നല്കപ്പെടുന്ന അനുഗൃഹീത വ്യവസ്ഥിതിയാണ്. വിശ്വസിക്കുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്യുമെന്ന അടിസ്ഥാനനിബന്ധനകളാൽ ഉപാധി വെക്കപ്പെട്ട ഒരു മഹത്തായ പാരിതോഷികമാണ്. ഇതു ദൈവികമായ നിലയിൽ ലഭിച്ചതുകൊണ്ട് ദൈവികപാശമാണ്. ഈ ദൈവിക പാശത്തെ മുറുകെ പിടിക്കുകയെന്നത് വിശ്വാസികളുടെ ജമാഅത്തിന് അവരുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയും സമാധാനത്തിനും അവരുടെ ആത്മീയപുരോഗതിക്കുമുള്ള ജാമ്യവുമാണ്.

ഇന്നു ലോകം അതിവേഗം നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ഈ അവസ്ഥയെ കോറി ഇട്ടുകൊണ്ട് കാലേ കൂട്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം വെളിപ്പെടുത്തി: അല്ലയോ യൂറോപ്പേ! നീ രക്ഷയിലല്ല, അല്ലയോ ഏഷ്യാ! നീയും രക്ഷയിലല്ല. ഓ ദ്വീപുകളിൽ വസിക്കുന്നവരേ! നിങ്ങളാൽ നിർമിതമായ ഒരു ദൈവവും അന്നാളിൽ നിങ്ങളെ സഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നതായി ഞാൻ കാണുന്നു. ജനബാഹുല്യമുള്ള ദേശങ്ങൾ ജനശൂന്യങ്ങളായി ഭവിക്കുന്നതും ഞാൻ കാണുന്നു. ഏക നായ അല്ലാഹു ഒരു കാലംവരെ നിശബ്ദനായിരുന്നു. അവന്റെ കൺമുമ്പിൽ വെറുക്കപ്പെട്ട പ്രവർത്തികൾ ചെയ്യപ്പെട്ടു. അവൻ മൗനം പാലിച്ചു. എന്നാൽ, ഇപ്പോൾ അവൻ ഗാംഭീര്യത്തോടുകൂടി തന്റെ മുഖം കാണിക്കുന്നതായിരിക്കും. കേൾക്കാനുള്ള ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. അതായത് ആ സമയം വിദൂരമല്ല. അല്ലാഹുവിന്റെ അഭയത്തിന്റെ കീഴിൽ എല്ലാവരേയും ഒരുമിച്ചുകൂട്ടാൻ ഞാൻ ശ്രമിച്ചു. ദൈവവിധിയുടെ ഏടുകൾ പൂർത്തിയാകേണ്ടതുണ്ടായിരുന്നു. ഞാൻ സത്യമായും സത്യമായും പറയുന്നു, ഈ രാജ്യത്തിന്റെ അവധിയും അടുത്തുവന്നുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽവരും. ലൂത്വിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ട് കാണും. എന്നാൽ, അല്ലാഹു ശിക്ഷിക്കുന്നതിൽ സാവധാനിയാണ്. പശ്ചാത്തപിച്ചു മടങ്ങുക, നിങ്ങളിൽ കരുണ ചെയ്യപ്പെടാൻ. അല്ലാഹുവിനെ ഉപേക്ഷിക്കുന്നവൻ ഒരു കീടമാണ്. അവൻ മനുഷ്യനല്ല. അവനെ ഭയപ്പെടാത്തവൻ മരിച്ചവനാണ്. ജീവിച്ചിരിക്കുന്നവനല്ല.'' (ഹഖീഖത്തുൽ വഹ്‌യ്, പേജ് 28).......................

ഇന്ന് മനുഷ്യകുലത്തിന്റെ അവസ്ഥ ''*വ കുൻതും അലാ ശഫാ ഹുഫ്റത്തിൻമ്മിനന്നാരി*''(3:104) (നിങ്ങൾ ഒരു അഗ്നി കുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് അവൻ നിങ്ങളെ രക്ഷിച്ചു)എന്നതുപോലെയാണ്. ഇന്ന് ലോകം ഒരു വലിയ നാശത്തിന്റെ വക്കിലാണ്. അസമാധാനത്തിന്റേയും ഭയപ്പാടിന്റേയും അന്തരീക്ഷമാണ് നിലനില്ക്കുന്നത്. യുദ്ധം തലയ്ക്കുമീതെ വന്നു നില്ക്കുന്നു. ലോത്ത് മനുഷ്യന് മറ്റു ഭൗതികമായ ആവശ്യങ്ങൾക്കൊപ്പം ശാന്തിയുടേയും സമാധാനത്തിന്റേയും സൗഖ്യത്തിന്റേയും ആവശ്യം എത്ര കണ്ട് നിർബന്ധമാണോ അത്രകണ്ട് ഇതിനുമുമ്പേ ഒരിക്കലുമുണ്ടായിട്ടില്ല. മൂന്നാം ലോകമഹായുദ്ധത്തിന്റെ ആശങ്കൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയിൽ മനുഷ്യന്റെ സഹാനുഭൂതിക്കും അങ്ങേയറ്റത്തെ സേവനത്തിനും അവന്റെ സൗഖ്യത്തിനുവേണ്ടി ദുആ ചെയ്യുന്ന പരിശുദ്ധമായൊരു ദൈവിക സംവിധാനം അഹ്മദിയ്യ ഖിലാഫത്താണ്. ഇന്നു ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് അഹ്മദിയ്യ ഖിലാഫത്ത് പരിശ്രമിക്കുന്നുവോ അതിന്റെ മാതൃക മറ്റെവിടേയും കാണാൻ സാധ്യമല്ല. നമ്മുടെ പ്രിയങ്കരനായ ഇമാം അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് മൂന്നാം ലോകമഹായുദ്ധത്തെ കുറിച്ച് ദീർഘകാലമായി ലോകത്തോടു പറഞ്ഞുകൊണ്ടിരിക്കുകയാണ്. സമാധാനത്തിനും രഞ്ജിപ്പിനും വേണ്ടി ശ്രമിക്കുന്ന ഒരേയൊരു ലോകനേതാവാണ് അദ്ദേഹം. നമ്മൾ അദ്ദേഹത്തിൽ വിശ്വസിക്കുന്നതുകൊണ്ട് ഭാഗ്യവാന്മാരാണ്. എന്നാൽ, വിശ്വസിക്കാത്തവർക്കുംവേണ്ടി വേദന അനുഭവിക്കുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയും അവരുടെ നന്മ ആഗ്രഹിക്കുകയും ചെയ്യുന്നു. കാരണം ഇക്കാലത്ത് സൗഖ്യത്തിന്റെ കോട്ടയിലുള്ളത് അഹ് മദിയ്യ ഖിലാഫത്ത് മാത്രമാണ്.

ഇന്ന് നിരീശ്വരത്വം തിമിർത്താടുകയാണ്. ജനങ്ങൾ തങ്ങളുടെ സ്രഷ്ടാവിനെ മറന്നിരിക്കുന്നു.അതിന്റെ ഫലമായി സ്വന്തമായും കൂട്ടമായും അസമാധാനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ പ്രിയങ്കരനായ ഇമാം സൗഖ്യത്തിന്റെ കോട്ടയിലേക്ക് അഥവാ ദൈവത്തെ തിരിച്ചറിയുന്നതിലേക്ക് ലോകത്തിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്ത് യഥാർഥവും സുസ്ഥിരവുമായ സമാധാനം സ്ഥാപിക്കുന്നതിന് അല്ലാഹുവിന്റെ അസ്തിത്വത്തെ തിരിച്ചറിയുകയും അവനോടുള്ള കടമകൾ നിറവേറ്റുകയും മനുഷ്യരോടുള്ള കടമകൾ നിറവേറ്റുകയും നീതി നടപ്പിലാക്കുകയും ചെയ്യുക എന്ന കാര്യം കടമയാക്കപ്പെട്ടിരിക്കുന്നുവെന്ന് അമീറുൽ മുഅ്മിനീൻ പല യോഗങ്ങളിലും ഖുർആനികാധ്യാപനങ്ങളുടെ വെളിച്ചത്തിലും ചരിത്രപരമായും ഉദാഹരണങ്ങളിലൂടെ സ്ഥാപിക്കുകയുണ്ടായി. അദ്ദേഹം 2022-ലെ ജർമൻ വാർഷിക സമ്മേളനത്തിൽ ഇപ്രകാരം പറഞ്ഞു: ''ലോകത്ത് യഥാർഥ സമാധാനം കൊണ്ടുവരുന്നതിന്, ലോകത്തിന് ഒരു ദൈവമുണ്ടെന്നും എല്ലാവരും സമാധാനത്തിൽ വർത്തിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നുവെന്നുമുള്ള വിശ്വാസം ഉണ്ടാകുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണ്. ഏതുവരെ ഉന്നതമായ ഒരു അസ്തിത്വത്തെ അംഗീകരിക്കാതിരിക്കുന്നുവോ അവനോടുള്ള സ്നേഹം മനസ്സിൽ ഉണ്ടാക്കാതിരിക്കുകും ചെയ്യുന്നുവോ അതുവരെ യഥാർഥ സമാധാനം സ്ഥാപിക്കുവാൻ സാധിക്കുകയില്ല. അല്ലാഹുവാണ് സമാധാനം നല്കുന്നവൻ എന്ന വിശ്വാസം നബി(സ) തിരുമേനി മുഖേന അല്ലാഹുവാണ് സമർപിച്ചത്. ഏതുവരെ ലോകത്ത് യഥാർഥമായ സാഹോദര്യ ബന്ധമുണ്ടാകുന്നില്ലയോ അതുവരെ സമാധാനം സ്ഥാപിക്കാൻ കഴിയുകയില്ല. യഥാർഥ സാഹോദര്യബന്ധം ഏകനായ അല്ലാഹുവിൽ വിശ്വസിക്കാതെ ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയുമില്ല.

ഇക്കാര്യത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാഹ് കത്തുമുഖേന ലോകനേതാക്കന്മാരുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി.

2012 മാർച്ച് 8-ാം തിയതി അദ്ദേഹം അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയെ സംബോധന ചെയ്തു

കൊണ്ടു പറഞ്ഞു: ലോകസമാധാനത്തിന്റെ മോശമായ അവസ്ഥ കണ്ടുകൊണ്ട് താങ്കൾക്ക് ഇങ്ങനെയൊരു കത്തയക്കുന്നത് നിർബന്ധമാണെന്ന് ഞാൻ കരുതുന്നു. കാരണം താങ്കൾ അമേരിക്കയുടെ പ്രസിഡന്റ് സ്ഥാനത്ത് നിയമിതനാണല്ലോ? ഈ രാജ്യം സൂപ്പർപവ്വർ രാജ്യങ്ങളിൽപ്പെട്ടതാണ്. എനിക്ക് താങ്കളോടു മാത്രമല്ല ലോകത്തിലെ മുഴുവൻ നേതാക്കന്മാരോടുമുള്ള അപേക്ഷ ലോകസമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുക എന്നതാണ്. അല്ലാഹു താങ്കൾക്കും മുഴുവൻ ലോകനേതാക്കൾക്കും
ഈ സന്ദേശം മനസ്സിലാക്കാനും ഇതനുസരിച്ച് പ്രവർത്തിക്കാനും സൗഭാഗ്യം തന്നരുളുമാറാകട്ടെ.

ഇപ്രകാരംതന്നെ സയ്യിദുനാ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യോർക് യൂണിവേഴ്സിറ്റി ഒന്റേറിയോ കാനഡയിൽ ചെയ്ത ഉൽഘാടനപ്രഭാഷണത്തിൽ പറഞ്ഞു: നമ്മൾ യഥാർഥമായ നിലയിൽ സമാധാനം സ്ഥാപിക്കാനാഗ്രഹിക്കുന്നുവെങ്കിൽ നീതിയോടുകൂടി പ്രവർത്തിക്കേണ്ടതാണ്. നമുക്ക് നീതിക്കും സമത്വത്തിനും പ്രാധാന്യം നല്കേണ്ടതായി വരും. താനിഷ്ടപ്പെടുന്നത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക എന്ന് നബി(സ)തിരുമേനി എത്രമനോഹരമായാണ് പറഞ്ഞത്. നമ്മുടെ ഗുണത്തിനു മാത്രമല്ല പ്രത്യുത വിശാല മനസ്കതയോടെ പ്രവർത്തിച്ചുകൊണ്ട് ലോകത്തിന്റെ ഗുണത്തിനുവേണ്ടി പ്രവർത്തിക്കുക. ഇക്കാലത്ത് യഥാർഥ സമാധാനം സ്ഥാപിക്കാനുള്ള ഏക മാർഗമാണിത്.(2016 ഒക്ടോബർ 28, യോർക് യൂണിവേഴ്സിറ്റി ഒന്റേറിയോ, കനഡ)

ഖിലാഫത്തിന്റെ തണലിൽ സൗഖ്യത്തിന്റെ കോട്ടയിൽ വരുന്നതിനുള്ള ഒരു ഉദാഹരണം ഇപ്രകാരമാണ്. കൊറോണ മഹാമാരി വന്നതിനുശേഷം സംഘടിതമായി ആരാധന നടത്തുന്ന ലോകത്തുള്ള അധികമതങ്ങളും ആശയകുഴപ്പത്തിൽ അകപ്പെട്ട് തോന്നിയതുപോലെ ചെയ്യാൻ തുടങ്ങി. മുസ്ലിമീങ്ങളുടെ ഇടയിൽ മസ്ജിദിനു പകരമായി വീടുകളിൽ അഞ്ചുനേരം നമസ്കരിക്കുന്നതിനെ സംബന്ധിച്ചും ജുമുഅ നമസ്കരിക്കുന്നതിനെ കുറിച്ചും ചർച്ച വന്നു. ചില സ്ഥലങ്ങളിൽ സംഘട്ടനംവരെ നടന്നു. ചിലർ ഇളവുണ്ടായിട്ടും മസ്ജിദിൽപോയി ഒരു നിയന്ത്രണവുമില്ലാതെ ജമാഅത്തായി നമസ്കരിക്കണമെന്ന് ശാഠ്യം പിടിച്ചു. ഇതിന്റെ ഫലമായി അവർക്ക് നഷ്ടം സഹിക്കേണ്ടിവന്നു. എന്നാൽ, ചിലർ ഇളവിന്റെ പേരിൽ നമസ്കാരംതന്നെ ഉപേക്ഷിക്കുകയുണ്ടായി. അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം 2020 മാർച്ച് 27-ാം തിയതി അദ്ദേഹത്തിന്റെ ഓഫീസിൽനിന്ന് സംപ്രേഷണം ചെയ്ത പ്രത്യേക സന്ദേശത്തിൽ ഈ മഹാമാരിയുടെ അവസ്ഥയിൽ അഹ്മദികൾ വീടുകളിൽ നമസ്കാരവും ജുമുഅയും നിർവഹിക്കേണ്ടതാണെന്ന് നിർദേശം നല്കി. അങ്ങനെ കാലത്തിന്റെ ഖലീഫയെ അനുസരിച്ച് ജമാഅത്ത് പ്രവർത്തിച്ചു. എല്ലാ രീതിയിലും അഹ്മദികളെ വീടുകളിൽ ആരാധന നടത്തുന്നതിനെ സംബന്ധിച്ച് ബോധവൽക്കരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി എല്ലാ അഹ്മദികളും വീടുകളിൽ നമസ്കരിക്കാൻ തുടങ്ങി. ചുരുക്കത്തിൽ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാത്തവർ ആശയക്കുഴപ്പത്തിൽ അകപ്പെട്ടപ്പോൾ ഖിലാഫത്തിന്റെ അനുഗ്രഹത്താൽ ഒരു ഭയവും പ്രയാസവുമുണ്ടായില്ല. ഉത്തരവാദിത്വങ്ങൾ നിർവഹിക്കന്നതിലും ഒരു കുറവുമുണ്ടായില്ല. ഇങ്ങനെ സംഭവിക്കാതിരിക്കുന്നതെങ്ങനെ? അദ്ദേഹം സൗഖ്യത്തിന്റെ കോട്ടയാണല്ലോ. ചുരുക്കത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി ഒരു ഭാഗത്ത് ഈമാനിന്റെ ദൃഢഗാഢമായ പാറമ്മേൽ അടിത്തറയുള്ളതാണെങ്കിൽ മറുഭാഗത്ത് അതിന്റെ കാണ്ഡങ്ങൾ റബ്ബുൽആലമീനിന്റെ അർശിൽ തൊട്ടുനിൽക്കുന്നു. അവിടെ അല്ലാഹുവിന്റെ സഹായത്തിന്റേയും സംരക്ഷണത്തിന്റേയും ദൃശ്യങ്ങൾ എപ്പോഴും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു.

ഖലീഫത്തുൽ മസീഹിന്റെ ദുആയുടെ ഫലമായും ആശ്വസിപ്പിക്കുന്ന വാക്കുകൾ മുഖേനയും ജമാഅത്തംഗങ്ങൾക്ക് മനഃസമാധാനം ലഭിക്കുന്നു. സമാധാനത്തിന്റെ ജാമ്യം ലഭിക്കുന്നു. ഖലീഫത്തുൽ മസീഹിന്റെ പ്രൈവറ്റ് സെക്രട്ടറി മുനീർ ജാവേദ് സാഹിബ് പറയുന്നു:

''2006 മെയ് 4-ാം തിയതി വ്യാഴാഴ്ചയായിരുന്നു. ഫാർ ഈസ്റ്റ് രാജ്യങ്ങളിലെ(far east nations) പര്യടനത്തിൽ ഫിജിയിലായിരുന്നു ഹുദൂർ അയ്യദഹുല്ലാഹ്. രാത്രി രണ്ടരമണിനേരം. റബ്വ, ലണ്ടൻ തുടങ്ങി ലോകത്തിലെ വിവിധ ഭാഗങ്ങളിൽനിന്ന് ഫോൺ വരാൻ തുടങ്ങി. അതായത് ടി.വിയിൽ വരുന്ന വാർത്തയനുസരിച്ച് ഒരു സുനാമി ഫിജിയുടെ അടുത്ത ദ്വീപായ ടോംങ്കോ(TONGO)യിലെത്തിയിരിക്കുന്നു. ഈ സുനാമി ശക്തിയുടെ അടിസ്ഥാനത്തിൽ ഇന്തൊനേഷ്യയിലുണ്ടായ സുനാമിയെക്കാൾ വലുതാണ്. അതാണെങ്കിൽ ലക്ഷക്കണക്കിനാളുകളെ മുക്കിക്കളഞ്ഞതാണ്. ടി.വി.ഓൺ ചെയ്തപ്പോൾ ഇതിനെ കുറിച്ചുള്ള വാർത്തകളാണ് വന്നുകൊണ്ടിരുന്നത്. അതു ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രഭാതത്തോടെ മുഴുവൻ ഫിജിയേയും മുക്കിക്കളയുമെന്നും വാർത്ത പറയുന്നുണ്ടായിരുന്നു. രാവിലെ 4.30 ന് ഹുദൂർ അയ്യദഹുല്ലാഹ് സുബ്ഹി നമസ്കരിക്കാൻ മസ്ജിദിൽ വന്നപ്പോൾ സുനാമിയെ സംബന്ധിച്ച റിപ്പോർട്ടു സമർപിച്ചു. സുഖവിവരങ്ങൾ അന്വേഷിച്ചുകൊണ്ടുള്ള സന്ദേശങ്ങളും പറഞ്ഞു. ഹുദൂർ അയ്യദഹുല്ലാഹ് സുബ്ഹി നമസ്കരിപ്പിച്ചു. ദീർഘമായ സുജൂദ് ചെയ്തു. അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആകൾ ചെയ്തു. നമസ്കാരം കഴിഞ്ഞതിനുശേഷം മസീഹിന്റെ ഖലീഫ ജമാഅത്തംഗങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു, 'പരിഭ്രമിക്കേണ്ട, അല്ലാഹു അനുഗ്രഹിക്കും. ഒന്നും സംഭവിക്കുകയില്ല.' അതിനുശേഷം ഹുദൂർ മടങ്ങിപ്പോയി. തിരിച്ചുവന്ന് ടി.വി ഓൺ ചെയ്തപ്പോൾ സുനാമിയുടെ തീവ്രത കുറഞ്ഞു വരുന്നുവെന്നുള്ള വാർത്ത വരാൻ തുടങ്ങി. ഏകദേശം രണ്ടര മണിക്കൂറിനുശേഷം ഈ കൊടുങ്കാറ്റ് നിലച്ചിരിക്കുന്നുവെന്ന് വാർത്ത വന്നു. ഏതാനും ചില മണിക്കൂറുകൾകൊണ്ട് ലക്ഷക്കണക്കിനാളുകൾ മുങ്ങിപ്പോകുകയും മുഴുവൻ പ്രദേശത്തെയും നശിപ്പിച്ചു കളയാൻ പോരുന്നതുമായ ആ സുനാമി കാലത്തിന്റെ ഖലീഫയുടെ ദുആ മുഖേന ഏതാനും മണിക്കൂറുകൾകൊണ്ട് ഇല്ലാതാവുന്ന അത്ഭുതകരമായ കാഴ്ചയാണ് ലോകം കണ്ടത്. അന്നേ ദിവസം ഫിജിയിലെ പത്രങ്ങൾ സുനാമി നീങ്ങിപ്പോയത് മുഅ്ജിസത്തിൽനിന്ന് ഒട്ടും കുറവല്ലെന്ന വാർത്ത പ്രസിദ്ധീകരിച്ചു.

സൂറത്തുന്നൂറിലെ 56-ാമത്തെ വചനത്തിൽ അല്ലാഹു ഏതൊരു വാഗ്ദാനമാണോ നൽകിയത് അതിൽ അവരുടെ ഭയത്തിനുശേഷം സമാധാനം നല്കുമെന്നുള്ള വാഗ്ദാനവും നല്കിയിരിക്കുന്നു. അതായത് ഈ അതിമഹത്തായ ബർക്കത്തുകൊണ്ട് മൂന്നാമത്തെ അനുഗ്രഹമായി അവർക്കു ലഭിക്കുന്നത് അവരെപ്പോഴെങ്കിലും ഏതെങ്കിലും കാരണത്താൽ ഭയാവസ്ഥയിലൂടെ കടന്നുപോകേണ്ടിവന്നാൽ അല്ലാഹു അവർക്ക് സമാധാനം നല്കുമെന്നുള്ളതാണ്. ഇതിനെ സംബന്ധിച്ച് ഹോളണ്ടിലെ ഒരു സംഭവം ഇങ്ങനെയാണ്:

ഹുദൂർ അയ്യദഹുല്ലാഹ് 2011 ഡിസംബർ 9-ാം തിയതി ചെയ്ത ഖുത്ബയിൽ പറയുന്നു: ''കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ യൂറോപ്യൻ പര്യടനത്തിന് പോയപ്പോൾ ഒരു ജുമുഅ ഹോളണ്ടിലും നിർവഹിക്കുകയുണ്ടായി. അവിടുത്തെ ഒരു രാഷ്ട്രീയ നേതാവും പാർലമെന്റംഗവും ഒരു പാർട്ടിയുടെ നേതാവുമായ ഖയ്റത്ത് വിൽഡറിന് ഖുത്ബയിലൂടെ ഈ സന്ദേശം നല്കിയിരുന്നു: നിങ്ങൾ ഇസ്ലാമിനെതിരിലും നബി(സ)തിരുമേനിക്കെതിരിലും അപമര്യാദയോടെ സംസാരിക്കുന്നു. തരംതാണ കാര്യങ്ങൾ പറയുന്നു. ശത്രുത പാരമ്യതയിലെത്തിയിരിക്കുന്നു. ഇതിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ കൃത്യനേരത്ത് നിങ്ങളെപ്പോലുള്ളവരെ ഉന്മൂലനം ചെയ്ത അല്ലാഹു നശിപ്പിക്കാറുള്ള അല്ലാഹുവിന്റെ ശബ്ദമില്ലാത്ത ലാത്തിയെ ഭയപ്പെടുക. നിങ്ങളെപ്പോലുള്ളവരെ പിടിക്കാൻ ശക്തിയുള്ളവനാണ് ആ ദൈവം. ഞാനിതും പറഞ്ഞിരുന്നു. ഞങ്ങളുടെ കൈയിൽ ശക്തിയൊന്നുമില്ല. ഞങ്ങൾ ദുആകൾ മുഖേന നിങ്ങളെപ്പോലുള്ളവരെ നേരിടുന്നതാണ്. ഈ ഖുത്ബയുടെ സംഗ്രഹമടങ്ങിയ പ്രസ്സ് റലീസ് നമ്മുടെ പ്രസ്സ് വിഭാഗത്തിന്റെ ഇൻചാർജ് ഇതു റിലീസാക്കി എന്റെയടുത്ത് കൊണ്ടുവന്നപ്പോൾ, മറ്റു കാര്യങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടായിരുന്നു, പക്ഷേ ഈ വാക്യം അദ്ദേഹം എഴുതിയിട്ടുണ്ടായിരുന്നില്ല, ഞാൻ അദ്ദേഹത്തോടു പറഞ്ഞു, ഈ വാക്യവും നിർബന്ധമായും എഴുതുക; അതായത് 'നമ്മുടെ കൈയിൽ ഭൗതികായുധങ്ങളൊന്നുമില്ല.' ഇതാണ് ഞാൻ അദ്ദേഹത്തോടു പറഞ്ഞത്. പക്ഷേ, ഞങ്ങൾ ദുആ ചെയ്യുന്നു. അങ്ങനെയുള്ളവർ എത്രയുണ്ടോ എല്ലാ നശിക്കുമാറാകട്ടെ. ഞങ്ങൾ ഞങ്ങളുടെ എതിരാളികളെ പ്രമാണങ്ങളിലൂടെയാണ് നേരിടുന്നത്. സർവോപരി ദുആകളിലൂടേയും. ഏതായിരുന്നാലും ഈ പ്രസ്സ് റിലീസ് ഖയ്റത്ത് വിൽഡറും കണ്ടു. അദ്ദേഹം തങ്ങളുടെ ഭരണകൂടത്തിന് കത്തെഴുതുകയും ഹോം മിനിസ്റ്ററോടു ചില ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. ഇദ്ദേഹം അവിടെ പത്രസമ്മേളനത്തിന് വന്നപ്പോൾ അവിടുത്തെ ജമാഅത്ത് അദ്ദേഹം ഇങ്ങനെയൊക്കെ ചോദിച്ചിരിക്കുന്നുവെന്ന് എനിക്കെഴുതി. ജമാഅത്തംഗങ്ങൾക്ക് അൽപം ഭയമുണ്ടായി എന്നു തോന്നി. പ്രതിരോധ ഓഫീസിൽനിന്നാണ് ചോദിച്ചതെങ്കിൽ ഭയപ്പെടേണ്ട ആവശ്യമൊന്നുമില്ല. പരഭ്രമിക്കേണ്ടതുമില്ല. ധൈര്യത്തോടെ നിങ്ങളുടെ വിശ്വാസം പറയുക. തെറ്റായ നിലയിൽ പ്രവർത്തിച്ചുകൊണ്ട് തുടക്കം കുറിച്ചത് ആ വ്യക്തിതന്നെയാണ്. അയാൾ നബി(സ) തിരുമേനിയുടെ പേരിൽ മോശമായ ഫിലിമുകൾ ഉണ്ടാക്കി. നിന്ദ്യമായ വാക്കുകൾ ഉപയോഗിച്ചു. ഇസ്ലാമിന് ചീത്തപ്പേരുണ്ടാക്കി. നമ്മൾ അതിന് മറുപടി നല്കി. അല്ലാഹു തന്റെ നബിയ്ക്കുവേണ്ടി ആത്മീയരോഷമുള്ളവനാണ്, അവന് പിടിക്കാൻ കഴിയും. അല്ലാഹുവിനെ ഭയക്കേണ്ടതാണ്. ഇതാണ് പറഞ്ഞത്. ചുരുക്കത്തിൽ സർക്കാരിന് അയച്ചു കൊടുത്തതിനു കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ മറുപടിയും തന്നു. അത് ഇവിടുത്തെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

വിൽഡർ ആദ്യ ചോദ്യം ചോദിച്ചത്, ആഗോള ഇസ്ലാം നേതാവിന്റെ World muslim leader sends warning to Dutch politician Geert Wilders എന്ന ആർട്ടിക്കിൾ ഹോളണ്ടിലെ രാഷ്ട്രീയ നേതാവ് ഖയ്റത്ത് വിൽഡറിന് നല്കിയ മുന്നറിയിപ്പ് താങ്കളുടെ അതായത് ആഭ്യന്തര മന്ത്രാലയത്തിന്റെ അറിവിൽപ്പെട്ടിരുന്നോ? അപ്പോൾ ആഭ്യന്തര മന്ത്രി അതിന് മറുപടി നല്കി: അതേ, എനിക്കറിയാം. ഈ ആർട്ടിക്കിൾ ഞാൻ വായിച്ചിട്ടുണ്ട്. പിന്നീട് അടുത്ത ചോദ്യം(എന്റെ പേരെടുത്തുകൊണ്ട്)കേട്ടുകൊള്ളുക, നിങ്ങളുടെ പാർട്ടിയും നിങ്ങളെപ്പോലെയുള്ളവരും അവസാനം നാശമടയുന്നതാണെന്ന് മിർസാ മസ്റൂർ അഹ്മദ് പറഞ്ഞിരിക്കുന്നു. ഇത് വിൽഡർ മന്ത്രിക്ക് എഴുതിയതാണ്. തുടർന്ന് ഇതിന് വിശദീകരണമായി എഴുതുന്നു: കലഹസംബന്ധമായ വിവരണത്തിന് ആഭ്യന്തര മന്ത്രാലയം ഇസ്ലാമിക സംഘടനയ്ക്കെതിരിൽ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്? ആഭ്യന്തരമന്ത്രി പറഞ്ഞു: പ്രസ്സ് റിലീസനുസരിച്ച് മിർസാ മസ്റൂർ അഹ്മദ് പറഞ്ഞത് ഇത്തരത്തിലുള്ള ആളുകളും സംഘങ്ങളും ഏതെങ്കിലും കുഴപ്പത്തിലോ സെക്യുലർ ആയുധം കൊണ്ടോ നശിക്കുകയില്ല. പ്രത്യുത കേവലം ദുആ മുഖേന നാശമടയുമെന്നാണ്. ഈ വിവരണത്തിൽ കുഴപ്പത്തെ ഊതിവീർപിക്കുന്നതോ അല്ലെങ്കിൽ കുഴപ്പത്തിന് കാരണമായ മറ്റു വല്ല കാര്യമോ ഞാനിതിൽ കാണുന്നില്ല. അതുകൊണ്ടുതന്നെ അഹ് മദിയ്യ ജമാഅത്തിന്നെതിരായി എന്തെങ്കിലും നടപടി എടുക്കുന്നതിനുള്ള ഒരു കാരണവും ഞാൻ കാണുന്നില്ല. മൂന്നാമത്തെ ചോദ്യം, മുസ്ലിം കമ്മ്യൂണിറ്റ് ഹോളണ്ടും ആഗോള അഹ്മദിയ്യ ജമാഅത്തും മസ്റൂറുമായി എന്തു ബന്ധമാണുള്ളത്? മന്ത്രി പറഞ്ഞു: അഹ്മദിയ്യ മുസ്ലിം ജമാഅത്ത് ഹോളണ്ട് ആഗോള അഹ്മദിയ്യ ജമാഅത്തിന്റെ ഒരു ഭാഗമാണ്.''

അതിനാൽ ഖിലാഫത്ത് എങ്ങനെയുള്ള കോട്ടയാണെന്നാൽ അതിന്റെ കാണ്ഡങ്ങൾ ഭയത്തിന്റെ പിടിക്കതീതമാണ്. ആ ഭയം കാപട്യത്തിന്റേതായാലും ശത്രുതയുടേതായാലും ശരി. യുദ്ധത്തിന്റേതായാലും രാഷ്ട്രീയത്തിന്റേതായാലും ശരി. ഏതെങ്കിലും ഗ്രൂപ്പിൽ നിന്നായാലും രാജാവിൽ നിന്നായാലും ശരി. ഏതു അവസ്ഥയിലും ഖിലാഫത്ത്

സമാധാനത്തിന്റെ കോട്ടയുടെ അടയാളമാണ്. വൻ ഭരണകൂടമായാലും അതിന് ക്ഷതമേൽപിക്കാൻ സാധ്യമല്ല. എന്നല്ല ചരിത്രം സാക്ഷിയാണ്, സത്യ ഖിലാഫത്തുമായി ഏറ്റുമുട്ടിയിട്ടുള്ള ഏതു ഭരണകൂടവും തകർന്നു തരിപ്പണമാകുകയാണ് ചെയ്തത്.

ഖിലാഫത്ത് ഒരു ജീവനുള്ള വൃക്ഷമാണ്. ആരാണോ അതുമായി ബന്ധം നിലനിറുത്തന്നത് അത് കത്തുകളിലൂടെയാണെങ്കിലും വേണ്ടില്ല, ഹുദൂറിനുവേണ്ടി ദുആ ചെയ്ത് തങ്ങളെ ഹുദൂറിന്റെ മജ്ലിസിൽ വെക്കുന്നതിലൂടെയാണെങ്കിലും വേണ്ടില്ല അല്ലാഹു തന്റെ ആഫിയത്തിന്റെ, സൗഖ്യത്തിന്റെ കോട്ടയിൽ അവനെ വെക്കുന്നു.

ഐവറി കോസ്റ്റിലെ ഒരു യുവാവായ പൈലറ്റ് ഒരു വർഷത്തെ കോഴ്സിനുവേണ്ടി ബെൽജിയമിൽ വന്നിട്ടുണ്ട്. ഇവിടെ ഹുദൂറുമായി കൂടിക്കാഴ്ച കരസ്ഥമാക്കി. അദ്ദേഹത്തെ ഒരു പൈലറ്റാവാൻ തിരഞ്ഞെടുത്തതുതന്നെ ഹുദൂറിന്റെ ദുആയുടെ ഫലമാണ്. സംഭവം ഇപ്രകാരമാണ്. കുറച്ചു വർഷങ്ങൾക്കുമുമ്പേ അദ്ദേഹം ഐവറികോസ്റ്റിലം വാർഷിക സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതൻ പറഞ്ഞു, ഞാനൊരു വിളംബരം കണ്ടു, എയർഐവറികോസ്റ്റ് ആളുകളെ തങ്ങളുടെ സർവീസിലെടുക്കുന്നതിന് മത്സരം സംഘടിപ്പിക്കുന്നു. പക്ഷേ, ഫൈൽ സബ്മിറ്റ് ചെയ്യേണ്ട സമയം കഴിഞ്ഞിരിക്കുന്നു. അദ്ദേഹം പറഞ്ഞു, ഇങ്ങനെയായിരുന്നിട്ടും ഞാൻ ഹുദൂറിന് ദുആയ്ക്കെഴുതി. ഒപ്പം എന്റെ ഫയലും സബ്മിറ്റ് ചെയ്തു.

കുറച്ചു ദിവസത്തിനുശേഷം അദ്ദേഹത്തിന് മറുപടി കിട്ടി. താങ്കൾ ഫയൽ സബ്മിറ്റ് ചെയ്തത് തിയതി കഴിഞ്ഞിട്ടാണെങ്കിലും ഞങ്ങൾ താങ്കൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാൻ അനുവാദം തരികയാണ്. അതിനുശേഷം അദ്ദേഹം എഴുത്തു പരീക്ഷ കൊടുത്തു. 1000 മത്സരാർഥികളിൽ 15 പേർ മാത്രമാണ് തിരഞ്ഞെടുക്കപ്പെട്ടത്. അവരിൽ ഇദ്ദേഹത്തിന്റെ പേരുമുണ്ടായിരുന്നു. ഇതെല്ലാം ഹുദൂറിന്റെ ദുആയുടെ ഫലമായി ലഭിച്ചതാണെന്ന് അദ്ദേഹം പറയുന്നു.(അൽഫദ്ൽ ഇന്റർനാഷണൽ 2019 ഒക്ടോബർ 25 പേജ് 20)

ജർമനിയിൽനിന്നുള്ള ഒരു കുട്ടി ഇക്കാര്യം പ്രകടിപ്പിച്ചു. അവൻ പറയുന്നു: 'ഞാനെന്റെ പ്രിയപ്പെട്ട ഹുദൂറിന്റെ തിരുസന്നിധിയിൽ അല്ലാഹു എന്റെ കുടുംബത്തെ എല്ലാവിധ ബുദ്ധിമുട്ടുളിൽനിന്നും രക്ഷപ്പെടുത്തേണമേ എന്ന് ദുആ ചെയ്യാൻ അപേക്ഷിച്ചു. അക്കാലത്ത് എന്റെ ഒരു അങ്കിൾ തനിച്ച് പാക്കിസ്താനിൽ താമസിച്ചിരുന്നു. ബന്ധുക്കളെല്ലാം വിദേശത്തായിരുന്നു. അദ്ദേഹം വലിയ പ്രശ്നത്തിൽ പെട്ടിരിക്കുകയായിരുന്നു. അറിയുന്ന ആരും അടുത്തില്ലാത്തതുകൊണ്ട് എപ്പോഴും വിഷമത്തിലായിരുന്നു. ആ നേരത്ത് ഇദ്ദേഹത്തിനുവേണ്ടി ഹുദൂറിന് കത്തെഴുതിയപ്പോൾ അവസ്ഥ അത്ഭുതകരമായി മാറിമറിഞ്ഞു. കുറച്ചു ദിവസത്തിനുള്ളിൽ അങ്കിളിന് നോർവേയിൽനിന്ന് ഒരു വിവാഹാലോചന വന്നു. അത് ഉറപ്പിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അങ്കിൾ നോർവേയിൽ വരികയും ഇപ്പോൾ കുടുംബത്തോടൊപ്പം സന്തോഷത്തോടെ ജീവിച്ചുവരികയും ചെയ്യുന്നു. ഇത് ഖിലാഫത്തിന്റെ അനുഗ്രഹമാണ്. ഇതു മനസ്സമാധാനത്തിനുള്ള കാര്യമാണ്.

കനഡയിലെ ഡുർഹം(Durham) ജമാഅത്തിലെ ഒരു സ്ത്രീ ഒരു മുറബ്ബിസാഹിബിനെ തന്റെ സംഭവം കേൾപ്പിച്ചു ഇതും വളരെ രസകരമായ സംഭവമാണ്. ആ സ്ത്രീ പറയുന്നു: ഞങ്ങളുടെ കുടുംബജീവിതത്തിൽ പല പ്രശ്നങ്ങളുമുണ്ടാകുകയും ഭിന്നതകൾ കൂടുകയും ചെയ്തു. അതുകൊണ്ട് ഞാൻ ഭർത്താവിന്റെ കൂടെ താമസിക്കുകയില്ലെന്ന് തീരുമാനിച്ചു. ഈ അവസരത്തിൽ ഹുദൂർ തിരുമനസ്സ് കനഡയിൽ പര്യടനം നടത്തുകയായിരുന്നു. ഹുദൂർ തിരുമനസ്സുമായി കൂടിക്കാഴ്ച നടത്തുന്നതിന് അപേക്ഷ കൊടുത്തു. കൂടിക്കാഴ്ചയ്ക്കുള്ള അവസരം കിട്ടുകയും ചെയ്തു. ആ നേരത്ത് എന്റെ എല്ലാ അവസ്ഥകളും പറഞ്ഞ് കുട്ടികൾക്കുവേണ്ടി ദുആക്ക് അപേക്ഷിച്ചു. ഭർത്താവിനെ ഉപേക്ഷിക്കാനുള്ള തീരുമാനം ഞാൻ എടുത്തിട്ടുണ്ടെന്നും പറഞ്ഞു. ഹുദൂർ ചോദിച്ചു: 'നിന്റെ കുടുംബം എന്താണ് പറയുന്നത്?' അവർ പറഞ്ഞു, അവർ രഞ്ജിപ്പുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഞാൻ ഇനി ഒരു രഞ്ജിപ്പിനുമില്ലെന്ന നിലപാടിലാണുള്ളത്. ഹുദൂർ പറഞ്ഞു, അവർ രഞ്ജിപ്പുണ്ടാക്കാനാഗ്രഹിക്കുന്നെങ്കിൽ അതിന് തയ്യാറാകുക. എല്ലാ ശരിയായിക്കൊള്ളും. ഇൻശാഅല്ലാഹ്. ആ സ്ത്രീ പറയുന്നു: ഇതു അത്ഭുതമാണ്. ഞാൻ ഉറച്ച തീരുമാനം എടുത്തിരിക്കുന്നു. എല്ലാ അവസാനിപ്പിച്ചിരിക്കുന്നു. പക്ഷേ, രഞ്ജിപ്പുണ്ടാക്കുക, എല്ലാ ശരിയായിക്കൊള്ളുമെന്ന് ഹുദൂർ പറയുന്നു. അവർ പറയുന്നു: അതനുസരിക്കുക എന്നതല്ലാതെ എനിക്ക് മറ്റൊരു വഴിയുമില്ലായിരുന്നു. ഞാൻ ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഭർത്താവിന് ഫോൺ ചെയ്യുകയും രഞ്ജിപ്പിലെത്തുകയും ചെയ്തു. അല്ലാഹു ഹുദൂർ തിരുമനസ്സിന്റെ ഈ വാക്കുകളിൽ എത്രമാത്രം സമാധാനവും അനുഗ്രഹവും വെച്ചിരിക്കുന്നുവെന്നാൽ ഈ രഞ്ജിപ്പിനുശേഷം ഞങ്ങളുടെ ജീവിതംതന്നെ മാറിമറിഞ്ഞു. ഇപ്പോൾ ഞങ്ങളുടെ ഇടയിൽ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ബന്ധത്തിന് അടിത്തറവീണു. അതിന്റെ ഫലമായി ദിനേന ഞങ്ങളുടെ വിവാഹം നടക്കുകയാണോ എന്ന് തോന്നിപ്പോകുന്നു. അഹോ കഷ്ടം! ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്ന് നഷ്ടപ്പെട്ടവർ. അവർക്ക് ദുആ ചെയ്യുന്നവരായി അവരെ സമാധാനിപ്പിക്കുന്നവരായി ആരുമില്ലാത്ത അവസ്ഥയിൽ അഹ്മദികൾക്ക് അവരുടെ ഖലീഫ ഉണ്ടാകുന്നു. അത് അതിമഹത്തായ അനുഗ്രഹംപോലെ ലഭിച്ചിരിക്കുകയാണ്. ഈ ഖിലാഫത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ അനുഗ്രഹമാണ്. ഈ അനുഗ്രഹം സമാധാനത്തിന് കാരണമാണ്.

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് ലോകത്തുള്ള പല രാജ്യങ്ങളിലേയും പാർലമെന്റുകളിൽപ്പോയി ഇസ്ലാമിന്റെ സമ്പൂർണമായ സ്നേഹത്തിന്റെ അധ്യാപനങ്ങളെ കുറിച്ച് പ്രഭാഷണങ്ങൾ നടത്തി. അതു കാരണം അദ്ദേഹത്തെ സമാധാനത്തിന്റെ അംബാസിഡർ എന്ന പദവി നല്കുകയുണ്ടായി. ഹുദൂർ തിരുമനസ്സിന്റെ അനുഗൃഹീത നാവിൽനിന്ന് ഇസ്ലാമിനെ കുറിച്ച് കേട്ടുകൊണ്ട് അദ്ദേഹത്തിന്റെ ശബ്ദം നമ്മുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. നമ്മുടെ ഹൃദയവും ബുദ്ധിയും ഇസ് ലാമിന്റെ അധ്യാപനങ്ങൾകൊണ്ട് ഭരിതമാണ്. ഒരു ഉദാഹരണം സമർപിക്കുകയാണ്.

2012–ൽ ഹുദൂർ അയ്യദഹുല്ലാഹ് യൂറോപ്യൻ പാർലമെന്റിൽ പ്രഭാഷണം നടത്തി. ആ അവസരത്തിൽ ബിഷപ്പ് ഡോക്ടർ ആമൻ ഹൊവാവർഡ്(Bishop DR, Amen Howard) ജനീവ(സ്വിറ്റ്സർലാന്റ്)യിൽ നിന്ന് ഹുദൂറിന്റെ പ്രഭാഷണത്തിൽ പങ്കെടുക്കാൻ വന്നതായിരുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ അനുഭവം വിവരിച്ചത് ശ്രദ്ധയോടെ കേൾക്കേണ്ടതാണ്. അദ്ദേഹം പറയുന്നു: 'ഈ വ്യക്തി മന്ത്രവാദിയല്ല. എന്നാൽ, ഇദ്ദേഹത്തിന്റെ വാചകത്തിന് ആകർഷണ ശക്തിയുണ്ട്. ശൈലി വളരെ പതുക്കെയാണ്. എന്നാൽ, ഇദ്ദേഹത്തിന്റെ നാവിൽനിന്ന് പുറപ്പെടുന്ന വാക്കുകൾ അസാധാരണമായ ശക്തിയും പ്രതാപവും സ്വാധീനവുമുള്ളതാണ്. ഇത്തരത്തിലുള്ള ധൈര്യശാലിയായ മനുഷ്യൻ ഒരിക്കലും കണ്ടിട്ടില്ല. ഇദ്ദേഹത്തെപ്പോലെ മൂന്നു ആളെ ലോകത്തിനു ലഭിക്കുകയാണെങ്കിൽ പൊതുസമാധാനം എന്ന കാര്യത്തിൽലോകത്ത് അത്ഭുതകരമായ വിപ്ലവും മാസംകൊണ്ടല്ല മറിച്ച് ദിവസംകൊണ്ട് നടക്കുന്നതാണ്. ഈ ലോകം സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും കളിത്തൊട്ടിലാകുമായിരുന്നു.''(അഹ്മദിയ്യ ഗസറ്റ് 2018, മെയ്, പേജ് 20)

ഖിലാഫത്തിന്റെ അതിമഹത്തായ അനുഗ്രഹത്തിൽനിന്ന് ഏതാനും ചില കാര്യങ്ങൾ സ്മരിക്കാനെ സാധിക്കുകയുള്ളു. ഖിലാത്തിന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കാനുള്ള അതിമഹത്തായ സൗഖ്യത്തിന്റെ കോട്ടയിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നതിനുവേണ്ടി നമുക്കേവർക്കും സ്വന്തമായ നിലയിൽ സമാധാനത്തിന്റെ കളിത്തൊട്ടിലാവേണ്ടതാണ്. ഹുദൂർ തിരുമനസ്സിന്റെ പ്രഭാഷണങ്ങൾ സ്വന്തമെന്ന നിലയിലും കൂട്ടായ നിലയിലും അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിറവേറ്റുന്നതിലേക്കും അല്ലാഹുവിൽ അർപണം ചെയ്യുന്നതിലേക്കും പ്രത്യേകമായി ശ്രദ്ധിക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിലേക്കും തങ്ങളിൽ പരിശുദ്ധ മാറ്റങ്ങൾ ഉണ്ടാക്കുന്നതിലേക്കും തങ്ങളുടെ വരും തലമുറയെ ഉന്നതമായ നിലയിൽ തർബിയ്യത്ത് കൊടുക്കുന്നതോടൊപ്പം ഓരോ സൽകർമം ചെയ്യുന്നതിലേക്കും ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുകയാണ്. നാം ഓരോരുത്തരും സത്യഹൃദയത്തോടുകൂടി ഈ ഉപദേശം പ്രാവർത്തികമാക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നമ്മുടെ പരിശ്രമത്തിൽ സ്നേഹദൃഷ്ടി പതിപ്പിച്ചുകൊണ്ട് നമുക്ക് ഇത് പ്രവർത്തിക്കാനുള്ള തൗഫീഖ് നൽകുന്നതാണ്. അങ്ങനെ നമ്മളെല്ലാം അവരവരുടെ പരിധിയിലും യൂണിറ്റിലും യഥാർഥമായ സമാധാനത്തിന്റേയും സൗഖ്യത്തിന്റേയും അംബാസിഡർമാരായി തീരുന്നതായിരിക്കും. ഓരോ വ്യക്തിയും അവരവരുടെ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊണ്ട് ഉദാത്തമായ സ്വഭാവം സ്വായത്തമാക്കുകയാണെങ്കിൽ ആ സമൂഹം ധാർമികതയുടെ ഉന്നതി പ്രാപിച്ചുകൊണ്ട് യഥാർഥ വിപ്ലവത്തിന്റെ മുഖവുരയായി മാറുന്നതായിരിക്കും. ആ സമൂഹം സ്വയം സൗഖ്യത്തിന്റെ കോട്ടയാകുന്നതിനു പുറമെ അതിൽ താമസിക്കുന്ന ഓരോ വ്യക്തിയും വന്യമൃഗങ്ങളിൽനിന്ന് സംരക്ഷിക്കപ്പെടുന്നതുമാണ്.

നമുക്ക് ഖിലാഫത്തിന്റെ അളവറ്റ അനുഗ്രഹത്തിന് നന്ദി കാണിക്കാനും കാലത്തിന്റെ ഖലീഫയെ യഥാർഥമായ നിലയിൽ അനുസരിക്കുന്നവരായി മാറാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

ഹമാരി ജാൻ ഖിലാഫത്ത് പർ ഫിദാ ഹെ
യെ റൂഹാനീ മരീളോം കി ദവാ ഹെ
അന്ധേര ദിൽ കാ ഉസ് സെ മിട്ട് ഗയാ
യഹീ ളുലുമാത്ത് മെ ശ മെ ഹുദാ ഹെ
ഹിസാരെ അമൻ വ ഈമാൻ വ യഖീൻ ഹെ
കിനാരെ ആഫിയത്ത് ഹബ്‌ലുൽ മത്തീൻ ഹെ

*നമ്മുടെ ജീവൻ ഖിലാഫത്തിൽ തെണ്ടമാണ്, ആത്മീയരോഗിയുടെ ഔഷധമാണിത്, ഹൃദയത്തിലെ അന്ധകാരം ഇതിലൂടെ ഇല്ലാതായി, ഇതു അന്ധകാരങ്ങളിൽ സന്മാർഗത്തിന്റെ ദീപമാണ്, സമാധാനത്തിന്റേയും വിശ്വാസത്തിന്റേയും അനുഭവജ്ഞാനത്തിന്റേയും കോട്ടയാണ്.*

വ ആഖിറു ദഅ്‌വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

**താലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**
**(മൽഫൂദാത്ത് വാല്യം 1, പേജ് 220)**

**താലിബെ ദുആ:**
**P.Abdul Ameer**
**Ahmadiyya Jama-ath Pathapiriyam, Kerala**

2022 ഖാദിയാൻ ജൽസ സാലാനയിൽ ചെയ്ത പ്രസംഗം

# ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ(അയ്യദഹുല്ലാഹ്) ദുആ സ്വീകാര്യതയുടെ ഈമാൻ വർധക സംഭവങ്ങൾ

അത്വാഉൽ മുജീബ് ലോൺ, സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് ഭാരത്

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسۡتَجِيبُواْ لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمۡ لِمَا يُحۡيِيكُمۡۖ وَٱعۡلَمُوٓاْ أَنَّ ٱللَّهَ يَحُولُ بَيۡنَ ٱلۡمَرۡءِ وَقَلۡبِهِۦ وَأَنَّهُۥٓ إِلَيۡهِ تُحۡشَرُونَ

(سورۃ انفال: آیت 25)

*വിശ്വസിച്ചവരേ! അല്ലാഹുവിനും അവന്റെ ദൂതനും-നിങ്ങൾക്ക് ജീവൻ നല്കുന്നതിലേക്ക് അദ്ദേഹം നിങ്ങളെ വിളിച്ചാൽ-ഉത്തരം നല്കുക. തീർച്ചയായും മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ അല്ലാഹു മറയായി നില്ക്കുന്നുവെന്നും അവങ്കലേക്കാണ് നിങ്ങൾ ഒരുമിച്ച് കൂട്ടപ്പെടുന്നതെന്നുമുള്ള കാര്യം അറിയുക.*(8:25)

ഈ ഖുർആൻ വചനത്തിൽ അല്ലാഹു തന്റെ ദൂതന്റെ നിയോഗോദ്ദേശ്യം ആത്മീയമായി മരിച്ചവരെ ജിവിപ്പിക്കലാണെന്ന് പറഞ്ഞിരിക്കുന്നു. അല്ലാഹുവിൽനിന്ന് നിയോഗിതനാകുന്ന ദൂതൻ ഏതെല്ലാം മാർഗങ്ങളിലൂടെയാണോ തന്നെ വിശ്വസിക്കുന്നവരെ ആത്മീയമായ നിലയിൽ ജീവിപ്പിക്കുന്നത് അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മാർഗം, തന്നെ വിശ്വസിക്കുന്നവർക്കുവേണ്ടി അദ്ദേഹം ചെയ്യുന്ന ദുആകളാണ്. അല്ലാഹു ആ ദുആകൾ സ്വീകരിച്ച് ആളുകളുടെ ആത്മീയജീവിതത്തിനുള്ള കാര്യങ്ങൾ ചെയ്തു കൊടുക്കുന്നു.

നബി(സ)തിരുമേനി പറഞ്ഞു: ''ലോകത്തു നബി വരുമ്പോഴെല്ലാം അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ജോലി തുടർന്നുകൊണ്ടു പോകുന്നതിന് ഖിലാഫത്ത് വ്യവസ്ഥിതി നിലവിൽവരുന്നു. (കൻസുൽ ഉമ്മാൽ, വാല്യം 1)

മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)ന്റെ വിയോഗത്തിനുശേഷവും അല്ലാഹുവിന്റെ വാഗ്ദാനങ്ങളും നബി(സ)തിരുമേനിയുടെ സുവാർത്തകളുമനുസരിച്ച് ഖിലാഫത്ത് വ്യവസ്ഥിതി അഹ് മദിയ്യ ജമാഅത്തിൽ നിലനിന്നുവരുന്നു. ഖിലാഫത്തിനെ അനുധാവനം ചെയ്യുന്നവർ ഖിലാഫത്തുമായി ബന്ധപ്പെടുത്തി അല്ലാഹു വെച്ചിട്ടുള്ള സകല അനുഗ്രഹങ്ങളിൽനിന്നും ഫലമെടുത്തുകൊണ്ടിരിക്കുന്നു. ആത്മീയമായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തിനുശേഷം ജീവിച്ചിരുന്നവരിൽ ഇപ്പോൾ ഖിലാഫത്ത് മുഖേന ഇവരും ജീവിച്ചുകൊണ്ടിരിക്കുന്നു. ദുആ സ്വീകാര്യത മുഖേന എപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ വിശ്വസിച്ചവർക്ക് ആത്മീയമായ നിലയിൽ ജീവിപ്പിച്ചുകൊണ്ടിരുന്നുവോ അപ്രകാരം ആ മഹാത്മാവിനുശേഷം അവിടത്തെ പ്രാതിനിധ്യത്തിൽ കാലത്തിന്റെ ഓരോ ഖലീഫയും ജീവിപ്പിച്ചുകൊണ്ടിരുന്നു. ഇപ്പോഴും ഈ പരമ്പര അഞ്ചാം ഖിലാഫത്തിലും പൂർണമായ തേജോവിലാസത്തോടെ നടന്നു വരുന്നു.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ദുആ സ്വീകാര്യതയുടെ ചില സംഭവങ്ങൾ വിവരിക്കുന്നതിനുമുമ്പേ ദുആയുടെ പ്രയോജനങ്ങൾ, പ്രാധാന്യം, അതിന്റെ അനുഗ്രഹങ്ങൾ എന്നിവയെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ സമർപിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ ഇക്കാലഘട്ടത്തിൽ അവിടന്ന് ദുആയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളേയും വിശദമായി വിവരിച്ചുവെന്നു മാത്രമല്ല പ്രത്യുത ഓരോ അഹ്മദിയുടേയും മനസ്സിൽ ഈ വിഷയത്തെ ഏതു രീതിയിൽ നാട്ടിയെന്നാൽ ഇപ്പോൾ എല്ലാ അഹ്മദികളുടേയും ജീവിതം ദുആ മാത്രമാണ്. ഈ ഭക്ഷണംകൊണ്ടാണ് അവർ തങ്ങളുടെ ആത്മീയ ജീവിതത്തിനുള്ള വസ്തുക്കൾ സംഘടിപ്പിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''പ്രബലമായ ശക്തിയാണ് ദുആ. ഇതുമുഖേന അത്യന്തം സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ദുർഘടഘട്ടങ്ങൾ മനുഷ്യൻ അനായാസം തരണംചെയ്യുകയും ചെയ്യുന്നു. അല്ലാഹുവിൽനിന്ന് ലഭ്യമാകുന്ന അനുഗ്രഹശക്തിയെ വലിച്ചെടുക്കുന്ന നീരുറവയാണ് ദുആ. അധികമധികമായി ദുആയിൽ മുഴുകുന്ന വ്യക്തി അവസാനം ഈ അനുഗ്രഹത്തെ ആകർഷിച്ചെടുക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ തന്റെ ലക്ഷ്യം നേടുകയും ചെയ്യുന്നു. വെറും ദുആ അല്ല അല്ലാഹു ആഗ്രഹിക്കുന്നത്. സർവവിധ പ്രയത്നത്തോടും കഠിനാധ്വാനത്തോടുംകൂടിയുള്ള പ്രവർത്തനവും ഒപ്പം ദുആയും ആവശ്യമാണ്. മാർഗങ്ങൾ ഉപയുക്തമാക്കണം. അതില്ലാതെ ദുആ കൊണ്ടുമാത്രം അടങ്ങിയിരിക്കുകയെന്നത് ദുആയുടെ ചട്ടത്തിന്നെതിരാണ്. അത് അല്ലാഹുവിനെ പരീക്ഷിക്കലായിരിക്കും. ദുആയ്ക്ക് ഒരു വിലയും കല്പിക്കാതെ മാർഗങ്ങൾ മാത്രം അവലംബമാക്കുന്നത് നിരീശ്വരത്വവുമാണ്. ദുആ വലിയ സമ്പത്താണെന്ന് തീർച്ചയായും നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക. ദുആയിൽ വ്യാപൃതനായ വ്യക്തിക്ക് ഇഹലോകത്തും പരലോകത്തും ഒരാപത്തും വരുകയില്ല. ചുറ്റും ആയുധധാരികളായ കാവൽക്കാർ നിലകൊള്ളുന്ന കോട്ടയ്ക്കുള്ളിൽ അയാൾ സുരക്ഷിതനാണ്. ദുആയെ അവഗണിക്കുന്നവൻ ദുർബലനായ നിരായുധനെപ്പോലെയാണ്. ഹിംസ്രജന്തുക്കളും ക്രൂരമൃഗങ്ങളുമുള്ള ഘോരവനത്തിലാണവനുള്ളത്. അവന്റെ അന്ത്യം ശുഭമായിരിക്കയില്ലെന്ന് അവനറിയാം. ഏതുനിമിഷത്തിലും അവൻ ഹിംസ്രജന്തുക്കളുടെ ഇരയായിത്തീരാം. അപ്പോൾ അവന്റെ അസ്ഥിയും മാംസവുംപോലും കാണുകയില്ല. അതിനാൽ, മനുഷ്യന്റെ സൗഭാഗ്യത്തിനും സംരക്ഷണത്തിനുമുള്ള യഥാർഥ മാർഗം ദുആ ഒന്നുമാത്രമാണെന്ന് ഓർത്തുകൊള്ളുവിൻ. അവൻ സദാ ദുആയിൽ മുഴുകുകയാണെങ്കിൽ അതവന് അഭയസങ്കേതമായിത്തീരും.'' (മൽഫൂദാത്ത്, വാല്യം 7, പേജ് 192-193)

ദുആ സ്വീകാര്യതയുടെ അവസ്ഥ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''സൗഭാഗ്യവാനായ ദാസനും അവന്റെ രക്ഷിതാവായ ദൈവവും തമ്മിൽ ഒരു ആകർഷണബന്ധമുണ്ട്. അതാണ് ദുആയുടെ മർമം. അതായത് ആദ്യം അല്ലാഹുവിന്റെ കാരുണ്യം ദാസനെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. പിന്നീട് ദാസന്റെ നിഷ്കളങ്കതയുടെ ആകർഷണംമൂലം അല്ലാഹു അവന്റെ അടുത്തായിത്തീരുന്നു. അങ്ങനെ ദുആയുടെ അവസ്ഥയിൽ ആ ബന്ധം ഒരു പ്രത്യേക സ്ഥാനത്തെത്തി അതിന്റെ അത്ഭുതകരമായ സവിശേഷതകൾ സൃഷ്ടിക്കുന്നു. ചുരുക്കത്തിൽ കഠിനമായ ബുദ്ധിമുട്ടുകളിൽ അകപ്പെടുമ്പോഴും, പൂർണ്ണവിശ്വാസത്തോടും നിറഞ്ഞ പ്രതീക്ഷയോടും അളവറ്റ സ്നേഹത്തോടും തികഞ്ഞ വിശ്വസ്തതയോടും വലിയ മനക്കരുത്തോടും അല്ലാഹുവിലേക്ക് കുനിയുകയും അത്യന്തം ജാഗ്രതയോടെ അശ്രദ്ധയുടെ പർദകൾ ഛേദിച്ച് സർവവും ത്യജിക്കുന്ന രംഗത്തേക്ക് മുന്നേറുകയും ചെയ്യുമ്പോൾ മുന്നിൽ ദൃശ്യമാകുന്നത് കൂട്ടുകാരായി ആരുമില്ലാത്ത അല്ലാഹുവിന്റെ സന്നിധിയായിരിക്കും. അപ്പോൾ ആ പടിവാതിൽക്കൽ അവന്റെ ആത്മാവ് തലവെക്കുന്നു. അവന്റെ ഉള്ളിൽ കുടികൊള്ളുന്ന കാന്തികശക്തി അല്ലാഹുവിന്റെ ഔദാര്യങ്ങളെ ആകർഷിച്ച് തന്നിലേക്ക് വലിച്ചെടുക്കുന്നു. അപ്പോഴാണ് അവന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിലേക്ക് പ്രതാപവാനായ അല്ലാഹു ശ്രദ്ധ ചെലുത്തുന്നത്. ആ ലക്ഷ്യപ്രാപ്തിക്കായി വേണ്ടുന്ന പ്രധാന മാർഗങ്ങൾ ഉണ്ടായിത്തീരാൻ അവയുടെ തുടക്കത്തിൽത്തന്നെ ആ ദുആക്ക് ഫലമുളവാക്കുന്നു. ഉദാഹരണമായി മഴയ്ക്കു വേണ്ടിയുള്ള പ്രാർഥന. പ്രാർഥന സ്വീകരിച്ചതിനുശേഷം മഴ പെയ്യാനാവശ്യമുള്ള പ്രകൃതിപരമായ മാർഗങ്ങൾ അല്ലാഹു ഉണ്ടാക്കുന്നു. വരൾച്ചയ്ക്കുവേണ്ടിയുള്ള ശാപപ്രാർഥനയാണെങ്കിൽ ശത്രുതാപരമായ മാർഗങ്ങൾ സർവശക്തൻ സൃഷ്ടിക്കുന്നു. പൂർണത പ്രാപിച്ച മനുഷ്യന്റെ ദുആയിൽ അഥവാ പ്രാർഥനയിൽ ഒരു പ്രത്യേക ശക്തിയുണ്ടാകുമെന്ന കാര്യം അതിമഹത്തായ ദൃഷ്ടാന്തങ്ങൾ മുഖേന ദിവ്യാത്മാക്കൾക്ക് അനുഭവഗോചരമായിട്ടുള്ളതാണ്. അതായത് ആ ദുആ അല്ലാഹുവിന്റെ കല്പനയാൽ അധോലോകത്തും ഉപരിലോകത്തും നിയന്ത്രണമുണ്ടാക്കുന്നു. ആകാശമണ്ഡലങ്ങളേയും പഞ്ചഭൂതങ്ങളേയും മനുഷ്യഹൃദയങ്ങളേയും ഉദ്ദിഷ്ടകാര്യത്തെ പിന്തുണക്കുന്നതാക്കിത്തീർക്കുന്നു. അതിനുള്ള ഉദാഹരണങ്ങൾ അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥങ്ങളിൽ ഒട്ടും കുറവല്ല. ചിലതരം അത്ഭുതപ്രവൃത്തികളുടെ യാഥാർഥ്യവും ദുആ സ്വീകരണം തന്നെയാണ്. നബിമാർ നിമിത്തം പ്രകടമായിട്ടുള്ള ആയിരക്കണക്കിന് അത്ഭുതദൃഷ്ടാന്തങ്ങളുടേയും വലിയ്യുമാർ കാണിച്ച അത്ഭുതസിദ്ധികളുടേയുമെല്ലാം ഉറവിടം ഈ ദുആ തന്നെയാണ്. ദുആയുടെ സ്വാധീനംകൊണ്ടുതന്നെ മിക്കപ്പോഴും വിവിധ രീതിയിലുള്ള അത്ഭുതങ്ങൾ സർവശക്തനായ അല്ലാഹു പ്രകടമാക്കുന്നു. അറേബ്യൻ മരുഭൂമിയിൽ ഒരു അത്ഭുതസംഭവം നടന്നു. മൃതപ്രായരായ ലക്ഷക്കണക്കിനാളുകൾ അല്പദിവസംകൊണ്ട് ജീവനുള്ളവരായി. തലമുറയായി കളങ്കം ചാർത്തപ്പെട്ടുവന്ന അല്ലാഹുവിന്റെ നിറം വീണ്ടും വിളങ്ങി. കണ്ണുള്ള കുരുടന്മാർക്ക് കാഴ്ച ലഭിച്ചു. മൂകരുടെ നാവിൽനിന്ന് ദൈവീകജ്ഞാനം പുറപ്പെടാൻ തുടങ്ങി. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതുമായ രീതിയിൽ ലോകത്ത് ഒരു പ്രാവശ്യം മഹാവിപ്ലവമുണ്ടായി. അതെന്താണെന്ന് അറിയുമോ? അല്ലാഹുവിൽ വിലയം പ്രാപിച്ച ഒരു മനുഷ്യന്റെ ഇരുൾമുറ്റിയ രാത്രികളിലെ ദുആ ആയിരുന്നു അത്. അദ്ദേഹം ലോകത്ത് ഒരു മഹാവിപ്ലവം സൃഷ്ടിച്ചു. നിരക്ഷരനും അശക്തനുമായ മനുഷ്യന് ഒരിക്കലും ചെയ്യാൻ സാധിക്കാത്ത, അത്യത്ഭുതകരമായ കാര്യമാണ് അവിടന്ന് ചെയ്തുകാണിച്ചത്.''

*അല്ലാഹുമ്മ സ്വല്ലിവസല്ലിം വ ബാരിക് അലയ്ഹി വ ആലിഹീ ബിഅദദി ഹമ്മിഹീ വ ഗമ്മിഹീ വ ഹുസ്നിഹീ ബിഹാദിഹിൽ ഉമ്മത്തി വ അൻസിൽ അലയ്ഹി അൻവാറ റഹ്മത്തിക്ക ഇലൽഅബദി* (അല്ലാഹുവേ, മുഹമ്മദ്(സ)നും അദ്ദേഹത്തിന്റെ ആത്മീയബന്ധുക്കൾക്കും, അദ്ദേഹത്തിന് ഈ സമുദായത്തെ സംബന്ധിച്ചുള്ള വിഷമവും വിമ്മിഷ്ടവും എത്രമാത്രമാണോ ആ അളവിൽ അനുഗ്രഹവും രക്ഷയും ബർക്കത്തും നീ നല്കേണമേ. അദ്ദേഹത്തിൽ നിന്റെ കാരുണ്യത്തിന്റെ പ്രകാശം ചൊരിയേണമേ.)(ബർക്കാത്തുദ്ദുആ, പേജ് 9-11)

ഇനി ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ദുആ സ്വീകാര്യതയുടെ അസംഖ്യം സംഭവങ്ങളിൽനിന്ന് രണ്ടുമൂന്നെണ്ണം സമർപിക്കുന്നതാണ്.

1. അഹ്മദിയ്യ ഖിലാഫത്ത് എങ്ങനെയുള്ള നിഅ്മത്താണെന്നാൽ ദാഹിക്കുന്ന ആത്മാക്കൾക്ക് ശമനം നല്കുന്നതോടൊപ്പം ഊഷരഭൂമിയ്ക്ക് ജലസേചനവും നടത്തുന്നു. 2012 ലെ വാർഷിക ജൽസയുടെ രണ്ടാമത്തെ ദിവസം പ്രസംഗത്തിന്നിടയിൽ ഹുദൂർ അയ്യദഹുല്ലാഹ് ആഫ്രിക്കൻ വൻകരയിൽ പ്രകടമാകുന്ന നൂറുക്കണക്കിന് അടയാളങ്ങളിൽ ഒരു അടയാളം ഇങ്ങനെ വിവരിച്ചു: മാലി അമീർ സാഹിബ് എഴുതുന്നു: കഴിഞ്ഞ വർഷം വളരെ കുറച്ച് മഴയാണുണ്ടായത്. അക്കാരണത്താൽ വളരെ വലിയ ബുദ്ധിമുട്ടുകളായിരുന്നു. അവർ എനിക്കും ദുആ ചെയ്യാനെഴുതി. അപ്പോൾ മഴയ്ക്കുവേണ്ടിയുള്ള പ്രാർഥന നടത്താൻ ഞാൻ അവരോടു പറഞ്ഞിരുന്നു. അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. നമ്മുടെ ഒരു മുഅല്ലിം പറയുന്നു, ഒരു സ്കൂൾ അധ്യാപകനായ മുഹമ്മദു ത്വറേ സാഹിബ് അദ്ദേഹത്തിന്റെ അടുത്തുവന്നു. അദ്ദേഹം പറഞ്ഞു: അദ്ദേഹം പതിവായി റേഡിയോ അഹ്മദിയ്യ കേൾക്കാറുണ്ടായിരുന്നു. പക്ഷേ, ജമാഅത്തുമായി ബന്ധമൊന്നുമുണ്ടായിരുന്നില്ല. ജമാഅത്തിന്റെ ഖലീഫ ഈ പ്രദേശത്തു മഴപെയ്യാൻ പ്രത്യേകം ദുആ ചെയ്തിരിക്കുന്നുവെന്ന് ഒരു ദിവസം കേട്ടു. പിന്നീട് മാലി ജമാഅത്തിന്റെ അമീർ അദ്ദേഹത്തിന്റെ നാട്ടിൽ വരുന്നുവെന്നും കേട്ടു. അങ്ങനെ നേരിട്ടുപോയി അദ്ദേഹത്തെ കണ്ടാലോ എന്ന് വിചാരിച്ചു. അങ്ങനെ പരിപാടി വെച്ചിരുന്ന ഫാറക്കോ(Farako)ഗ്രാമത്തിൽ അദ്ദേഹം എത്തി. അവിടേയും അദ്ദേഹം അമീറിൽനിന്ന് കേട്ടു, ഈ പ്രദേശത്ത് മഴയുണ്ടാകുന്നതിനുവേണ്ടി ഖലീഫത്തുൽ മസീഹ് ദുആ ചെയ്തിരിക്കുന്നുവെന്ന്! പിന്നീട് പ്രത്യേക നമസ്കാരവും നടന്നു. ഈ വർഷം അസാധാരണമായ നിലയിൽ മഴയുണ്ടാകുകയാണെങ്കിൽ അതു ഈ ദുആയുടെ ഫലമായിരിക്കുമെന്ന് അദ്ദേഹം മനസ്സിൽ ഉറപ്പിച്ചു. കാരണം വർഷങ്ങളായി അവിടെ നല്ലതോതിൽ മഴ പെയ്തിരുന്നില്ല. അങ്ങനെ മഴക്കാലം വന്നപ്പോൾ രണ്ടും മൂന്നും ദിവസം കൂടുമ്പോൾ സമൃദ്ധമായി മഴ പെയ്യുന്നതാണ് അദ്ദേഹം കണ്ടത്. കഴിഞ്ഞ പത്തുവർഷമായി ഇങ്ങനെ മഴ പെയ്തിട്ടില്ലെന്നതിന് അദ്ദേഹം സ്വയം സാക്ഷിയാണ്. ഇന്ന് അദ്ദേഹം വന്നത് ജമാഅത്തിൽ ചേരാനാണ്. കാരണം അല്ലാഹു ഖലീഫയോടൊപ്പമാണ്. അൽഹംദുലില്ലാഹ് ഇപ്പോൾ ഈ നാട്ടിൽ ആളുകൾ ധാരാളമായി ബയ്അത്തു ചെയ്തു വരുന്നു.''(അൽഫള്ൽ ഇന്റർ നാഷണൽ 2018 ആഗസ്റ്റ് 3, പേജ് 18)

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ഈ വർഷം റിവ്യൂ ഓഫ് റിലീജ്യൺസ് സംഘടിപ്പിച്ച God Summit ന്റെ അവസരത്തിൽ തന്റെ പ്രത്യേക സന്ദേശത്തിൽ ചില സംഭവങ്ങൾ വിവരിക്കുകയുണ്ടായി. അവയിൽനിന്ന് ചിലത് പറയുകയാണ്.

2. ഹുദൂർ പറഞ്ഞു: ഐവറികോസ്റ്റിലെ ഒരു സംഭവം നമ്മുടെ മുഅല്ലിം എഴുതിയിരിക്കുന്നു. അവിടുത്തെ ഒരു ആത്മാർഥനായ അഹ്മദിയാണ് അബ്ദുല്ലാഹ് സാഹിബ്. അദ്ദേഹത്തെ കുറിച്ച് എഴുതിയിരിക്കുന്നു: എന്റെ സഹോദരനെ ഈ രീതിയിൽ പോലീസ് പിടിച്ചുകൊണ്ടുപോയി. ലഹരി പദാർങ്ങൾ വിറ്റു എന്ന കുറ്റത്തിന് കോടതി അവനെ 20 വർഷം തടവിന് ശിക്ഷിച്ചു. അദ്ദേഹം പറയുന്നു, എന്റെ സഹോദരനെ പോലീസ് ഇങ്ങനെ പിടിച്ചുകൊണ്ടു പോയതിൽ ഞാൻ വളരെ പ്രയാസത്തിലായിരുന്നു. അവൻ കുറ്റവാളിയല്ല. അദ്ദേഹം പറയുന്നു: ആ ബുദ്ധിമുട്ടിന്റെ അവസ്ഥയിൽ അദ്ദേഹം എനിക്ക് ഇവിടെ ലണ്ടനിൽ ദുആയ്ക്കുവേണ്ടി കത്തെഴുതി. അദ്ദേഹംതന്നെയും സഹോദരന്റെ മോചനത്തിന് ദുആ ചെയ്യാൻ തുടങ്ങി. അദ്ദേഹം പറയുന്നു, ഇങ്ങനെയൊക്കെയായിട്ടും മോചനത്തിനുള്ള ഒരു ലക്ഷണവും കണ്ടില്ല. അദ്ദേഹം പറയുന്നു, ''ഒരു ദിവസം ഞാൻ സ്വപ്നത്തിൽ കണ്ടു. എനിക്കെഴുതുകയാണ് ഖലീഫത്തുൽ മസീഹിനെ കണ്ടു. അങ്ങയെ കണ്ടു. അങ്ങ് പറഞ്ഞു, വിഷമിക്കണ്ട, ക്ഷമിക്കുക. നിങ്ങളുടെ സഹോദരൻ വേഗം മോചിതനാകും.'' രാവിലെ ഞാൻ എഴുന്നേറ്റപ്പോൾ എനിക്ക് വളരെ സമാധാനമുണ്ടായിരുന്നു. ഇൻശാഅല്ലാഹ് അല്ലാഹു എന്തെങ്കിലും മുഅ്ജിസ കാണിക്കുമെന്ന് ഉറപ്പുണ്ടായിരുന്നു. എന്റെ സഹോദരൻ മോചിതനായി വരും. എന്നാൽ, സഹോദരൻ എന്തു മോചിതനാകാനാണ്? അതിനു വിപരീതമായി കുറച്ചു ദിവസത്തിനുശേഷം അവന്റെ ഉമ്മയുടെ ആരോഗ്യം വഷളായി. അവരെ നഗരത്തിലെ വലിയ ആശുപത്രിയിൽ കൊണ്ടുപോകേണ്ടിവന്നു. അവിടെ അവരെ പ്രവേശിപ്പിച്ചു. അദ്ദേഹം പറയുന്നു, ഞാൻ വളരെ പ്രയാസത്തിലായി. ആദ്യം ഒരു മുസീബത്തായിരുന്നു. ഇപ്പോൾ ഒന്നുംകൂടി വന്നുപെട്ടിരിക്കുന്നു. ഉമ്മ സുഖമില്ലാതായി. വലിയ വിഷമത്തിന്റെ അവസ്ഥയായിരുന്നു. വലിയ നിരലംബതയുടെ അവസ്ഥയായിരുന്നു. പ്രശ്നങ്ങൾ കൂടിക്കൊണ്ടിരുന്നു. ഞാൻ ദുആ ചെയ്തു. അദ്ദേഹം പറയുന്നു, രാത്രിയിൽ ഉറങ്ങിയപ്പോൾ വീണ്ടും അദ്ദേഹം എന്നെ സ്വപ്നത്തിൽ കണ്ടു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: എഴുന്നേല്ക്കൂ! പോയി കതകു തുറക്കൂ! അദ്ദേഹം പറയുന്നു, ഞാൻ ഉണർന്നു. ക്ഷണത്തിൽ ഉണർന്നു. കണ്ണു തുറന്നു നോക്കിയപ്പോൾ വാതിലിൽ ആരോ മുട്ടി(knock) വിളിക്കുന്നതു കേട്ടു. ഞാൻ പോയി വാതിൽ തുറന്നു. അവിടെ എന്റെ സഹോദരനുണ്ടായിരുന്നു. പോലീസ് തന്നെ ഇന്ന് മോചിപ്പിച്ചുവെന്ന് അവൻ പറഞ്ഞു. അദ്ദേഹം പറയുന്നു, ഇതെല്ലാം അല്ലാഹുവിന്റെ ഫള്ലിന്റേയും ദുആകളുടെ അനുഗ്രഹത്തിന്റേയും മുഅ്ജിസത്താണ്. കാലത്തിന്റെ ഖലീഫയുമായുള്ള ബന്ധത്തിന്റെ മുഅ്ജിസത്താണ്.(ത്രിദിന അൽഫള്ൽ ഇന്റർ നാഷണൽ,2022 മെയ് 27)

3. ഗാംബിയാ(Gambia)യിലെ ഒരു സംഭവം വിവരിച്ചുകൊണ്ട് ഹദൂർ പറയുന്നു: ''ഉമർ സാഹിബ് എന്നു പറയുന്ന ഒരു സുഹൃത്തുണ്ട്. അദ്ദേഹം 2017-ൽ കുടുംബത്തോടെ ബയ്അത്ത് ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് യൂട്രസിൽ (uterus) കാൻസറായിരുന്നു. ഗർഭാശയ കാൻസർ. ഏഴു വർഷം മുമ്പേ കുട്ടി ജനിച്ചിരുന്നു. അതിനുശേഷമാണ് കാൻസറുണ്ടായത്. അതിനൊരു ചികിത്സയുമില്ലെന്ന് ഡോക്ടർമാർ പറഞ്ഞു. നിങ്ങൾക്ക് കുട്ടിളുണ്ടാകുക എന്നത് സംഭാവ്യമെയല്ല. ഇക്കാരണത്താൽ അദ്ദേഹത്തിന്റെ ഭാര്യ വളരെ വിഷമത്തിലായി. ഒന്ന് രോഗവുമുണ്ട്. ഇനി കുട്ടികളുമുണ്ടാകുകയില്ല. ജീവിതത്തിന്റേയും മരണത്തിന്റേയും പ്രശ്നമായിരുന്നു. ജീവിക്കുമോ എന്നറിയുകയില്ല. ചെറിയ കുട്ടിയാണ് അവന്റെ സന്തോഷം കാണാൻ കഴിയുമോ ഇല്ലേ? എന്തായാലും ബയ്അത്ത് ചെയ്തതിനുശേഷം പറയുന്നു, അദ്ദേഹത്തിന്റെ ഭാര്യ ഒരു നോട്ടീസെടുത്തു. അതിൽ എന്റെ ഫോട്ടോ ഉണ്ടായിരുന്നു. അവർ പറയുന്നു, ആ ഫോട്ടോ കണ്ടിട്ട് എന്തുകൊണ്ടെന്നറിയില്ല എന്റെ മനസ്സിൽ വിചാരമുണ്ടാകുകയും സമാധാനമുണ്ടാകുകയും ചെയ്തു. ഞാൻ ദുആയും ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവിൽനിന്ന് കൂടുതൽ സമാധാനമുണ്ടാകുന്നതിന് ദുആ ചെയ്തുകൊണ്ടിരുന്നു. പിന്നീട് അവർ എനിക്ക് കത്തെഴുതി. ദുആയ്ക്കുള്ള അപേക്ഷയോടൊപ്പം രോഗത്തെ കുറിച്ചും ഇനി കുട്ടി ഉണ്ടാകുന്നതിന്റെ ആഗ്രഹവും പറഞ്ഞിരുന്നു. അല്ലാഹുവിന്റെ ഫള്ൽ എങ്ങനെയുണ്ടായെന്നാൽ, കുറച്ചു കഴിഞ്ഞപ്പോൾ അവർ ഗർഭിണിയായി. ഡോക്ടർമാരും നേഴ്സുമാരും പരിശോധിച്ചു. അവർ ആശ്ചര്യപ്പെട്ടിരുന്നു. അവർ അവരോടു പറയുകയായിരുന്നു, ഇനി ഈ സ്ത്രീയ്ക്കു കുട്ടി ഉണ്ടാകുക എന്നത് വൈദ്യശാസ്ത്രപരമായി അസംഭാവ്യമാണെന്ന് ഞങ്ങൾ മറുപടിയും നല്കിയതായിരുന്നു. പിന്നീട് അവർ pregnancy ടെസ്റ്റിനുശേഷം വീണ്ടും കാൻസർ ടെസ്റ്റു നടത്തി. അത് തികച്ചും നെഗറ്റീവായി(negative)കണ്ടു. അതുകണ്ട് ഡോക്ടർ ആശ്ചര്യപ്പെടുകയായിരുന്നു. ഡോക്ടർ ആ പുതിയ അഹ്മദി സ്ത്രീയോടു ചോദിച്ചു: കാൻസർ പോലും ഇല്ലാതായ നിങ്ങൾ എന്തു മരുന്നാണ് കഴിച്ചത്. നിങ്ങളുടെ ഈ പ്രയാസവും ഇത്തരത്തിലുള്ള ബുദ്ധിമുട്ടും അകന്നിരിക്കുന്നു. ഇങ്ങനെ സംഭവിക്കുകയില്ലെന്ന് വൈദ്യശാസ്ത്രപരമായി ഞങ്ങൾക്ക് ഉറപ്പുണ്ടായിരുന്നു. അവർ പറഞ്ഞു, ഞാനൊരു മരുന്നും കഴിച്ചിട്ടില്ല. ഞാൻ കാലത്തിന്റെ ഖലീഫയ്ക്ക് ദുആയ്ക്ക് എഴുതിയിരുന്നു. ഞാനും ദുആ ചെയ്തുകൊണ്ടിരുന്നു. ഇതു ദുആയുടെ അനുഗ്രഹങ്ങളാണ്. ഇതുതന്നെയാണ് എന്റെ ചികിത്സയും. അല്ലാഹു ഇക്കാരണത്താൽ കൃപ ചൊരിഞ്ഞു.(ത്രിദിന അൽഫള്ൽ ഇന്റർ നാഷണൽ 2022 മെയ് 27

ഹുദൂർ പറയുന്നു: ''ഇന്ത്യയിലെ ബംഗാൾ സംസ്ഥാനത്തിലെ മാൽദ എന്ന സ്ഥലത്ത് ഒരു മുഅല്ലിം സാഹിബുണ്ട്. അദ്ദേഹത്തിന്റെ വൃക്കകൾ തകരാറിലായി. ഇത് 2005 ലെ കാര്യമാണ്. ഡോക്ടർമാർ ചികിത്സ നടത്താൻ ശ്രമിച്ചു. പക്ഷേ, ഒരു ഫലവും കണ്ടില്ല. ഇനിയൊന്നും ചെയ്യാനില്ലെന്ന് ഡോക്ടർമാർ പറഞ്ഞു. 2005-ൽ ഞാൻ ഖാദിയാനിൽ പോയപ്പോൾ അവിടെ ഇവരുടെ കുടുംബകൂടിക്കാഴ്ച ഉണ്ടായിരുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ രോഗത്തെ കുറിച്ച് പറഞ്ഞു. മുഅല്ലിം സാഹിബ് ദുആയ്ക്ക് അപേക്ഷിച്ചു. ആ സംഭവത്തിനുശേഷം കുറച്ചു നാൾ കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും ചെക്കപ്പ് നടത്തുന്നതിന് ആശുപത്രിയിൽപോയി. അപ്പോൾ ഡോക്ടർ അത്ഭുതപ്പെട്ടുപോയി. വൃക്കകൾ അസാധാരണമായ നിലയിൽ സുഖം പ്രാപിച്ചിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിനുശേഷം പൂർണ ആരോഗ്യവാനാണ്. ഇതു അല്ലാഹുവിന്റെ കൃപയാണ്. ദുആയെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഗയ്ർ മുംകിൻ കൊ യെ മുംകിൻമെ ബദൽ ദേത്തിഹെ(ത്രിദിന അൽഫള്ൽ ഇന്റർ നാഷണൽ 2022 മെയ്27)

ഹുദൂർ അൻവറിന്റെ ദുആ സ്വീകാര്യതയുടെ ചില സംഭവങ്ങൾ, അതെനിക്ക് വക്കാലത്ത് തബ്ശീർ ലണ്ടനിൽനിന്ന് വക്കീലത്തെ തഅ്മീൽ വ തൻഫീദ് (ഭാരത്, നേപ്പാൾ, ഭൂട്ടാൻ എന്നി

**• ഹദീഥുന്നബ്‌വി : •**

'മനുഷ്യൻ സത്യസന്ധത പാലിക്കുന്നതുകൊണ്ടുതന്നെ അല്ലാഹുവിങ്കൽ അവനെ സത്യവാനെന്ന് രേഖപ്പെടുത്തുന്നതാണ്.'(ബുഖാരി, മുസ്‌ലിം)

**• ഹദീഥുന്നബ്‌വി : •**

ഹസൻ ബിൻ അലി(റ) നിവേദനം. അനുവദനീയമാണോ എന്ന് സംശയമുള്ളത് കൈവെടിഞ്ഞ് ഉറപ്പുള്ളതുമാത്രം നീ സ്വീകരിക്കുക എന്ന് നബി(സ)തിരുമേനിയിൽനിന്ന് ഞാൻ ഹൃദിസ്തമാക്കിയിട്ടുണ്ട്.'(തിർമുദി)

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്വാലിബെ ദുആ:
ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

വയുടെ ചുമതല) മുഖേന ലഭിച്ചതാണ്. അവയിൽനിന്ന് ചിലത് സമർപ്പിക്കുകയാണ്: (വക്കാലത്ത് തബ്ശീറിൽനിന്ന് (T-9313-19R/14-9-22 WTT-4679/25-9-22) എന്ന നമ്പർ കത്തുമുഖേന ലഭിച്ചതാണ്)

(5). മഹാരാഷ്ട്രയിലെ ചന്ദ്രപ്പൂർ ജില്ലയിലെ മുബല്ലിഗ് ഇൻചാർജ് സാഹിബ് എഴുതുന്നു:''ബില്ലാർപൂർ ജമാഅത്തിലെ ആത്മാർഥനായ ഒരു യുവാവ് മുനവ്വർ അലി സാഹിബ് അദ്ദേഹം എഞ്ചിനിയറാണ്, ഒരു പാടു നാളുകളായി വിവിധ കമ്പിനികളിൽ ഇന്റർവ്യു തുടങ്ങിയവ നല്കി തൊഴിലന്വേഷിച്ച് നടക്കുകയായിരുന്നു. എന്നാൽ, ഒരിടത്തും വിജയിക്കാൻ കഴിഞ്ഞില്ല. അക്കാലത്താണ് ഹുദൂർ മസ്ജിദ് ബയ്ത്തുൽ ഫുതൂഹിന്റെ നവീകരണത്തിനുവേണ്ടി ആഹ്വാനം ചെയ്തത്. അദ്ദേഹം ഒരു വലിയ തുക വാഗ്ദാനമെഴുതിച്ചു. വാസ്തവത്തിൽ അദ്ദേഹത്തിന് തൊഴിലൊന്നുമില്ലായിരുന്നു. അതിനോടൊപ്പം ഹുദൂറിന് ദുആയ്ക്കും എഴുതിക്കൊണ്ടിരുന്നു. അദ്ദേഹം പറയുന്നു: അല്ലാഹു തീർച്ചയായും സഹായിക്കുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. അങ്ങനെ അല്ലാഹു ഫള്ൽ ചെയ്തു. അദ്ദേഹത്തിന് ഖത്വറിൽ ജോലി കിട്ടി. എത്രയാണോ അദ്ദേഹം വാഗ്ദാനം ചെയ്തത് അത്രയും തുക ശംബളം എന്ന നിലയിൽ നിശ്ചയിക്കപ്പെട്ടു.

(6). ബുർക്കിനോ ഫാസോ അമീർ എഴുതുന്നു: ''ബുർക്കിനോ ഫാസോയിലെ അഫ്സർ ജൽസാ സാലാന ജയാലു അബ്ദുർറഹ്മാൻ സാഹിബ് ഈ വർഷം മാർച്ചിൽ ഹുദൂർ അൻവറുമായി കൂടിക്കാഴ്ച നടത്തി. തങ്ങളുടെ ജൽസ വരാൻ പോകുകയാണെന്നും എന്നാൽ, അവിടെ കഠിനമായ ചൂടാണെന്നും ദുആ ചെയ്യണമെന്നും ഹുദൂറിനോടു അദ്ദേഹം പറഞ്ഞു. അപ്പോൾ ഹുദൂർ അൻവർ അദ്ദേഹത്തോടു മഴയുണ്ടാകണമെന്നാണോ? താങ്കൾ ആഗ്രഹിക്കുന്നതെന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'അതുതന്നെ ഹുദൂർ.' അതു കേട്ട് ഹുദൂർ പറഞ്ഞു, 'അച്ഛാ.' അങ്ങനെ ജൽസ സംഘടിപ്പിച്ചപ്പോൾ ആദ്യ ദിവസം 42 ഡിഗ്രി ചൂടുണ്ടായിരുന്നു. പക്ഷേ, അസ്റിനുശേഷം അന്തരീക്ഷം നല്ലതായി. ചെറിയ ചാറ്റലുമുണ്ടായി. പിന്നീട് രാത്രി 8 മണിയോടുത്ത് ധാരയോടുകൂടി കുറേ സമയം മഴ പെയ്തു. രാത്രി 11 മണിക്കുശേഷം മഴ ശമിച്ചു. കാറ്റടിച്ച കാരണത്താൽ എല്ലാ സ്ഥലവും ഉണങ്ങാൻ തുടങ്ങി. അതിവെളുപ്പിന് പരിപാടിയനുസരിച്ച് തഹജ്ജുദ് നമസ്കരിച്ചു. എനിക്ക് 20 വർഷത്തിലേറെയായി, പഴയ ആളുകളോടു ചോദിക്കുകയും ചെയ്തു, എല്ലാവരും പറഞ്ഞത് ഒരിക്കലും ജൽസയിൽ മഴ പെയ്തിട്ടില്ലെന്നാണ്. ഈ മാസത്തിൽ ഇപ്രകാരം മഴ പെയ്യുകയെന്നാൽ അസാധാരണമായ സംഭവമാണ്. അഫ്സർ സാഹിബ് ജൽസ സാലാന ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയതും മഴയ്ക്കുവേണ്ടി അപേക്ഷിച്ചതുമായ വിവരം പറഞ്ഞു. അപ്പോൾ അവസ്ഥതന്നെ മാറിപ്പോയി. എല്ലാവരുടേയും മനസ്സ് ദുആ സ്വീകര്യതയും അഹ്മദിയ്യാ ഖിലാഫത്തിനോടുള്ള സ്നേഹവും ആത്മാർഥതയും കൊണ്ട് നിറഞ്ഞു. അന്തരീക്ഷം വളരെനേരം മുദ്രാവാക്യങ്ങളും തക്ബീർ വിളികളും കൊണ്ട് മുഖരിതമായി,

(7)കോംഗോ കിൻഷാസ(Congo Kinshasa)യിലെ പവായറ്റ് നവാർ നഗരത്തിലെ മുബല്ലിഗ് എഴുതുന്നു: 2015-ൽ അഹ്മദിയ്യ മിഷൻ ബാസാറിൽവെച്ച് സ്ഥാപിതമായതിനുശേഷം ഒരു ദിവസം ബാസാറിൽവെച്ച് പാക്കിസ്താനി സുഹൃത്ത് മുഹമ്മദ് ഇഖ്ബാൽ സാഹിബിനെ കണ്ടു. ആദ്യം വളരെ സന്തോഷത്തോടെയാണ് കണ്ടത്. ഫോൺ നമ്പർ വാങ്ങി. പക്ഷേ, ഞാൻ അഹ്മദിയായെന്ന് പറഞ്ഞപ്പോൾ പെട്ടെന്ന് സ്വഭാവത്തിൽ മാറ്റം വന്നു.

സമയം കഴിഞ്ഞുപോകുന്നതിനനുസരിച്ച് ഞാൻ ബന്ധപ്പെട്ട് നമുക്ക് മിഷൻ ഹൗസിൽ പോകാമെന്നു പറയുമ്പോൾ എന്തെങ്കിലുമൊക്കെ തടസം പറയുമായിരുന്നു. 2017-ൽ പെട്ടെന്ന് അദ്ദേഹത്തിന്റെ ഉദ്യോഗം അവസാനിച്ചു. നല്ല വരുമാനവും അതോടെ നിലച്ചു. അതിനോടൊപ്പം പാസ്പോർട്ടിന്റെ കാലാവധിയും കഴിഞ്ഞു. അദ്ദേഹം വളരെ ബുദ്ധിമുട്ടി. എല്ലായിടത്തും പരിശ്രമിച്ചെങ്കിലും പരിഹാരമൊന്നും കണ്ടില്ല.

പിന്നീട് 2018-ൽ ഒരു ദിവസം അങ്ങേയറ്റം ബുദ്ധിമുട്ടിലുള്ള അദ്ദേഹത്തിന്റെ ഫോൺ വന്നു. താൻ നിങ്ങളെ കാണാൻ മിഷൻ ഹൗസിൽ വരുന്നുവെന്ന് പറഞ്ഞു. ഇവിടെ വന്ന് അദ്ദേഹത്തിന്റെ ബുദ്ധിമുട്ട് പ്രകടിപ്പിച്ചു. താങ്കൾ എനിക്ക് പാസ്പോർട്ട് എടുത്തുതരാൻ എന്നോടു പറഞ്ഞു. എല്ലാവരും എന്നോടു പറഞ്ഞത് അഹ്മദിയ്യ ജമാഅത്തിന് മാത്രമെ നിങ്ങളെ സഹായിക്കാൻ കഴിയു എന്നാണ്.

അങ്ങനെ അദ്ദേഹത്തിന്റെ പാസ്പോർട്ടിനുവേണ്ടി ഓൺലൈനിൽ അപേക്ഷിച്ചു. കുറച്ചു ദിവസത്തിനുള്ളിൽ അദ്ദേഹത്തിന്റെ പാസ്പോർട്ടുവന്നു. പാസ്പോർട്ടു വന്നതോടെ അദ്ദേഹത്തിന് അഹ്മദിയ്യ ജമാഅത്തിനോടു ഒരു മൃദുസമീപനം ഉണ്ടാകാൻ തുടങ്ങി. അധികവും മിഷൻഹൗസിൽ വരാൻ തുടങ്ങി. ഒരുമിച്ചിരുന്ന് ഭക്ഷണവും കഴിക്കാൻ തുടങ്ങി. പിന്നീട് കോംഗോ ജൽസസാലാനയിൽ 2018-ൽ പങ്കെടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ജോലി തീർന്നിരുന്നു. വലിയൊരു തുകയും കുടുങ്ങികിടക്കുകയായിരുന്നു. അതു കിട്ടാൻ ഒരു വഴിയുമുണ്ടായിരുന്നില്ല. ആ ദുർഘടത്തിൽ 15 മാസം കഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രയാസങ്ങൾ വർധിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം മിഷൻഹൗസിൽ ഇരിക്കുമ്പോൾ വളരെ ദുഃഖിതനായി കണ്ടു. പറഞ്ഞു: താങ്കൾ താങ്കളുടെ ജമാഅത്തിന്റെ ഖലീഫ സാഹിബിന് എനിക്കുവേണ്ടി ദുആയ്ക്കെഴുതിയാലും. നിരന്തരം നിർബന്ധിക്കാൻ തുടങ്ങി. ഞാനുടനെ തന്നെ എഴുതാമെന്ന് പറഞ്ഞു. പക്ഷേ, ഓർക്കണം താങ്കൾ അഹ്മദിയാവുകയോ അഹ്മദിയാവാതിരിക്കുകയോ ചെയ്തുകൊള്ളുക പക്ഷേ, ഈ ദുആ സ്വീകരിക്കുക എന്നത് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിന്റെ സത്യത്തിനുള്ള തെളിവായിരിക്കും. കാരണം താങ്കൾക്ക് താങ്കളുടെ പണം കിട്ടുമെന്നതിന് ഒരു പ്രതീക്ഷയുമില്ല. അങ്ങനെ ആ രാത്രി ദുആയ്ക്കുള്ള കത്ത് ഫാക്സ് ചെയ്തു. അല്ലാഹു എത്രയും വേഗം ഫള്ൽ ചെയ്യട്ടെ എന്ന പ്രതീക്ഷയോടു ഇരുന്നു.

അല്ലാഹുവും വളരെ അഭിമാനമുള്ളവനാണ്. അവനും തന്റെ ഖലീഫയോടു വളരെ സ്നേഹമുണ്ട്. അല്ലാഹുവിന്റെ ഫള്ൽ ഉണ്ടായി. അവസാനം നാലു ദിവസത്തിനുശേഷം പുഞ്ചിരിച്ചുകൊണ്ട് മിഷൻഹൗസിൽ വന്നു. പറഞ്ഞു, ഏതുരാത്രിയാണോ നമ്മൾ ഖലീഫ സാഹിബിന് കത്തെഴുതി ഫാക്സ് ചെയ്തത് അതിന്റെ അടുത്ത ദിവസംതന്നെ എനിക്ക് ഓഫീസിൽനിന്ന് ഫോൺ വന്നു. താങ്കൾ വരാനും ജോലി തുടരാനും പറഞ്ഞു. അവർ തുക കിട്ടുമെന്ന് ഉറപ്പും തന്നു.

ഞാൻ അൽഹംദുലില്ലാഹ് ചൊല്ലിക്കൊണ്ടു പറഞ്ഞു: നോക്കൂ! അല്ലാഹു തന്റെ പ്രിയപ്പെട്ട ഖലീഫയുടെ ദുആകൾകൊണ്ട് താങ്കൾക്ക് അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിനുള്ള എത്ര വ്യക്തമായ മുഅ്ജിസത്താണ് കാണിച്ചത്. അദ്ദേഹം അഹ്മദിയ്യത്തിനോടു വളരെ അടുത്തുവന്നു. അല്ലാഹു അദ്ദേഹത്തിന്റെ ഹിദായത്തിനുള്ള വഴി ഒരുക്കുമാറാകട്ടെ. ആമീൻ(വക്കാലത്ത് തബ്ശീർ ലണ്ടൻ)

(8) ജർമനിയിൽനിന്ന് അബ്റാർ അഹ്മദ് സാഹിബ് എഴുതുന്നു: ഞാൻ ജർമനിയിൽ വന്നതിനുശേഷം Burgering (ഫാസ്റ്റ് ഫുഡ് റസ്റ്റാറന്റ്)ൽ ജോലി ചെയ്യാൻ തുടങ്ങി. ഒരു ദിവസം അദ്ദേഹം ''പന്നിയിറച്ചിക്കടകളിൽ ജോലിചെയ്യുന്നവരിൽനിന്ന് ചന്ദ വാങ്ങരുത് എന്ന ഹുദൂറിന്റെ നിർദേശം വായിച്ചു. ഇദ്ദേഹം എഴുതുന്നു: ഹുദൂർ അൻവറിന്റെ ഈ നിർദേശം വായിച്ചപ്പോൾ പരിഭ്രമിച്ചുപോയി. രാത്രി മുഴുവൻ അസ്വസ്ഥതയിലും നഫ്ൽ നമസ്കരിച്ചും കഴിച്ചു കൂട്ടി. അല്ലാഹുവേ! നീ എന്റെ അവസ്ഥ അറിയുന്നു. ഇതിന്നിടയിൽ ഹുദൂറിനും ദുആയ്ക്കുവേണ്ടി കത്തുകൾ മുടങ്ങാതെ എഴുതിക്കൊണ്ടിരുന്നു. ഈ ചെറിയ നഗരത്തിൽ ആരാണ് എനിക്കു ജോലി നല്കുക? അതിന്നിടയിൽ ജമാഅത്തിലെ ആളുകൾ പറയാൻ തുടങ്ങി, ഞങ്ങളോടു വസിയ്യത്തിനെ കുറിച്ച് പറയുന്നു. ഇനി ഞങ്ങളുടെ വസിയ്യത്ത് എങ്ങനെ രക്ഷിക്കും.

ഇതിന്നിടയിൽ ഹുദൂറിൽനിന്നും കത്തിന് മറുപടി വന്നു. അതിൽ ഹുദൂർ പറഞ്ഞു: അല്ലാഹു തീർച്ചയായും താങ്കൾക്ക് അനുഗൃഹീതമായ ജോലി നല്കുന്നതായിരിക്കും. ധാരാളം ദുആ ചെയ്യുക. ''

അതുകൊണ്ട് പെട്ടെന്ന് എഴുന്നേറ്റു. ജോലിനല്കിയവർക്ക് അതുസംബന്ധമായി മറുപടി നല്കി. ഇതെന്റെ അവസാന ദിവസമാണെന്ന് പറയുകയും ചെയ്തു. അപ്പോൾ അവർ പണമൊന്നും കിട്ടില്ലെന്നും ബുദ്ധിമുട്ടേണ്ടിവരുമെന്നും പറഞ്ഞ് ഭീഷണിപ്പെടുത്തി. എന്നാൽ, ഞാൻ ആ ജോലി രാജിവെച്ച് വീട്ടിൽ തിരിച്ചുവന്നു. എന്റെ ലറ്റർ ബോക്സ് തുറന്നു. പോസ്റ്റു ഡിപ്പാർട്ടുമെന്റിൽനിന്നുള്ള ഒരു കത്തു കണ്ടു. നാളെ മുതൽ ജോലിക്കു വരിക എന്ന് അതിലെഴുതിയിരുന്നു. ഒരു ദിവസം മുമ്പേ ജോലി അവസാനിപ്പിച്ചു, അടുത്തദിവസം പുതിയ ജോലി കിട്ടിയതിന് ക്ഷണത്തിൽ അല്ലാഹുവിന്റെ മുമ്പിൽ സുജൂദിൽ വീണു. ഇപ്പോൾ അല്ലാഹു വണ്ടിയും നല്കി. അല്ലാഹുവിന്റെ കൃപയാൽ സെക്രട്ടറി വസ്വായാ എന്ന നിലയിൽ പുതിയ വസിയ്യത്തിന്റെ ടാർഗറ്റും പൂർത്തിയാക്കാൻ തൗഫീഖ് ലഭിച്ചു. അൽഹംദുലില്ലാഹ്.

ഈ സംഭവങ്ങൾ കേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഈ പ്രതിധ്വനിയാണ് മനസ്സിൽനിന്ന് പുറപ്പെടുന്നത്:

*ഖുദ്റത്ത് സെ അപ്നീ ദാത്ത് കാ*
*ദേത്താ ഹെ ഹഖെ ഥബൂത്ത്*
*ഉസ് ബേ നിശാൻ കി ചെഹ്റയെ*
*നുമാഇ യഹീ തൊ ഹെ*
*ജിസ് ബാത്ത് കൊ കഹെ കെ*
*കരൂംഗ മെ യെ സരൂർ*
*ടൽത്തി നഹീ വൊ ബാത്ത്*
*ഖുദാഇ യഹീ തൊ ഹെ*
*ഗയ്ർ മുംകിൻ കൊ യെ*
*മുംകിൻ മെ ബദൽ ദേത്തി ഹെ*
*ഏ മേറേ ഫൽസഫിയോ!*
*സോരെ ദുആ ദേഘോ തൂ*

ശക്തി പ്രഭാവം കൊണ്ട് തന്റെ സത്തയ്ക്കുള്ള സത്യമായ തെളിവ് നല്കുന്നു. ആ അടയാളമൊന്നുമില്ലാത്തവന്റെ മുഖം വെളിപ്പെടുത്തൽ ഇപ്രകാരമാണ്. താനിത് തീർച്ചയായും ചെയ്യുമെന്ന് അവൻ പറഞ്ഞാൽ അക്കാര്യം മാറിപ്പോകുകയില്ല, ദൈവത്വം ഇതുതന്നെയാണ്. അസംഭവ്യമായതിനെ ഇത് സംഭവ്യമാക്കിത്തീർക്കുന്നു. അല്ലയോ തത്ത്വചിന്തകരേ! ദുആയുടെ ശക്തി നീ കാണുക. മാതാപിതാക്കളെക്കാൾ കൂടുതൽ വേദനിക്കുന്നതും ദുആകൾ ചെയ്യുന്നതുമായ അസ്തിത്വം ലഭിച്ചിട്ടുള്ള ലോകത്തിലെ ഒരേയൊരു ജമാഅത്ത് ദൈവകൃപാൽ അഹ്മദിയ്യ ജമാഅത്താണ്. രാത്രിയിൽ എല്ലാവരും ഉറങ്ങുമ്പോൾ അദ്ദേഹം ഉണരുന്നു. ലോകം മുഴുവൻ വസിക്കുന്ന മനുഷ്യർക്കുവേണ്ടി തന്റെ രക്ഷിതാവിന്റെ തിരുസന്നിധിയിൽ ദൈവപ്രാർഥന നടത്തുന്നു. സ്വന്തക്കാരെന്തായാലും അതു മനസ്സിലാക്കുന്നു, അന്യരായിട്ടുള്ളവരും ഇക്കാര്യം മനസ്സിലാക്കാതിരിക്കുന്നില്ല.

ഇനി ഞാൻ ഹദ്റത്ത് അമീറുൽ മുഅ്മിനീനിൽനിന്നുള്ള ദുആയെ സംബന്ധിച്ചുള്ള ആഹ്വാനങ്ങളിൽനിന്നും ഉപദേശങ്ങളിൽനിന്നുമുള്ള ചില ഉദ്ധരണികൾ സമർപ്പിക്കുന്നതായിരിക്കും.

2004 മെയ് 21 ന് ചെയ്ത ജുമുഅ ഖുത്ബയിൽ ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു:

‘‘ഓർമിച്ചുകൊള്ളുക! അവൻ സത്യമായ വാഗ്ദാനം ചെയ്യുന്ന ദൈവമാണ്. അവനിന്നും തന്റെ പ്രിയപ്പെട്ട മസീഹിന്റെ ഈ പ്രിയപ്പെട്ട ജമാഅത്തിനുമേൽ കൈവെച്ചിരിക്കുന്നു. അവൻ നമ്മെ ഒരിക്കലും കൈവിടുകയില്ല. ഒരിക്കലും കൈവിടുകയില്ല. ഒരിക്കലും കൈവിടുകയില്ല.

അവൻ ഇന്നും തന്റെ മസീഹിനോടു ചെയ്ത വാഗ്ദാനങ്ങൾ ആദ്യകാല ഖിലാഫത്തുകളിൽ പൂർത്തിയാക്കിയിരുന്നുതുപോലെ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. അവൻ ഇന്നും തന്റെ റഹ്മത്തുകളും കൃപകളും ആദ്യകാലങ്ങളിൽ ചെയ്തിരുന്നതുപോലെ ചെയ്തുകൊണ്ടിരിക്കുന്നു, ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും ഇൻശാഅല്ലാഹ്. അതിനാൽ ദുആകൾ ചെയ്തുകൊണ്ടും അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടും അവനോടു കൃപ ചോദിച്ചുകൊണ്ടും എപ്പോഴും അവന്റെ സവിധത്തിൽ വീണു കിടക്കുക. ഈ ഉറപ്പുള്ള വള കൈയിൽ ഇട്ടുവെക്കുക. പിന്നീട് ആർക്കും നിങ്ങളുടെ രോമത്തെ തൊടാൻപോലും സാധിക്കുകയില്ല. അല്ലാഹു എല്ലാവർക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ.’’(ജുമുഅ ഖുത്ബ 2004 മെയ് 21, പ്രസാധനം അൽഫള്ൽ ഇന്റർ നാഷണൽ, 2004 ജൂൺ 4, പേജ് 9)

ഹുദൂർ അൻവർ പറഞ്ഞു: എവിടെയൊക്കെയാണോ അഹ്മദികൾ ദ്രോഹത്തിന് ഇരയായിക്കൊണ്ടിരിക്കുന്നത് അവർ ഓർമിക്കുക! ശയ്ത്വാനോടുള്ള അവസാനത്തെ യുദ്ധമാണിത്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ഇക്കാലഘട്ടത്തിലെ ഇമാം ഉണ്ടാക്കിയിട്ടുള്ള ഈ സൈന്യത്തിൽ നിങ്ങൾ ചേർന്നിരിക്കുകയാണ്. അതുകൊണ്ട് നിങ്ങളുടെ ഈമാനിനെ ദൃഢഗാഢമാക്കിക്കൊണ്ട്, അല്ലാഹുവിനോടു അടിയുറപ്പും സ്ഥൈര്യവും ചോദിച്ചുകൊണ്ട് എപ്പോഴും എല്ലാ നേരവും ക്ഷമയും സഹിഷ്ണുതയും പ്രകടിപ്പിക്കുക. അല്ലാഹുവിന്റെ മുമ്പിൽ കൂടുതൽ കുനിയുക. അവസാന വിജയം ഇൻശാഅല്ലാഹ് ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് തന്നെയായിരിക്കും. അവിടന്ന് പറഞ്ഞതുപോലെ, സാത്താനികവും മതഭേദകരവുമായ ശക്തികളെ പരാജയപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നു. പക്ഷേ, ഒരു കാര്യം നമ്മൾ എപ്പോഴും ഓർമ വെക്കേണ്ടതാണ് പുറത്തുനിന്നുള്ള ശയ്ത്വാനെ പരാജയപ്പെടുത്തുന്നതിന് ആഭ്യന്തരമായ ശയ്ത്വാനേയും കീഴടക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ നമ്മുടെ വിജയം മസീഹു മൗഊദിനോടൊപ്പം ചേർന്നു നില്ക്കുന്നതിനാൽ ബാഹ്യമായ വസ്തുക്കൾ മുഖേന ഉണ്ടാകാവതല്ല. പ്രത്യുത ദുആകൾ മുഖേന ആയിരിക്കേണ്ടതാണ്. ദുആ സ്വീകരിക്കപ്പെടുന്നതിന് നമ്മളെ അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് നടക്കുന്നവരാക്കിത്തീർക്കേണ്ട ആവശ്യമുണ്ട്. അതുകൊണ്ട് ആത്മാവിനോടുള്ള പോരാട്ടവും അനിവാര്യമാണ്.’’(ജുമുഅ ഖുത്ബ 2009 മാർച്ച് 06)

ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: അല്ലാഹുവും അവന്റെ ദാസനും പരസ്പരം ആകർഷിക്കുന്നത്ര അടുത്തായി ദുആ ചെയ്യുമ്പോൾ അത്തരം അവസ്ഥയിൽ ചെയ്യപ്പെടുന്ന ദുആ എങ്ങനെയുള്ള ദിവ്യാത്ഭുങ്ങൾ കാണിക്കുന്നുവെന്നാൽ അതൊരു മനുഷ്യന് ഭാവനയിൽപോലും കാണാൻ സാധ്യമല്ല അതുകൊണ്ട് ഈ അവസ്ഥ ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചതാണ്. സാധാരണ ലോകത്തും കണ്ണോടിച്ചു നോക്കുക, ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന നേരത്ത് ആത്മാർഥമായി ഒരാൾ അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുന്നു. ആ നേരത്ത് ദുൻയാവിലെ എല്ലാ വസ്തുക്കളോടും താൽപര്യമില്ലായ്മ ഉണ്ടാകുന്നു. ദുൻയാവിലേക്ക് ഒരു ശ്രദ്ധയുമുണ്ടാകുകയില്ല. ബുദ്ധിമുട്ടുകളിൽ കുടുങ്ങി കിടക്കുകയാവും. വിപത്തുകളിൽ അകപ്പെട്ടിട്ടുണ്ടാകും. അല്ലാഹുവിലേക്ക് മാത്രമായിരിക്കും കുനിയുന്നത്. അല്ലാഹുവിന്റെ സത്ത മാത്രമായിരിക്കും മുന്നിലുണ്ടാകുന്നത്. ബുദ്ധിമുട്ടുകൾ ആ മനുഷ്യന്റെ ഉള്ളിൽ ഒരു അവസ്ഥ സൃഷ്ടിച്ചിട്ടുണ്ടാകും.അതുകൊണ്ട് ഭൂരിഭാഗമാളുകളും അത്തരം അവസ്ഥയിൽ ദുആ ചെയ്തുകൊണ്ടിരിക്കുന്നുണ്ടാകും. അവർ ദുആ സ്വീകാര്യത ദർശിക്കുകയും ചെയ്യുന്നു. അതുകൊണ്ട് മനുഷ്യൻ അല്ലാഹുവിന്റെ റഹ്മാനിയ്യത്തിനെ എപ്പോഴും മുന്നിൽവച്ചുകൊണ്ട് അവന്റെ അടുത്തായി തീരുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഒരു ജോലി പൂർത്തിയായതിനുശേഷം ഒരു ബുദ്ധിമുട്ട് അകന്നതിനുശേഷം, അവന്റെ അടുത്താകാനുള്ള പരിശ്രമത്തെ ഉപേക്ഷിക്കരുത്. അപ്പോൾ അല്ലാഹു സ്ഥിരമായി ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ കാണിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഉദാരതകൾ എപ്പോഴും തങ്ങളുടെമേൽ പെയ്തുകൊണ്ടിരിക്കാൻ അല്ലാഹുവിന്റെ ഏറ്റവും അടുത്തിരിക്കാൻ ശ്രമിക്കേണ്ടത് നിർബന്ധമാണ്. പിന്നീട് അത്തരം അവസ്ഥയിൽ അല്ലാഹു എല്ലാവിധ ഭൗതികപരമായ കാരണങ്ങളേയും ദുൻയാവിലെ എല്ലാ വസ്തുക്കളേയും ആ ദാസൻ ദുആ ചെയ്യുന്ന രീതിയിൽ അവന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന പ്രവൃത്തിയിലാക്കുന്നു. ഭൗമപരവും വാനപരവുമായ മാർഗങ്ങൾ തന്റെ ദാസനെ സഹായിക്കുന്നതിന് എഴുന്നേല്പിച്ചു നിറുത്തുന്നു. ചിലപ്പോൾ അല്ലാഹു ദാസന്റെ ദുആ സ്വീകരിച്ചുകൊണ്ട് മേഘങ്ങളിൽനിന്ന് മഴ വർഷിക്കുന്നു. ചിലപ്പോൾ തന്റെ ദാസന്റെ ശാപപ്രാർഥന കേട്ടുകൊണ്ട വരൾച്ചയുടേയും വിപത്തുളുടേയും സാഹചര്യമൊരുക്കുന്നു. അതുകൊണ്ട് ഈ അവസ്ഥ ഒരു മുഅ്മിനിന്റെ മനസ്സിൽ ദുആ സ്വീകാര്യത്തിന് ഉണ്ടാകേണ്ടതാണ്.’’(ജുമുഅ ഖുത്ബ 2006 സെപ്റ്റംബർ 22)

ഹുദൂർ അൻവർ പറയുന്നു: ഇന്നു നമ്മൾ നമ്മുടെ നിലനില്പിനു വേണ്ടിമാത്രമല്ല നമ്മുടെ സത്തയുടെ നിലനില്പിനുവേണ്ടിയും നമ്മുടെ കുടുംബത്തിന്റെ നിലനില്പിനുവേണ്ടിയും അഹ്മദിയ്യ ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും ദുആയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. എന്നല്ല മുസ്‌ലിം ഉമ്മത്തിനുവേണ്ടിയും അവിടെനിന്നു മുന്നോട്ടുപോയി മുഴുമനുഷ്യരുടേയും നിലനില്പിനുവേണ്ടിയും ദുആയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇതിന് ഇന്ന് വളരെ ആവശ്യമുണ്ട്. അതിനാൽ ഓരോ അഹ്മദിയും ഈ നാളുകളിൽ(ഇതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് എന്നെന്നും എന്നാണ്) ഇപ്പോൾ പ്രത്യേകമായ നിലയിൽ, അവസ്ഥകൾ വളരെ തകർന്നിരിക്കുന്ന സാഹചര്യത്തിൽ ഒരുപാട് നമ്മുടെ റബ്ബിന്റെ സന്നിധിയിൽ കുനിഞ്ഞ് ദുആ ചെയ്യേണ്ടതാണ്. ഗതിമുട്ടിയവനെപോലെ അവനെ വിളിക്കുക. അസ്വസ്ഥരായി അവനെ വിളിക്കുക. ഇന്ന് മുസ്‌ലിം ഉമ്മത്ത് ഏതൊരു കാലഘട്ടത്തിലൂടെയാണോ കഴിഞ്ഞുപോകുന്നത്, മുസ്‌ലിം രാജ്യങ്ങൾ ഏതൊരു പ്രയാസങ്ങളിലാണോ അകപ്പെട്ടിട്ടുള്ളത് അതിന്റെ പരിഹാരം ദുആയല്ലാതെ മറ്റൊന്നുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ദുആയുടെ സുരക്ഷിതമായ ഒരു കോട്ടയിൽ ഇന്ന് അഹ്മദിയല്ലാതെ മറ്റാരുമില്ല. അതുകൊണ്ട് മുസ്‌ലിം ഉമ്മത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെ ബാഹ്യവും ആന്തരികവുമായ ഫിത്നകളിൽനിന്ന് മോചനം നല്കുമാറാകട്ടെ. ഇന്നേക്ക് 1400 വർഷംമുമ്പേ നബി(സ)തിരുമേനി മുസ്‌ലിം ഉമ്മത്തിനു നല്കിയ സന്ദേശം മനസ്സിലാക്കാൻ അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു ഈ ലോത്തിലെ ദ്രോഹപ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനു വേണ്ടിയും ദുആ ചെയ്യുക. മനുഷ്യർ അവരെ സൃഷ്ടിച്ചിട്ടുള്ള അല്ലാഹുവിലേക്ക് മടങ്ങുന്നതിന് വേണ്ടിയും ദുആ ചെയ്യുക. അവനെ തിരിച്ചറിഞ്ഞ് തങ്ങളുടെ പിടിവാശിയുടേും സ്വാർഥതകളുടേയും വലയിൽനിന്ന് പുറത്തുവരുന്നതിനും ദുആ ചെയ്യുക. അല്ലാഹുവിന്റെ വെറുപ്പിനേയും കോപത്തേയും വിളിച്ചുവരുത്തുന്നവരാകാതിരിക്കട്ടെ. പ്രത്യുത അവനിലേക്ക് കുനിയുന്നവരാകട്ടെ. അല്ലാഹുവിന്റെ ഈ സന്ദേശത്തെ മനസ്സിലാക്കുന്നവരാകട്ടെ. ഞാൻ നിങ്ങളുടെ ദുആകൾ കേട്ട് നിങ്ങൾ സർവസ്വമായി കരുതുന്ന ഈ ലോകത്തെ–അതാണെങ്കിൽ താൽക്കാലികവും കുറച്ചു ദിവസത്തേക്കുമുള്ളതാണ്–നിങ്ങളുടെ സമാധാനത്തിന്റെ കളിത്തൊട്ടിലാക്കുന്നതിനും പിന്നീട് സൽക്കർമം കാരണത്താൽ നിങ്ങൾ എന്റെ അനശ്വരമായ സ്വർഗത്തിന്റെ അവകാശികളാകുന്നതിനും ആത്മാർഥതയോടെ എന്നെ വിളിക്കുക...... പിന്നീട് ഞാൻ പറഞ്ഞതുപോലെ ഈ ലോകത്തിനുവേണ്ടി, മനുഷ്യത്വത്തിനുവേണ്ടി ദുആ ചെയ്യുക. ലോകം വളരെവേഗം അവരുടെ അഹങ്കാരവും പിടിവാശിയും കാരണത്താൽ നാശഗർത്തത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. തങ്ങളുടെ ദൈവത്തെ മറന്നു കളഞ്ഞിരിക്കുന്നു. അതിന്റെ ഫലമായി അല്ലാഹുവിന്റെ കോപത്തെ ക്ഷണിച്ചു വരുത്തുകയാണ്. ദ്രോഹം എത്രമാത്രം വർധിച്ചിരിക്കുന്നുവെന്നാൽ, അതിന് നീതിയുടെ നാമം നല്കപ്പെടുന്നു. അല്ലാഹുതന്നെ ഇവരുടെമേൽ കരുണ കാണിക്കുമാറാകട്ടെ.

മുമ്പേയും ഞാൻ പറഞ്ഞതാണ്, നിങ്ങൾക്കുവേണ്ടിയും ജമാഅത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അഹ്മദിയ്യത്തിന്റെ ശത്രുക്കളേയും എതിരാളികളേയും പരാജയപ്പെടുത്തുമാറാകട്ടെ. ദൈവിക ജമാഅത്തുകൾക്ക് എന്നെന്നുമുണ്ടാകുന്നതുപോലെ എതിരാളികളെ നേരിടേണ്ടിവരുന്നു. ഇതെങ്ങനെ തുടർന്നുകൊണ്ടേപോകും. ഇതുണ്ടായിക്കൊണ്ടിരുന്നതാണ്. അപ്പോഴാണ് അഭിവൃദ്ധിയുമുണ്ടാകുന്നത്. ഇതും സത്യതയ്ക്കുള്ള തെളിവാണ്. മറ്റുള്ളവരുടെ പക്കൽ തെളിവില്ലാതെ വരുമ്പോൾ അപ്പോൾ അവർ അക്രമം കാണിക്കുന്നു. അതിനാൽ ഈ എതിർപുകളെ അഹ്മദികൾ ഭയപ്പെടുന്നില്ലെന്ന് മാത്രമല്ല ഇൻശാ അല്ലാഹ് ഭയപ്പെടുകയുമില്ല. ഇക്കാര്യമാണ് ഈമാനിൽ വർധനയ്ക്കും ജമാഅത്തിന്റെ വർധനയ്ക്കും നിമിത്തമാകുന്നത്. ഈ എതിർപുകളെപ്പോഴും വളമായി പ്രയോജനപ്പെടുന്നു. പക്ഷേ, ഈ എതിർപുകൾ കാരണത്താൽ എതിരാളികൾക്ക് ദുർപര്യവസാനമാണുണ്ടാകുക. മാനുഷികമായ ദയ കാരണത്താൽ നമ്മൾ അത്തരമാളുകൾക്കുവേണ്ടിയും ദുആ ചെയ്യുന്നു അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. അവർ അവരുടെ ദുർപര്യവസാനത്തിനുമുമ്പേ, അല്ലാഹുവിന്റെ കല്പനകളനസരുച്ച് പ്രവർത്തിക്കുകയും അതിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുമാറാകട്ടെ. നമുക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. നമ്മുടെ വീഴ്ചകളും തെറ്റുകളും കാരണത്താൽ നമ്മൾ അല്ലാഹുവിന്റെ ഈ സമ്മാനങ്ങളിൽനിന്ന് പിന്തള്ളപ്പെടാതിരിക്കട്ടെ. ശത്രുക്കളുടെ ഓരോ ദ്രോഹവും ഓരോ ശ്രമവും നമ്മുടെ ഈമാനിൽ വർധനയും നന്മകൾ കൊണ്ടുവരുന്നതുമാകട്ടെ. നമ്മളിലോരോരുത്തരും സ്ഥൈര്യം കാണിക്കുന്നവരാകട്ടെ. നമ്മുടെ സദുദ്ദേശ്യങ്ങൾ എപ്പോഴും അല്ലാഹുവിന്റെ സ്വീകാര്യതയുള്ളതായിരിക്കട്ടെ. അക്കാരണത്താൽ നമ്മൾ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരാകട്ടെ. നമുക്കറിയാവുന്നതും അറിയാത്തതുമായ എല്ലാ നല്ല സിഫത്തുകളുടേയും അഭയത്തിൽ അല്ലാഹു നമ്മെ എടുക്കുമാറാകട്ടെ. തന്റെ സൃഷ്ടികളുടെ എല്ലാ ശർറുകളിൽനിന്നും നമ്മെ രക്ഷിക്കുമാറാകട്ടെ. ആമീൻ.’’(ജുമുഅ ഖുത്ബ 2006, ആഗസ്റ്റ് 11)

THE WEEKLY
AL HAKAM
www.alhakam.org

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 2ൽനിന്ന്)

അംരി ബിലുസൂമിൽ ജമാഅത്തി യിൻദൽള്ളുഹൂരിൽ ഫിതനി, ഉദ്ധരണി ഹദീഖത്തുസ്സ്വാലിഹീൻ, ഗ്രന്ഥകർത്താ മൗലാനാ സ്ഫുർറഹ്മാൻ സാഹിബ് ഹദീഥ് നമ്പർ 631)

● عَنِ ابْنِ عَبَّاسٍ رضی اللہ عنہ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ : مَنْ رَاٰى مِنْ اَمِيْرِهٖ شَيْئًا يَكْرَهُهٗ فَلْيَصْبِرْ عَلَيْهِ فَاِنَّهٗ مَنْ فَارَقَ الْجَمَاعَةَ شِبْرًا فَيَمُوْتُ مِيْتَةً جَاهِلِيَّةً -

ഇബ്നു അബ്ബാസ്(റ) പറയുന്നു: ആരെങ്കിലും തന്റെ ഭരണാധികാരിയിൽ അനിഷ്ടകരമായതു കണ്ടാൽ അവൻ ക്ഷമ കൈക്കൊള്ളട്ടെ. കാരണം ഇസ്ലാമിക സമൂഹത്തിൽനിന്ന് ഒരു ചാൺ ആരെങ്കിലും അകന്നുനിന്നാൽ അവൻ ജാഹിലിയ്യ മരണമാണ് വരിക്കുന്നത്. (ബുഖാരി കിതാബുൽഫിത്തൻ ബാബു ഖൗലിന്നബിയ്യി സതറൗന ബഅ്ദീ ഉമൂറൻ, ഉദ്ധരണി ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് നമ്പർ 632)

● عَنِ الْحَرْثِ الْاَشْعَرِيِّ رَضِيَ اللهُ عَنْهُ اَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ اِنَّ اللهَ عَزَّ وَ جَلَّ اَمَرَ يَحْيَى بْنَ زَكَرِيَّا عَلَيْهِمَا السَّلَامُ بِخَمْسِ كَلِمَاتٍ ......... وَاَنَا آمُرُكُمْ بِخَمْسٍ اَللهُ اَمَرَنِيْ بِهِنَّ ، بِالْجَمَاعَةِ وَالسَّمْعِ وَالطَّاعَةِ وَالْهِجْرَةِ وَالْجِهَادِ فِيْ سَبِيْلِ اللهِ فَاِنَّهٗ مَنْ خَرَجَ مِنَ الْجَمَاعَةِ قِيْدَ شِبْرٍ فَقَدْ خَلَعَ رِبْقَةَ الْاِسْلَامِ مِنْ عُنُقِهٖ اِلَّا اَنْ يَّرْجِعَ وَمَا دَعَا بِدَعْوَى الْجَاهِلِيَّةِ فَهُوَ مِنْ جِثَاءِ جَهَنَّمَ قَالُوْا يَا رَسُوْلَ اللهِ وَاِنْ صَامَ وَاِنْ صَلّٰى قَالَ وَاِنْ صَامَ وَاِنْ صَلّٰى وَزَعَمَ اَنَّهٗ مُسْلِمٌ فَادْعُوا الْمُسْلِمِيْنَ بِاَسْمَائِهِمْ بِمَا سَمَّاهُمُ اللهُ عَزَّوَجَلَّ اَلْمُسْلِمِيْنَ الْمُؤْمِنِيْنَ عِبَادَ اللهِ عَزَّوَجَلَّ - (مسند احمد جلد ۵ صفحہ ۱۳۰، صفحہ ۲۰۲، صفحہ ۳۴۴، بحوالہ حدیقۃ الصالحین حدیث نمبر 158)

ഹദ്റത്ത് ഹർഥിൽ അശ്അരിയ്യ്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:' അല്ലാഹു ഹദ്റത്ത് യഹ്യാ ബിൻ സക്രിയ്യായോടു(അ) അഞ്ചു കാര്യങ്ങൾ കല്പിച്ചിരുന്നു. അല്ലാഹു എന്നോടു കൽപിച്ച അഞ്ചുകാര്യങ്ങൾ ഞാനും നിങ്ങളോടു കൽപിക്കുകയാണ്.

(1) ജമാഅത്തിനോടൊപ്പം നിലകൊള്ളുക.
(2) കാലത്തിന്റെ ഇമാം പറയുന്ന കാര്യങ്ങൾ കേൾക്കുക.
(3) അദ്ദേഹത്തെ അനുസരിക്കുക.
(4) മതത്തിനുവേണ്ടി നാടു ഉപേക്ഷിക്കേണ്ടിവന്നാൽ ഉപേക്ഷിക്കുക.
(5) അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദു ചെയ്യുക.

ആരെങ്കിലും ജമാഅത്തിൽനിന്ന് ഒരു ചാൺ അകന്നാൽ അവൻ ഇസ്ലാമിൽനിന്ന് പുറത്തുപോകുന്നതാണ്; വീണ്ടും ജമാഅത്തു വ്യവസ്ഥിതിയിൽ ചേർന്നാലൊഴിക. ജാഹിലിയ്യത്ത് അഥവാ അജ്ഞതയിലേക്ക് വിളിക്കുന്നവൻ നരകത്തിന്റെ ഇന്ധനമാണ്. സ്വഹാബത്ത് ചോദിച്ചു: "യാ റസൂലല്ലാഹ്! അത്തരമൊരാൾ നമസ്കരിക്കുകയും നോമ്പു പിടിക്കുകയും ചെയ്താലോ? നബി (സ)തിരുമേനി പറഞ്ഞു: "അതേ, അയാൾ നമസ്കരിക്കുകയും നോമ്പു പിടിക്കുകയും സ്വയം മുസ്ലിമെന്ന് മനസ്സിലാക്കുകും ചെയ്താലും ശരി! അല്ലയോ പ്രതാപവാനായ അല്ലാഹുവിന്റെ ദാസരേ! ഇക്കാര്യം ഓർത്തുകൊള്ളുക. (ഇങ്ങനെയൊക്കെയാണെങ്കിലും)ആരെങ്കിലും തങ്ങളെ മുസ്ലിമെന്ന് പറഞ്ഞാൽ നിങ്ങളും അവരെ മുസ്ലിമെന്ന് പറയുക. കാരണം അല്ലാഹു (തരംതിരിക്കാനാ യാണ്)ഈ ഉമ്മത്തിന്റെ പേര് മുസ്ലിമെന്നും മുഅ്മിനെന്നും വെച്ചിരിക്കുന്നത്. (അതുകൊണ്ട് ശരീരങ്ങളെ നിങ്ങൾ അല്ലാഹുവിനെ ഏല്പിച്ചുകൊള്ളുക).(മുസ്നദ് അഹ്മദ്, വാള്യം 5, പേജ് 130,202,344, ഉദ്ധരണി ഹദീഖത്തുസ്സ്വാലിഹീൻ, ഗ്രന്ഥകർത്താ മൗലാനാ സ്ഫുർറഹ്മാൻ സാഹിബ് ഹദീഥ് നമ്പർ 158)

ഇമാമിനോടൊപ്പം ചേർന്നിരിക്കാനും ജമാഅത്തിനോടൊപ്പം ചേർന്നിരിക്കാനും നമ്മുടെ പ്രിയപ്പെട്ട യജമാനരായ സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) എത്രത്തോളം താക്കീതുചെയ്തു പറഞ്ഞിരിക്കുന്നു എന്നാണ് ഉപര്യുക്ത ഹദീഥുകളിൽനിന്ന് മനസ്സിലാകുന്നത്. എത്രത്തോളം പറഞ്ഞിരിക്കുന്നുവെന്നാൽ നിങ്ങളോടു അനീതി കാണിക്കപ്പെട്ടാലും ബലാൽക്കാരമുണ്ടായാലുംപോലും ജമാഅത്തിനോടൊപ്പം നിൽക്കണം. ജമാഅത്തിൽനിന്ന് വേർപ്പെട്ടുപോകാൻ പാടില്ല. അല്ലാഹു നമ്മുടെ മുസ്ലിം സഹോദരങ്ങൾക്ക് അഹ്മദിയ്യ ഖിലാഫത്തിനോടൊപ്പം ചേർന്ന് പരലോകം സമ്പന്നമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. ദ്വേഷ്യപ്പെട്ട് അഹ്മദിയ്യ ജമാഅത്ത് വ്യവസ്ഥിതിയിൽനിന്ന് വേർപെട്ട് ദുൻയാവും ആഖിറത്തും പാഴാക്കിക്കളയുന്ന അഹ്മദികൾക്കും ഈ ഉപദേശങ്ങൾ സ്വീകരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു ഏതു ഘട്ടത്തിലും ജമാഅത്ത് വ്യവസ്ഥിതിയോടു ചേർന്നിരിക്കാനും ആത്മാർഥമായി ഖിലാഫത്തിനെ അനുസരിച്ച് ജീവിക്കാനും നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

## • ഹദീഥുന്നബ്വി : •

**"മനുഷ്യരുടെ എല്ലാ കർമങ്ങളും നിയ്യത്ത് അടിസ്ഥാനമാക്കിയാണ് സ്വീകരിക്കപ്പെടുന്നത്."**

**(ബുഖാരി, മുസ്ലിം)**




**ത്വാലിബെ ദുആ:**
**NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215**


# സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ, അഞ്ചുമൻ തഹ്‌രീക്കെ ജദീദ്, അഞ്ചുമൻ വഖ്ഫെ ജദീദ് ഖാദിയാൻ എന്നീ സ്ഥാപനങ്ങളിൽ സേവനം ചെയ്യാൻ താൽപര്യമുള്ളവർ ശ്രദ്ധിക്കുക

**ദർജ ദോം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ ജോലി ഒഴിവ്.**

**നിബന്ധനകൾ:** (1) അപേക്ഷകന്റെ പ്രായം 25 വയസ്സിൽ കൂടാനോ 18 വയസ്സിൽ കുറയാനോ പാടില്ല. (2) വിദ്യഭ്യാസയോഗ്യത കുറഞ്ഞത് പ്ലസ് ടു പരീക്ഷയിൽ 45% മാർക്കുണ്ടായിരിക്കണം.(3) ഉദ്യോഗാർഥി ഉർദു/ഇംഗ്ലീഷ് കമ്പോസ് ചെയ്യാൻ അറിയുന്ന ആളായിരിക്കണം. ഒരു മിനുറ്റിൽ 25 പദങ്ങൾ ടൈപ്പ് ചെയ്യണം. (4) ഈ വിളംബരത്തിനുശേഷം രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ സ്വീകരിക്കുയുള്ളു.

പരീക്ഷയ്ക്കുള്ള സിലബസ്സ് താഴെ ചേർക്കുന്നു:

ഭാഗം 1 ✸ വിശുദ്ധ ഖുർആൻ മുഴുവനും ഓതാൻ അറിയണം. ആദ്യജുസു തർജമയോടെ അറിയണം.

✸ ചാലീസ് ജവാഹർ പാരെ, ഇസ്ലാം കാര്യങ്ങൾ, നമസ്കാരം പൂർണമായും തർജമയോടു കൂടി.(മാർക്ക് 30)

ഭാഗം 2. ✸ കശ്തിയെ നൂഹ്, ബർക്കാത്തുദ്ദുആ, ദീനീ മഅ്ലൂമാത്ത്

ഉപന്യാസം: അഹ്മദിയ്യ വിശ്വാസങ്ങൾ, ദുർറെ ഥമീനിൽനിന്നുള്ള പദ്യം(മാർക്ക് 20)

ഭാഗം 3. ✸ 10+2 നു സമാനമായ ഇംഗ്ലീഷ് പരിചയം (മാർക്ക് 20)

ഭാഗം 4. ✸ പത്താം ക്ലാസിനു സമാനമായ കണക്കിൽ പരിചയം(ഓഫീസ് സംബന്ധമായ ചോദ്യങ്ങളുണ്ടാകും)(മാർക്ക് 20)

ഭാഗം 5. ✸ പൊതുവിജ്ഞാനം(G.K) (മാർക്ക് 10)

(6) എഴുത്തു പരീക്ഷയിൽ വിജയിക്കുന്നവർക്ക് ഇന്റർവ്യൂ ഉണ്ടായിരിക്കുന്നതാണ്.

(7) എഴുത്തു പരീക്ഷ. കമ്പ്യൂട്ടർ ടെസ്റ്റ്, ഇന്റർവ്യൂവിൽ പാസാകുന്നവർക്ക് നൂർ ആശുപത്രി ഖാദിയാനിൽനിന്ന് മെഡിക്കൽ ചെക്കപ്പ് നടത്തേണ്ടിവരും. മെഡിക്കലിൽ ഫിറ്റാകുന്നവർക്കു മാത്രമെ നിയമനം ലഭിക്കുകയുള്ളു

(8) സെലക്ഷൻ കിട്ടുന്നതനുസരിച്ച് ഉദ്യോഗാർഥി താമസസൗകര്യം സ്വയം ചെയ്യേണ്ടിവരും.

(9) ഇതുസംബന്ധമായ വരവുചെലവുകളെല്ലാം ഉദ്യോഗാർഥിതന്നെ വഹിക്കേണ്ടതാണ്.

(നോട്ട്: എഴുത്തുപരീക്ഷയേയും ഇന്റർവ്യൂവിനേയും കുറിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)

**ഗ്രേഡ് ദർജ ചാരം:** തോട്ടം പരിപാലകൻ/ കെയർ ടേക്കർ/ പ്യൂൺ/ പാചകക്കാരൻ/ റൊട്ടി നിർമാതാവ്/ഖാദിം മസ്ജിദ് എന്നീ തസ്തികയിലേക്ക് തൊഴിൽ അവസരം.

(1)അപേക്ഷകന്റെ പ്രായം 25 വയസ്സിൽ കൂടാനോ 18 വയസ്സിൽ കുറയാനോ പാടില്ല. (2) വിദ്യഭ്യാസ യോഗ്യത ഒന്നുമില്ല. (3) ജനന സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടത് നിർബന്ധമാണ്.(4) ഈ വിളംബരത്തിനുശേഷം രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ സ്വീകരിക്കുയുള്ളു. (5) നിയമനം നടത്തുന്ന ഉദ്യോഗസ്ഥരുടെ ഇന്റർവ്യൂവിൽ പാസാകുന്നവരെയാണ് നിയമിക്കുക.(6) ഇന്റർവ്യൂവിൽ പാസാകുന്നവർക്ക് നൂർ ആശുപത്രി ഖാദിയാനിൽനിന്ന് മെഡിക്കൽ ചെക്കപ്പ് നടത്തേണ്ടിവരും. മെഡിക്കലിൽ ഫിറ്റാകുന്നവർക്കുമാത്രമെ നിയമനം ലഭിക്കുകയുള്ളു.(7) സെലക്ഷൻ കിട്ടുന്നതനുസരിച്ച് ഉദ്യോഗാർഥി താമസ സൗകര്യം സ്വയം ചെയ്യേണ്ടിവരും.(8) ഇതുസംബന്ധമായ വരവുചെലവുകളെല്ലാം ഉദ്യോഗാർഥിതന്നെ വഹിക്കേണ്ടതാണ്.

(നോട്ട്: എഴുത്തുപരീക്ഷയേയും ഇന്റർവ്യൂവിനേയും കുറിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)

കൂടുതൽ വിവരങ്ങൾക്ക്:

**NAZARATH DEEVAN, SADR ANJUMAN AHMADIYYA,**
**QADIAN, PIN 143 516**
**Mobile:09682627592, 09682587713,**
**OFFICE: 01872-501130,**
**E-mail:diwan@qadian.in**

## • ഹദീഥുന്നബ്വി : •

**നബി(സ)തിരുമേനി പറഞ്ഞു:"എനിക്കു ശേഷം അനർഹർ തിരഞ്ഞെടുക്കപ്പെടുകയും നിങ്ങൾക്ക് അപരിചിതമായ പല കാര്യങ്ങളും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നതാണ്."(ബുഖാരി, മുസ്ലിം)**




**ത്വാലിബെ ദുആ: BYZANTINE BUILDERS**
**CONSTRUCT ANY WHERE IN KERALA**
**CONT: 80752 22792**

# ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ

## ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹല്ലാഹ്

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് 2019 മെയ് 24 ന് ചെയ്ത ജുമുഅ ഖുത്ബയിൽ പറയുന്നു:

''കാലത്തിന്റെ ഖലീഫയെ അനുസരിക്കുകയെന്നത് സാധാരണ ഒരു അമീറിനെ അനുസരിക്കുന്നതിനെക്കാളുപരി നിർബന്ധമാകുന്നു. മനഃസന്തോഷത്തോടുകൂടി സമ്പൂർണ അനുസരണത്തിന്റെ മാതൃകകൾ നമുക്ക് സ്വഹാബാക്കളുടെ ജീവിതത്തിൽ എങ്ങനെയാണ് കാണാൻ കഴിയുന്നത്, ഒരു സംഭവം പറയുകയാണ്.

'ഒരു യുദ്ധത്തിൽ യുദ്ധത്തിന്റെ നിയന്ത്രണം ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)ന് നല്കപ്പെട്ടു. പക്ഷേ, ഹദ്റത്ത് ഉമർ(റ) ഏതോ കാരണത്താൽ അദ്ദേഹത്തെ മാറ്റി. യുദ്ധം നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ് മാറ്റിയത്. എന്തായാലും ആ നേരത്ത് 'ഇനി ഹദ്റത്ത് അബൂ ഉബയ്ദയായിരിക്കും യുദ്ധം നിയന്ത്രിക്കുക' എന്ന കാലത്തിന്റെ ഖലീഫയുടെ കല്പന വന്നു. പക്ഷേ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഭംഗിയായി യുദ്ധം നിയന്ത്രിക്കുന്നുവെന്ന് കണ്ട ഹദ്റത്ത് അബൂഉബയ്ദ(റ) അദ്ദേഹത്തിൽനിന്ന് ചാർജെടുത്തില്ല. പക്ഷേ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ് (റ) പറഞ്ഞു: താങ്കൾ എത്രയുംവേഗം എന്നിൽനിന്ന് ചാർജ് ഏറ്റെടുക്കുക. കാരണം കാലത്തിന്റെ ഖലീഫയുടെ കല്പനയാണ്. ഞാൻ ഒരുവിധ പരാതിയും കൂടാതെ അല്ലെങ്കിൽ മനസ്സിൽ ഒരുതരത്തിലുള്ള വിചാരവും കൊണ്ടുവരാതെ പൂർണ അനുസരണത്തോടുകൂടി താങ്കളുടെ കീഴിൽ താങ്കൾ പറയുന്നതുപോലെ ജോലിചെയ്യുന്നതായിരിക്കും.'(താരീഖ് ത്വബ്രി, വാല്യം 2, പേജ് 356 -357, 13 ഹിജരി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987)

ഇതാണ് ഒരു മുഅ്മിനു വേണ്ടുന്ന അനുസരണത്തിന്റെ നിലവാരം. അല്ലാതെ എന്തെങ്കിലും തീരുമാനം വിരുദ്ധമായി വന്നാൽ പരാതിപ്പെടാൻ തുടങ്ങുകയല്ല വേണ്ടത്. ഒരു ഭാരവാഹിയെ നീക്കി വേറൊരാളെ നിശ്ചയിച്ചാൽ ജോലി ചെയ്യുന്നതുതന്നെ ഉപേക്ഷിക്കുന്നു. അങ്ങനെ ചെയ്യുന്നവനിൽ അനുസരണമില്ല, അല്ലാഹുവിനോടുള്ള ഭയമില്ല, തഖ്വാ ഇല്ല.

ചില ജമാഅത്ത് സ്വദ്റുമാർ ജൂണിൽ കാലാവധി കഴിയുന്നതിന് മുമ്പേതന്നെ തങ്ങളുടെ ജോലി ഉപേക്ഷിച്ചിരിക്കുന്നതായി എനിക്ക് അറിയാൻ കഴിഞ്ഞു. തങ്ങൾ സ്ഥിരമായി ഭാരവാഹിയായി തുടരേണ്ടവരാണെന്ന് കരുതിയാണോ അവർ ഇതുവരെ ജോലിചെയ്തിരുന്നത്? അത്തരം ചിന്തകൾ ദീനീപരമായ ജോലിയിലുള്ള വഞ്ചനയാകുന്നു. ഇത് ധിക്കാരപരമായ ചിന്തയാകുന്നു. ഇത് ഖിലാഫത്തിനോടുള്ള അനുസരണവൃത്തത്തിൽനിന്ന് തന്നെ, സ്വയമേവ പുറത്താക്കുന്ന കാര്യമാകുന്നു. കാരണം, ഇപ്പോൾ കാലത്തിന്റെ ഖലീഫ ഈ നിയമത്തിനാണ് അനുവാദം നല്കിയിരിക്കുന്നത്. അതായത് സ്വദ്റിന്റെ ടേം കാലത്തിന്റെ ഖലീഫ ആറ് വർഷമാക്കിയതുകൊണ്ട് തങ്ങളും ഇനി പൂർണ ആത്മാർഥതയോടെ ജോലി ചെയ്യുകയില്ലെന്ന് പറയുകയാണോ? അങ്ങനെയുള്ള ആളുകൾ, തഖ്വയോടെ പ്രവൃത്തിക്കേണ്ടതാണ്. അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. നബി(സ)തിരുമേനി ഒരവസരത്തിൽ, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി, കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന കാര്യത്തിന് ബയ്അത്ത് വാങ്ങിയിരുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ അഹ്ക്കാം, ഹദീഥ് 7199)

പിന്നീട് അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ അനുസരണത്തിൽനിന്ന് കൈ വലിക്കുന്നവൻ ഖിയാമത്തുന്നാളിൽ ഒരു തെളിവും ഒഴിവും പറയാൻ സാധിക്കാത്ത വിധത്തിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്നതായിരിക്കും. ഇനി കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്യാത്ത അവസ്ഥയിൽ ആരാണോ മരണപ്പെടുന്നത്, അവൻ ജഹാലത്തിന്റെയും വഴികേടിന്റെയും മരണം വരിച്ചിരിക്കുന്നു.(സ്വഹീഹ് മുസ്ലിം കിതാബുൽ ഇമാറ, ഹദീഥ് 1851)

അതുകൊണ്ട് നമ്മൾ സൗഭാഗ്യരാണ്. കാരണം, നമ്മൾ കാലത്തിന്റെ ഇമാമിൽ ബയ്അത്തു ചെയ്തതു കൊണ്ട് ജാഹലീംകളിൽപെട്ടില്ല. ഇനി ഇമാമിനെ അംഗീകരിച്ചിട്ടും നമ്മുടെ കർമങ്ങൾ ജഹാലത്തുപരമാണെങ്കിൽ അത് കർമപരമായ നിലയിൽ ആ ബയ്അത്തിൽനിന്ന് സ്വയം തന്നെ പുറത്താക്കുന്ന സംഗതിയാകുന്നു. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള അനുസരണത്തിൽനിന്ന് പുറത്തു പോകുന്ന കാര്യമാകുന്നു.

ആയതിനാൽ ബയ്അത്തിന് ശേഷവും തങ്ങളുടെ ചിന്തകൾ ശരിയായ ദിശയിലാക്കി വെക്കുകയും പരിപൂർണ അനുസരണത്തിന്റെ മാതൃക പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതു നിർബന്ധമാകുന്നു. കാലത്തിന്റെ ഇമാം തനിക്ക് ബയ്അത്തു ചെയ്യുന്നവരുടെ നിലവാരത്തെ കുറിച്ച് എന്താണ് പറഞ്ഞത്. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു:''നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നവർ നമ്മുടെ അധ്യാപനത്തെ തങ്ങളുടെ പ്രവർത്തനരൂപരേഖയായി നിശ്ചയിക്കുന്നവരാണ്. തങ്ങളുടെ തന്റേടവും പരിശ്രമവും അനുസരിച്ച് അവർ പ്രവർത്തിക്കുന്നു. പക്ഷേ, കേവലം പേരുവച്ചിട്ട് അധ്യാപനമനുസരിച്ച് പ്രവർത്തിക്കാത്തവർ ഓർക്കുക, അല്ലാഹു ഈ ജമാഅത്തിനെ തന്റെ ഒരു പ്രത്യേക ജമാഅത്താക്കാൻ തീരുമാനിച്ചിരിക്കുന്നു.യഥാർഥത്തിൽ ജമാഅത്തിലല്ലാത്ത ഒരാൾ കേവലം പേരു എഴുതിച്ചതുകൊണ്ട് ജമാഅത്തിലാകുകയില്ല.' അതായത് കർമപരമായ അവസ്ഥ ആ അധ്യാപനമനുസരിച്ചല്ലെങ്കിൽ കേവലം പേരു എഴുതിച്ച് ജമാഅത്തിൽ ചേരുന്ന കാര്യമാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, ''യഥാർഥത്തിൽ എന്റെ ദൃഷ്ടിയിൽ അയാൾ ജമാഅത്തിലല്ല. അവിടന്ന് പറയുന്നു:........''അതുകൊണ്ട് കഴിയുന്നിടത്തോളം നിങ്ങളുടെ കർമങ്ങളെ നിങ്ങൾക്കു നല്കുന്ന അധ്യാപനമനുസരിച്ച് ചെയ്യുക.''(മൽഫൂദാത്ത് വാല്യം 4, പേജ് 439)

ആ അധ്യാപനം ഇതാകുന്നു. അവിടന്ന് പറയുന്നു: 'ഫിത്ന ഉണ്ടാകുന്ന കാര്യം പറയരുത്. ദ്രോഹം ചെയ്യരുത്. ചീത്തവിളികേട്ട് ക്ഷമ കൈക്കൊള്ളുക. ആരോടും മത്സരിക്കാതിരിക്കുക.' അതായത് വ്യർഥവും അനാവശ്യവുമായ കാര്യങ്ങളെ നേരിടാതിരിക്കുക. ഇന്നയാൾ ഇപ്പോൾ ഭാരവാഹിയായിരിക്കുന്നു, ഞാനെന്തായാലും അനുസരിക്കുകയില്ല, എന്നെ മാറ്റിയിരിക്കുന്നു, അതുകൊണ്ട് ഞാൻ അനുസരിക്കുകയില്ല എന്നു പറഞ്ഞ് പോരടിക്കാതിരിക്കുക. ആരാണോ പോരാടുന്നത് അവനോടു നല്ല രീതിയിലും നന്മയോടും കൂടി പെരുമാറുക.' സാധാരണ അവസ്ഥകളിലും നിത്യേനയുള്ള കാര്യങ്ങളിലും വഴക്കുകളിലും ലഹളകളിലും വ്യർഥവും പാഴുമായിട്ടുള്ള കാര്യങ്ങളിൽ എന്തെങ്കിലും പോരാട്ടം ഉണ്ടായാൽത്തന്നെയും അവഗണിച്ചു കളയുക. എന്നല്ല നന്മയോടുകൂടി പെരുമാറുക. അവിടന്ന് പറഞ്ഞു, മാധുര്യമേറിയ വിവരണത്തിന്റെ ഉത്തമമായ മാതൃക കാണിക്കുക.' സൽസ്വഭാവത്തോടുകൂടി സംസാരിക്കുക. മൃദുലമായ ഭാഷ ഉപയോഗിക്കുക. അതിന്റെ നല്ല മാതൃക കാണിക്കുക. അല്ലാഹുവിന്റെ തൃപ്തി കരഗതമാകുന്നതിന് സത്യഹൃദയത്തോടെ എല്ലാ ഓരോ കല്പനയും അനുസരിക്കുക. ബയ്അത്ത് ചെയ്തതിനുശേഷം മുമ്പേയുള്ള ആളല്ല ഇപ്പോഴെന്ന് ശത്രുക്കൾ പോലും തിരിച്ചറിയുമാറാകണം. കേസുകളിൽ സത്യസാക്ഷ്യം നല്കുക. ഈ ജമാഅത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർ, പൂർണ ആത്മവിശ്വാസത്തോടെ മുഴുവൻ ജീവിതത്തിലും സത്യത്തെ മുറകെ പിടിക്കേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 6 പേജ് 413)

ഞങ്ങളോടു കല്പിച്ചാൽ ഞങ്ങൾ അത് ചെയ്യും ഇത് ചെയ്യും എന്ന് പറഞ്ഞ് ആണയിടുന്നവരാണ് ഇവരെന്ന് അല്ലാഹു പറയുന്നു. എന്നാൽ, കല്പന നല്കുമ്പോഴോ? അവർ അത് പൂർണമായി നിർവഹിക്കുകയില്ല. അതുകൊണ്ട് അല്ലാഹു പറയുന്നു: നിങ്ങൾ അധികമായി സത്യം ചെയ്യാതിരിക്കുക. വലിയ വലിയ വാഗ്ദാനങ്ങൾ നല്കാതിരിക്കുക. നിങ്ങൾ സാധാരണനിലയിലുള്ള അനുസരണം മാത്രം കാണിച്ചാൽ മതി. പൊതുവിൽ അറിയപ്പെടുന്ന അനുസരണം കാണിക്കുന്നതായാൽ നിങ്ങൾ കല്പന അംഗീകരിച്ചിരിക്കുവെന്ന് നാം മനസ്സിലാക്കുന്നതാണ്. അല്ലെങ്കിൽ അത് വെറും പൊള്ളയായ വാദങ്ങൾ മാത്രമാകുന്നു. അല്ലാഹു നിങ്ങളുടെ കർമങ്ങളെ കുറിച്ചും നല്ലതുപോലെ അറിയുന്നവനാണ്. നിങ്ങളുടെ ഹൃദയാവസ്ഥയെ കുറിച്ചും അവൻ അറിയുന്നു. അതുകൊണ്ട് പൊതുവിലുള്ള അനുസരണം എന്നാൽ, അല്ലാഹുവിനോടുള്ള കടമ പൂർത്തിയാക്കുകയും ആരാധനകൾ ഭംഗിയായി നിർവഹിക്കുകയും ചെയ്യുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അതാണിപ്പോൾ ഞാൻ വിവരിച്ചത്, എല്ലാ തരത്തിലുള്ള ഫിത്നകളിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. എല്ലാവിധ ദ്രോഹങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക. നിങ്ങളുടെ സ്വഭാവങ്ങൾ ഉത്തമമാക്കുക. അഹ്മദിയും അനഹ്മദിയും തമ്മിലുള്ള വ്യത്യാസം വ്യക്തമായും എടുത്തുകാണിക്കുംവിധം സ്വഭാവങ്ങൾ നന്നാക്കിത്തീർക്കുക. സത്യസന്ധതയിൽ എപ്പോഴും നിലകൊള്ളുക. ചുരുക്കിപ്പറഞ്ഞാൽ എല്ലാ വിധ നന്മയും ചെയ്യേണ്ടത് നിർബന്ധമാണ്. ഇതാണ് എല്ലാ നല്ല തീരുമാനങ്ങളും അനുസരിക്കൽ. അതുതന്നെയാണ് അല്ലാഹു കല്പിച്ചിട്ടുള്ളതും. ഇക്കാര്യംതന്നെയാണ് നബി(സ)തിരുമേനി കല്പിച്ചിരിക്കുന്നതും. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളതും. തന്റെ ജമാഅത്തംഗങ്ങളോടു കല്പിച്ചിട്ടുള്ളതും. അഹ്മദിയ്യാ ഖിലാഫത്തും ഇക്കാര്യങ്ങൾ ചെയ്യാനാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 111 വർഷം കഴിഞ്ഞു. ഖിലാഫത്തിന്റെ ഭാഗത്തുനിന്ന് ഇക്കാര്യങ്ങൾ ചെയ്യാൻ പറഞ്ഞുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ സംഘടനാപരമായ കാര്യങ്ങളിലും സമ്പൂർണമായ അനുസരണത്തിന്റെ മാതൃക കാണിക്കേണ്ടതാണ്.

വെറും മതപരവും ആത്മീയപരവുമായ കാര്യങ്ങളിലല്ല;ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) കാണിച്ചതുപോലെ. ഇതു നല്ല കാര്യങ്ങളുടെ കൂട്ടത്തിൽ പെടുമോ ഇല്ലേ തുടങ്ങിയ വിവാദങ്ങളിൽപെടാതിരിക്കുക. അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിനു വിരുദ്ധമായ വല്ല കാര്യവുമാണെങ്കിൽ അത് തീർച്ചയായും മോശപ്പെട്ട കാര്യമാണ്. അതിനാൽ കാലത്തിന്റെ ഇമാം എന്തൊന്ന് നല്ല കാര്യം പറയുന്നുവോ അത് പിൻപറ്റേണ്ടത് നിർബന്ധമാണെന്ന് മനസ്സിലാക്കുന്നുവെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യുന്നതിനെ അത് നല്ലതാണോ ചീത്തയാണോ എന്ന് ഓരോരുത്തരും സ്വയം വ്യാഖ്യാനിക്കാതിരിക്കുക. യുദ്ധം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ സൈന്യങ്ങൾ തമ്മിൽ നേർക്കുനേർ പോരാടിക്കൊണ്ടിരിക്കുമ്പോൾ, അതും ഖാലിദ് ബിൻ വലീദ് സമർഥമായി യുദ്ധം നയിച്ചുകൊണ്ടിരിക്കുന്ന നേരത്ത് മുസ്ലിമീങ്ങൾക്ക് അതുകൊണ്ട് നേട്ടവും ഉണ്ടാകുന്നുണ്ടായിരുന്നു, ആ സമയത്ത് ഉമറിന്റെ കല്പന വന്നത് ഉചിതമായില്ലെന്ന് ഖാലിദ് ബിൻ വലീദ്(റ) പറഞ്ഞില്ല. മറിച്ച് അദ്ദേഹം പൂർണമായി അനുസരണം പുലർത്തിക്കൊണ്ട് അബൂഉബയ്ദായുടെ നേതൃത്വത്തിൻ കീഴിൽ ഒരു സാധാരണ പട്ടാളക്കാരനെന്ന നിലയിൽ യുദ്ധം ചെയ്യുന്നത് അനുഗ്രഹമായി മനസ്സിലാക്കി. നല്ലതും നല്ലതല്ലാത്തതുമായ കാര്യങ്ങൾ തിരഞ്ഞുനടക്കുന്നവരെ കുറിച്ചാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞത്,

മറ്റൊരു അബദ്ധം പിണഞ്ഞിട്ടുള്ളത് നല്ല തീരുമാനവും നല്ലതല്ലാത്ത തീരുമാനവും മനസ്സിലാക്കുന്നതിലാണ്; അതായത് തങ്ങൾ നല്ലതായി കണക്കാക്കാത്ത കാര്യങ്ങൾ അനുസരിക്കുകയില്ലെന്ന്! തങ്ങൾ നല്ല തീരുമാനമായി മനസ്സിലാക്കാത്തത് അനുസരിക്കുകയില്ലെന്ന് സ്വയം തീരുമാനിക്കുന്നു. അവിടന്ന് പറഞ്ഞു, നബി(സ) തിരുമേനിയും 'മഅ്റൂഫ്'(നല്ലതീരുമാനം) എന്ന പദം ഉപയോഗിച്ചിരുന്നതായി വന്നിരിക്കുന്നു. *വലാ യഅ്സ്വീനക്ക് ഫീ മഅ്റൂഫിൻ* എന്നു പറഞ്ഞതുപോലെ. മഅ്റൂഫായ കാര്യങ്ങളിൽ നിന്നെ ധിക്കരിക്കുകയില്ല. ഹദ്റത്ത് ഖലീഫ അവ്വൽ(റ) പറയുന്നു: അത്തരക്കാർ മുഹമ്മദു റസൂലുല്ലായുടെ ന്യൂനതകളുടെ ലിസ്റ്റുമുണ്ടാക്കിയിട്ടുണ്ടോ?' അവിടത്തെ ന്യൂനതകളുടെ അല്ലെങ്കിൽ ദൗർബല്യങ്ങളുടെ നഊദുബില്ലാഹ് ലിസ്റ്റുകൾ എന്തെങ്കിലും ഉണ്ടാക്കിയിട്ടുണ്ടോ? അതായത് അവിടത്തെ ഇന്ന കല്പന മഅ്റൂഫാണെന്നും ഇന്നത് മഅ്റൂഫ് അല്ലെന്നുമുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ? അവിടന്ന് പറയുന്നു, ഇപ്രകാരം ഹദ്റത്ത് സാഹിബ് അതായത് ഹദ്റത്ത് മസീഹ് മൗഊദും(അ) ബയ്അത്തിന്റെ നിബന്ധനകളിൽ നല്ലതീരുമാനങ്ങളെ അനുസരിക്കുമെന്ന് എഴുതിയിരിക്കുന്നു. ഇതിൽ ഒരു രഹസ്യമുണ്ട്.''(ഹഖാഇഖുൽ ഫുർഖാൻ വാള്യം 4, പേജ് 75–76)

നബിയും ഖലീഫമാരും അല്ലാഹു ഉണ്ടാക്കിയിട്ടുള്ള കല്പനകളനുസരിച്ച് കല്പന പുറപ്പെടുവിക്കുന്നതിന്റെ രഹസ്യമിതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ ഈ പദം ഇത്തരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു: ഈ നബി ബുദ്ധിക്ക്വിരുദ്ധമല്ലാത്ത കാര്യങ്ങളാണ് കല്പിക്കുന്നത്. ബുദ്ധി വിരോധിക്കുന്ന കാര്യങ്ങൾ തടയുകയും ചെയ്യുന്നു. പരിശുദ്ധ വസ്തുക്കൾ അനുവദനീയ മാക്കുന്നു. അശുദ്ധമായതിന് നിഷിദ്ധമാക്കുകയും ചെയ്യുന്നു. അതിന്റെ വിശദീകരണം അല്ലാഹു നമുക്ക് വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നു. എല്ലാ വിധിവിലക്കുകളും ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളും തുറന്ന് വിവരിച്ചിരിക്കുന്നു. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവൻ മാത്രമാണ് മോക്ഷം പ്രാപിക്കുക. ഇക്കാര്യങ്ങൾ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നവൻ മോക്ഷം പ്രാപിക്കും. അതുകൊണ്ട് എപ്പോഴും ഇക്കാര്യങ്ങൾ ഓർമവെക്കേണ്ടതാണ്. ഖിലാഫത്തിൽനിന്നും അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നതിന് ശരീഅത്തും സുന്നത്തുമനുസരിച്ച് കല്പനകൾ നല്കപ്പെടുന്നു. നല്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. പറയുന്നു, നിങ്ങൾ അനുസരിക്കുകയാണെങ്കിൽ സന്മാർഗം പ്രാപിക്കുന്നതാണ്. ഇല്ലെങ്കിൽ അതിൽനിന്നുവിട്ട് മോക്ഷത്തിന്റെ ഒരു വഴിയുമില്ല.

അല്ലാഹു വീണ്ടും പറയുന്നു: അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവരോടും സൽക്കർമകാരികളോടും ഖിലാഫത്ത് തുടർന്നുകൊണ്ടുപോകുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. സ്വന്തം ഇബാദത്തുകളിലേക്ക് മാത്രം ശ്രദ്ധിക്കുകയും തങ്ങളുടെ ഇബാദത്തുകൾ അല്ലാഹുവിനുവേണ്ടിമാത്രമാക്കുകയും എല്ലാത്തരം ശിർക്കുകളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുന്നവരുടേതുമാത്രമല്ല സൽകർമം. കേവലം ബാഹ്യമായ ശിർക്കല്ല. പ്രത്യുത ഭൗതികാഗ്രഹങ്ങളുടെ പിന്നാലെ കൂടി ദീനിന് രണ്ടാം സ്ഥാനം നല്കുന്ന അവസ്ഥയും ശിർക്കിന്റെ അവസ്ഥയാണ്. ഇത് വളരെ വലിയ നന്മയാണെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, അതിനോടൊപ്പം അനുസരണം വളരെ ആവശ്യമാണ്.

അതിനാൽ ഖിലാഫത്തിന്റെ വാഗ്ദാനത്തിൽനിന്ന് അനുഗ്രഹം ശരിയായ നിലയിൽ എടുക്കണമെങ്കിൽ സ്വന്തം ഇബാദത്തുകളെ സംരക്ഷിക്കുക എന്നതു മാത്രമല്ല ആവശ്യം പ്രത്യുത ഭൗതികാഗ്രഹങ്ങളുടെ ശിർക്കിൽനിന്ന് രക്ഷപ്പെടേണ്ടതും ആവശ്യമാണ്. കാലത്തിന്റെ ഖലീഫയെ പൂർണമായും അനുസരിക്കേണ്ടതും നിർബന്ധമാണ്. ഇല്ലെങ്കിൽപ്പിന്നെ ധിക്കാരികളിൽപ്പെട്ടുപോകും. യഥാർഥത്തിൽ പിന്നീട് ബയ്അത്തിൽനിന്നുതന്നെ പുറത്തുപോകുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ. വീണ്ടും അല്ലാഹു പറയുന്നു: മുഅ്മിനീംകളുടെ ജമാഅത്ത്, ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നവരുടെ ജമാഅത്ത് നമസ്കാരങ്ങൾ നിലനിറുത്തുന്നവരുടെ ജമാഅത്താണ്. നമസ്കാരങ്ങൾ നിലനിറുത്തുന്നതിലേക്ക് ശ്രദ്ധിക്കുന്നവരുടെ ജമാഅത്താണ്. മസ്ജിദുകളെ ജനസാന്ദ്രമാക്കുന്നവരുടെ ജമാഅത്താണ്. സക്കാത്തു കൊടുക്കുന്നവരുടെ ജമാഅത്താണ്. തങ്ങളുടെ ധനം സംശുദ്ധമാക്കുന്നവരുടെ ജമാഅത്താണ്. അല്ലാഹുവിനും അവന്റെ റസൂലിനും അവന്റെ ദീനിനും വേണ്ടി ധനത്യാഗം ചെയ്യുന്നവരുടെ ജമാഅത്താണ്. നബി(സ)തിരുമേനിയുടെ കല്പനകളും അവിടത്തെ സുന്നത്തും അനുസരിച്ച് കഴിവിന്റെ പരമാവധി കർമങ്ങൾ ചെയ്യുന്നവരുടെ ജമാഅത്താണ്. ഈ അവസ്ഥ ഉണ്ടാകുമ്പോഴാണ് അല്ലാഹു തന്റെ ദാസരുടെമേൽ കരുണ ചൊരിയുന്നത്.

അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിന് സ്വന്തം അവസ്ഥകൾ നന്നാക്കിത്തീർക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ കാരുണ്യം നമ്മെ അവന്റെ റഹ്മാനിയ്യത്തിന്റേയും റഹീമിയ്യത്തിന്റേയും ചാദുറിൽ പൊതിഞ്ഞെടുക്കുമ്പോൾ ശത്രുക്കളുടെ എല്ലാ വഞ്ചനകളും അവരിൽത്തന്നെ മറിച്ചിടപ്പെടുന്നതാണ്. അവർ തങ്ങളുടെ ഏറ്റവും മോശപ്പെട്ട പര്യവസാനത്തിൽ എത്തിച്ചേരുന്നതായിരിക്കും. ഇൻശാ അല്ലാഹ്! അതിനാൽ അല്ലാഹുവിന്റെ കൃപാവരങ്ങളെ ആകർഷിച്ചെടുക്കുന്നതിന് നമ്മൾ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്; നമ്മളിൽ എത്രത്തോളം അനസുരണത്തിന്റെ ബീജമുണ്ടെന്ന്! എത്രത്തോളം നമ്മൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നുണ്ടെന്ന്! നമ്മുടെ അനുസരണത്തിന്റെ നിലവാരം എത്രയുണ്ടെന്ന്! ഈ ആത്മപരിശോധന നമ്മൾ നടത്തേണ്ടതാണ്.

ഇനി ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ ഉദ്ധരിച്ച് ചില കാര്യങ്ങൾ പറയുന്നതായിരിക്കും. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം എല്ലാവരേയും അസ്വസ്ഥരാക്കുകയും പിന്നീട് സമാധാനം പ്രദാനം ചെയ്യുകയും ചെയ്ത അവസ്ഥകളെ ജമാഅത്തിന് എങ്ങനെയാണ് നേരിടേണ്ടി വന്നതെന്ന കാര്യങ്ങൾ അദ്ദേഹം വിവിധ അവസരങ്ങളിൽ വിവരിച്ചിട്ടുള്ളതാണ്. പിന്നീട് ഖിലാഫത്തിന് ബയ്അത്തു ചെയ്യുന്നതിൽനിന്ന് പിന്മാറിക്കളഞ്ഞ ആളുകളുടെ-അവരെ പേഗാമികളെന്നും, ബയ്അത്ത് ചെയ്യാത്തവരെന്നുമാണ് പറയുന്നത്-ആദ്യ നിലപാടെന്തായിരുന്നു. പിന്നീട് ഖിലാഫത്തെ ഥാനിയായുടെ തിരഞ്ഞെടുപ്പിനുശേഷം അവർ സ്വീകരിച്ച നിലപാടെന്തായിരുന്നു. ആദ്യവും പിന്നീടും അവരുടെ ചിന്താഗതികൾ എന്തായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മരണശേഷം ശത്രുക്കൾ എത്രമാത്രം സന്തോഷിച്ചിരുന്നു. പക്ഷേ, ഹദ്റത്ത് ഖലീഫ അവ്വൽ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം അവരെങ്ങനെയാണ് നാണം കെട്ടത്. പിന്നീട് ഹദ്റത്ത് ഖലീഫ അവ്വലിന്റെ വഫാത്തിനുശേഷം അഹ്മദിയ്യത്തിന്റെ ശത്രുക്കൾക്ക് മറ്റൊരു പ്രതീക്ഷയുണ്ടായി; ഇനി ജമാഅത്ത് തുണ്ടം തുണ്ടമാകുമെന്ന്! പക്ഷേ, വീണ്ടും അല്ലാഹു മുഅ്മിനീംകളുടെ ജമാഅത്തിനെ എങ്ങനെയാണ് സുരക്ഷിതമാക്കിവച്ചത്. പിന്നെങ്ങനെയാണ് ഭയാവസ്ഥയെ സമാധാനാവസ്ഥയിലാക്കിയത്? ഇങ്ങനെയുള്ള ചില ചരിത്രപരമായ ഉദ്ധരണികളാണ്. അത് ചെറുപ്പക്കാർക്കും അറിവു കുറഞ്ഞവർക്കും ഈമാനിൽ ഉറപ്പുണ്ടാകുന്നതിന് ആവശ്യമാണ്. ഇതാണ് നിങ്ങളുടെ മുമ്പിൽ വെക്കാനാഗ്രഹിക്കുന്നത്. എല്ലാവർക്കും കുറച്ചെങ്കിലും ചരിത്രപരമായ അറിവുണ്ടാകുന്നതിനും അത് നിർബന്ധമാണ്.

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷമുള്ള മുസ്‌ലിമീംകളുടെ അവസ്ഥ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിന്റെ നേരത്ത് തങ്ങളുടെ അവസ്ഥയും അതുതന്നെയായിരുന്നുവെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. അവിടന്ന് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിന്റെ നേരത്തും ജമാഅത്തിന്റെ മാനസികാവസ്ഥ നബി(സ)തിരുമേനിയുടെ സ്വഹാബത്തിന്റേതുതന്നെയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്താകുകയില്ലെന്ന് തന്നെയാണ് ഞങ്ങളും കരുതിയിരുന്നത്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായാൽ ജമാഅത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്നുള്ള ചിന്തതന്നെ ഒരു നിമിഷംപോലും ഞങ്ങൾക്കുണ്ടായിരുന്നില്ല. അവിടന്ന് പറയുന്നു: ഞാൻ ആ നേരത്ത് കുട്ടിയായിരുന്നില്ല. പ്രത്യുത യുവത്വപ്രായം എത്തിയിരുന്നു. ഞാൻ ലേഖനങ്ങൾ എഴുതാറുണ്ടായിരുന്നു. ഞാനൊരു മാസികയുടെ പത്രാധിപരുമായിരുന്നു. എന്നാൽ, ഞാൻ സത്യംചെയ്തു പറയുന്നു, ഒരിക്കലും ഒരു മിനിറ്റ് നേരത്തേക്കെങ്കിലും എന്നല്ല നിമിഷംപോലും ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്താകുമെന്ന ചിന്ത ഉണ്ടായിട്ടേയില്ല. വാസ്തവത്തിൽ അവസാന വർഷങ്ങളിൽ നിരന്തരം വഫാത്തിനെ സംബന്ധിച്ചുള്ള ഇൽഹാമുകൾ ഉണ്ടായിക്കൊണ്ടിരുന്നതാണ്. അവസാന ദിനങ്ങളിൽ അത് അധികമായിട്ടുണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുകൾ ഉണ്ടായിക്കൊണ്ടിരുന്നിട്ടും ചില ഇൽഹാമുകളിലും

ജാഗ്രദർശനങ്ങളിലും അവിടന്ന് വഫാത്താകുന്ന വർഷവും തിയതി തുടങ്ങിയവയും വ്യക്തമാക്കപ്പെട്ടിട്ടും- അതു ഞങ്ങൾ അൽവസിയ്യത്തിൽ വായിക്കുകയും ചെയ്തിരുന്നു-ഞങ്ങൾ മനസ്സിലാക്കിയിരുന്നത് ഒരുപക്ഷേ ഇക്കാര്യങ്ങൾ രണ്ടു നൂറ്റാണ്ടിനുശേഷം പുലരുമെന്നാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായാൽ ജമാഅത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്ന ചിന്തതന്നെ ഉണ്ടായിട്ടില്ല. കാരണം ഞങ്ങളുടെ അവസ്ഥ എങ്ങനെയുള്ളതാരുന്നുവെന്നാൽ ഞങ്ങൾ മനസ്സിലാക്കിയിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങളുടെ മുമ്പിൽ മരിക്കുകയില്ലെന്ന് തന്നെയാണ്. അതുകൊണ്ട് യഥാർഥത്തിൽ അവിടന്ന് വഫാത്തായപ്പോൾ ഞങ്ങൾക്ക് അത് ഉൾക്കൊള്ളുക അസഹ്യമായിരുന്നു. അവിടന്ന് എഴുതുന്നു: എനിക്കു നല്ലവണ്ണം ഓർമയുണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അദ്ദേഹത്തെ കുളിപ്പിച്ച് കഫൻ പൊതിഞ്ഞപ്പോൾ -അത്തരം അവസ്ഥയിൽ ചിലപ്പോൾ കാറ്റ് അടിക്കുമ്പോൾ തുണി ഇളകാറുണ്ട്, ചിലപ്പോൾ മീശയും ഇളകാറുണ്ട്- (മുടിയും അനങ്ങാറുണ്ട്)അതുകണ്ട് ചില സ്നേഹിതന്മാർ ഓടി വന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായിട്ടില്ലെന്നും തങ്ങൾ അദ്ദേഹത്തിന്റെ വസ്ത്രം ഇളകുന്നതും മീശയും മുടിയും അനങ്ങുന്നത് കണ്ടുവെന്നും പറഞ്ഞു. കഫൻ അനങ്ങുന്നത് കണ്ടുവെന്നും ചിലർ പറഞ്ഞു.

അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജനാസ ഖാദിയാനിൽ കൊണ്ടു വന്നു. അത് തോട്ടത്തിൽ ഒരു വീടിന്റെ ഉള്ളിൽ വച്ചു. എട്ടു ഒമ്പതു മണി നേരമായിട്ടുണ്ടാകും.(വഫാത്തിനുശേഷം ഞങ്ങളുടെ എല്ലാവരുടേയും അവസ്ഥ ഇതായിരുന്നുവെന്ന് വിവരിച്ചതിനുശേഷം പറയുന്നു, ജനാസ ഖാദിയാനിൽ കൊണ്ടുവന്നു. എട്ട് ഒമ്പതു മണി നേരമായിട്ടുണ്ടാകും) ഖ്വാജ കമാലുദ്ദീൻ സാഹിബ് തോട്ടത്തിലെത്തി. എന്നെ വേറിട്ടുകൊണ്ടുപോയി പറഞ്ഞു, മിയാൻ! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം എന്താകുമെന്ന കാര്യം വല്ലതും ചിന്തിച്ചിട്ടുണ്ടോ? എന്തെങ്കിലുമൊക്കെ ഉണ്ടാകേണ്ടതാണെന്ന് ഞാൻ പറഞ്ഞു. എന്താണുണ്ടാകേണ്ടത് എന്നതിനെ സംബന്ധിച്ച് എനിക്കൊന്നും പറയാൻ കഴിയുകയില്ല. അദ്ദേഹം പറഞ്ഞു, എന്റെ അഭിപ്രായത്തിൽ നമ്മളെല്ലാവരും ഹദ്റത്ത് മൗലവി സാഹിബിന്(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്) ബയ്അത്തു ചെയ്യണമെന്നാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, ആ നേരത്ത് കുറച്ച് പ്രായത്തിന്റെ അടിസ്ഥാനത്തിലും ഗ്രന്ഥപാരായണം നടത്തിയിരുന്നിട്ടുകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ) എവിടേയും അദ്ദേഹത്തിനു ശേഷം മറ്റാർക്കെങ്കിലും ബയ്അത്തു ചെയ്യണമെന്ന് എവിടേയും പറഞ്ഞിട്ടില്ലെന്ന് ഞാൻ പറഞ്ഞു. അതുകൊണ്ട് ഹദ്റത്ത് മൗലവി സാഹിബിന് നമ്മളെന്തിനു ബയ്അത്തു ചെയ്യണം? അവിടന്ന് എഴുതുന്നു, അൽവസിയ്യത്തിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും ആ നേരത്ത് എന്റെ ചിന്ത അതിലേക്ക് പോയതുതന്നെയില്ല. തുടർന്ന് അവിടന്ന് പറയുന്നു, അദ്ദേഹം ഞാനുമായി ഇതിനെ കുറിച്ച് ചർച്ച ആരംഭിച്ചു. പറഞ്ഞു, ഈ നേരത്ത് ഒരാൾക്കു ബയ്അത്ത് ചെയ്തില്ലെങ്കിൽ നമ്മുടെ ജമാഅത്ത് നശിച്ചുപോകുന്നതായിരിക്കും. പിന്നീട് അദ്ദേഹം പറഞ്ഞു, നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷവും ഇതുതന്നെയാണുണ്ടായത്. ജനങ്ങൾ ഹദ്റത്ത് അബൂബക്കറിന് ബയ്അത്തു ചെയ്തു.(ഇതൊരു സുപ്രധാന കാര്യമാണ്. ആ നേരത്ത് ഖ്വാജ സാഹിബ് പറയുന്നു, നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം ജനങ്ങൾ ഹദ്റത്ത് അബൂബക്കറിന് ബയ്അത്തു ചെയ്തിരുന്നു. അദ്ദേഹത്തെ ഖലീഫയായി അംഗീകരിച്ചിരുന്നു. പിന്നീട് ഖ്വാജ സാഹിബ് പറഞ്ഞു:)അതുകൊണ്ട് ഇപ്പോഴും നമ്മൾ ഒരാൾക്കു ബയ്അത്തു ചെയ്യേണ്ടതാണ്. ഈ സ്ഥാനത്തിന് ഹദ്റത്ത് മൗലവി സാഹിബിനെക്കാൾ ഉയർന്ന മറ്റൊരു വ്യക്തിയും ജമാഅത്തിലില്ല. പിന്നീട് ഖ്വാജ സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യോടു പറഞ്ഞു: മൗലവി മുഹമ്മദ് അലി സാഹിബിന്റെ അഭിപ്രായവും ഇതുതന്നെയാണ്. മുഴുവൻ ജമാഅത്തും മൗലവി സാഹിബിന് ബയ്അത്തു ചെയ്യണമെന്നാണ് അദ്ദേഹവും പറയുന്നത്. അവിടന്ന് പറയുന്നു, അവസാനം ജമാഅത്ത് ഐകകണ്ഠ്യേന ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സന്നിധിയിൽ അങ്ങ് ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങാൻ അപേക്ഷിച്ചു. അപ്പോൾ തോട്ടത്തിൽ എല്ലാ ആളുകളും സംഘടിച്ചു. അതിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ) ഒരു പ്രസംഗം ചെയ്തു. അദ്ദേഹം പറഞ്ഞു: എനിക്ക് ഇമാമത്തിന് ഒരു ആഗ്രഹവുമില്ല. മറ്റാർക്കെങ്കിലും ബയ്അത്തു ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതുസംബന്ധമായി അവിടന്ന് ആദ്യം തന്റെ പേരാണ് പറഞ്ഞതെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. പിന്നീട് ഞങ്ങളുടെ മാതാമഹൻ മീർ നാസിർ നവാബ് സാഹിബിന്റെ പേര് പറഞ്ഞു. പിന്നീട് ഞങ്ങളുടെ സഹോദരിഭർത്താവ് നവാബ് മുഹമ്മദ് അലി സാഹിബിന്റെ പേരു പറഞ്ഞു. ഇപ്രകാരം മറ്റു ചിലരുടെ പേരുകളും പറഞ്ഞു. പക്ഷേ, ഞങ്ങളെല്ലാവരും ഒറ്റക്കെട്ടായി ഈ ഖിലാഫത്ത് സ്ഥാനത്തിന് അർഹൻ അങ്ങുതന്നെയാണെന്ന് പറഞ്ഞു. അങ്ങനെ എല്ലാവരും അദ്ദേഹത്തിന് ബയ്അത്തു ചെയ്തു.'(ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം വാല്യം 15, പേജ് 489-491)

എന്നല്ല ചില നിവേദനങ്ങളനുസരിച്ച് ഖ്വാജ സാഹിബ് ഈ വിജ്ഞാപനവും വിളംബരവും പ്രസിദ്ധീകരിപ്പിച്ചു. അതായത് അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ പറഞ്ഞതനുസരിച്ച് നമുക്ക് നമ്മുടെ ഒരു വാജിബുൽ ഇത്വാഅത്ത് ഖലീഫയെ തിരഞ്ഞെടുക്കേണ്ടതാണ്. ഇതിനുവേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ നാമം സമർപിക്കപ്പെട്ടു. ഇതായിരുന്നു അവരുടെ ആദ്യത്തെ ഒരു ചിന്താഗതി. അവസ്ഥകൾ കാരണത്താൽ തങ്ങളുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നതിനുള്ളതായിരിക്കാം ഈ ചിന്താഗതി. അവർ ഖലീഫത്തുൽ മസീഹ് അവ്വലിന് ബയ്അത്ത് എന്തായാലും ചെയ്തു. പക്ഷേ, മനസ്സിൽ ഉണ്ടായിരിക്കേണ്ടതായ അനുസരണത്തിന്റെ സത്യസന്ധമായ ആത്മാവ് അവരിലുണ്ടായിരുന്നില്ല. മനസ്സിൽ മറ്റെന്തോ ആയിരുന്നു. അതുകൊണ്ട് ഖിലാഫത്തിനുമേൽ അഞ്ചുമന് ഉയർന്ന സ്ഥാനം കൊണ്ടുവരണമെന്ന ചിന്തയായിരുന്നു മനസിലുണ്ടായിരുന്നത്. പിന്നീട് അഞ്ചുമൻ മുഖേന എല്ലാ അധികാരങ്ങളും തങ്ങളുടെ കൈയിലെടുക്കുക. ഇതും ആ നേതാക്കന്മാരുടെ ചിന്തയായിരുന്നു. അവരുടെ ഈ ഉദ്ദേശ്യം പരാമർശിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) പറയുന്നു:

ഹദ്റത്ത് ഖലീഫ അവ്വലിന് ബയ്അത്തു ചെയ്ത് 15, 20 ദിവസമേ കഴിഞ്ഞിരുന്നുള്ളു, ഒരു ദിവസം മൗലവി മുഹമ്മദ് അലി സാഹിബ് എന്നെ കണ്ടു. പറഞ്ഞു: മിയാൻ സാഹിബേ! നമ്മുടെ ജമാഅത്തിന്റെ വ്യവസ്ഥിതി എങ്ങനെ മുന്നോട്ടു പോകുമെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഞാൻ പറഞ്ഞു: ഇപ്പോൾ അതിനെ കുറിച്ച് ചിന്തിക്കേണ്ട ആവശ്യമെന്താണ്? നമ്മൾ ഹദ്റത്ത് മൗലവി സാഹിബിന് ബയ്അത്ത് ചെയ്തിട്ടുണ്ടല്ലോ. അപ്പോൾ അദ്ദേഹം പറഞ്ഞു: അതെന്തായാലമുണ്ട്; ഗുരുത്വവും ശിഷ്യത്വവും. പ്രശ്നമതല്ല ഈ ജമാഅത്തിന്റെ വ്യവസ്ഥിതി എങ്ങനെ നടക്കും? ഞാൻ പറഞ്ഞു: എന്റെ അഭിപ്രായത്തിൽ ഈ കാര്യം ഇപ്പോൾ ചിന്താർഹമല്ല. കാരണം നമ്മൾ ഒരാൾക്ക് ബയ്അത്ത് ചെയ്തിരിക്കുന്നു. അപ്പോൾ അദ്ദേഹത്തിന് നല്ലവണ്ണം അറിയാം ജമാഅത്തിന്റെ വ്യവസ്ഥിതി എങ്ങനെയാണ് സ്ഥാപിക്കേണ്ടതെന്ന്. നമ്മൾ അതിൽ കൈകടത്തേണ്ട ആവശ്യമെന്താണ്? ഇതിൽ അദ്ദേഹം നിശബ്ദനായെങ്കിലും പറഞ്ഞു, ഇതെന്തായാലും ചിന്തിക്കേണ്ട വിഷയമാണ്.'(ഖിലാഫത്തെ റാശിദ, പേജ് 48-50, അൻവാറുൽഉലൂം വാല്യം 15 പേജ് 491)

തൃപ്തി ഉണ്ടായില്ല. ഇക്കാര്യത്തിൽനിന്ന് അക്കൂട്ടരുടെ മനസിലിരുപ്പ് മനസ്സിലാക്കാൻ കഴിയും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന് എന്തുദ്ദേശ്യത്തോടെയാണ് ബയ്അത്ത് ചെയ്തതെന്നും മനസ്സിലാകുന്നുണ്ട്; ആത്മാർഥമായിട്ടല്ല. അതുകൊണ്ട് മനശാന്തിയും നിലനിന്നില്ല. സമാധാനവും നിലനിന്നില്ല. ഖിലാഫത്തിന് ബയ്അത്ത് ചെയ്യുന്നതോടെ സമാധാനാവസ്ഥ ഉണ്ടാക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനനവും അവരിൽ ഉണ്ടായില്ല. സമ്പൂർണ അനുസരണത്തിന്റെ ഉള്ളിൽ ഇരിക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. ഈ ആത്മീയ വ്യവസ്ഥിതിയും ഭൗതികവ്യവസ്ഥിതിപോലെ കൊണ്ടുപോകാൻ അവർ ആഗ്രഹിച്ചിരുന്നു. പിന്നീട് അതിന്റെ ഫലവും കണ്ടു; ഇപ്പോൾ അവർ പേരിനുമാത്രമായി; ഒരു പക്ഷേ, കുറച്ചു നൂറുകൾമാത്രം. എന്നല്ല യഥാർഥത്തിൽ കുറച്ചെന്നുതന്നെ പറയണം, അവർ ഉണ്ടാക്കിയ വ്യവസ്ഥിതിയനുസരിച്ച് അവരോടൊപ്പമുണ്ട്. ഖിലാഫത്തിന്റെ തണലിലുള്ള ജമാഅത്ത് അല്ലാഹുവിന്റെ കൃപയാൽ ഇപ്പോൾ ലോകത്തിലെ 212 രാജ്യത്ത് സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ ശത്രുക്കൾ ജമാഅത്തിന്റെ ഭാവിയെ കുറിച്ച് എന്താണ് പ്രകടിപ്പിച്ചതെന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാ


**ത്വാലിബെ ദുആ**

"വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക, സത്യസന്ധരിൽ ഉൾപ്പെടുകയും ചെയ്യുക."(9:119)

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

**• അല്ലാഹുവിന്റെ കലാം: •**

"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (3:148)

ത്വാലിബെ ദുആ: T.A. SUDHEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 18-25 May 2023 Issue-20-21

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ത്തായപ്പോൾ ഇനി ഈ ജമാഅത്ത് നശിച്ച് നാമാവശേഷമാകുമെന്ന് പൊതുവെ കരുതിയിരുന്നു. ശത്രുക്കൾ സന്തോഷവാന്മാരായിരുന്നു; ചന്ദ വരവ് ഉണ്ടാകകയില്ല. ജമാഅത്തിന്റെ അഭിവൃദ്ധി നിലയ്ക്കും. കാരണം ഹദ്റത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുവേണ്ടിയായിരുന്നു ആളുകൾ ചന്ദ കൊടുക്കാറുണ്ടായിരുന്നത്. എന്നാൽ, ജനങ്ങൾ ഒന്നുരണ്ടു വർഷത്തിനുശേഷം കണ്ടത് ജമാഅത്ത് അംഗബലത്തിലും ശക്തമാകുന്നതാണ്. അപ്പോൾ അവർ മറ്റൊരു കാര്യമുണ്ടാക്കി; യഥാർഥത്തിൽ മൗലവി നൂറുദ്ദീൻ സാഹിബ് ജമാഅത്തിലെ ഏറ്റവും വലിയൊരു പണ്ഢിതനാണ്. ജമാഅത്തിന്റെ എല്ലാ അഭിവൃദ്ധിയും അദ്ദേഹവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. മിർസാ സാഹിബിന്റെ ജീവിതത്തിലും എല്ലാ ജോലിയും ചെയ്തിരുന്നത് മൗലവി സാഹിബ് തന്നെയായിരുന്നു; പ്രത്യക്ഷത്തിൽ മിർസാ സാഹിബിന്റെ പേര് ഉണ്ടായിരുന്നുവെന്നേയുള്ളു. എന്നല്ല ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ബാഹ്യമായ കാര്യങ്ങൾക്ക് മുൻതൂക്കം നല്കുന്ന മൗലവി എന്ന നിലയിലുള്ള പല ആളുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും പറഞ്ഞിരുന്നത് ഈ ജമാഅത്തിനെ നയിക്കുന്നത് മൗലവി നൂറുദ്ദീനാണെന്നായിരുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം മൗലവി സാഹിബിന്റെ കാലഘട്ടത്തിൽ ജമാഅത്ത് കൂടുതൽ അഭിവൃദ്ധിപ്പെടുന്നതു കണ്ടപ്പോൾ മൗലവിമാരുടെ രണ്ടാമത്തെ സംഘം തങ്ങൾ പറഞ്ഞിരുന്നത് തികച്ചും മാറ്റി. മൗലവി നൂറുദ്ദീനാണ് എല്ലാ ജോലിയും ചെയ്യുന്നതെന്ന് തങ്ങൾ പറഞ്ഞിരുന്നില്ലേയെന്ന് സന്തോഷത്തോടെ പറയാൻ തുടങ്ങി. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷവും ഒരു വ്യത്യാസവുമുണ്ടായിട്ടില്ല. ഹദ്റത്ത് മൗലവി സാഹിബ് കാരണത്താൽത്തന്നെയാണ് ജമാഅത്ത് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 21, പേജ് 413)

പിന്നീട് ഒരു മൗലവി പറഞ്ഞ കാര്യം എടുത്തുദ്ധരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ഗുജറാത്തിലെ സ്നേഹിതന്മാർ എന്നോടു പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ ഒരു അഹ്ലെ ഹദീഥ് മൗലവി ഞങ്ങളോടു പറഞ്ഞു, ഇപ്പോൾ നിങ്ങൾ പിടിയിൽ വന്നിരിക്കുന്നു. കാരണം എല്ലാ നുബുവ്വത്തിനുശേഷവും ഖിലാഫത്തുണ്ടാകുമെന്ന് നബി(സ) തിരുമേനി പറഞ്ഞിട്ടുണ്ട്. (നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നബിയാണെന്ന് പറയുന്നു, ശരീഅത്തില്ലാത്ത നബിയാണെങ്കിലും വേണ്ടില്ല, നബി(സ) തിരുമേനിയുടെ ദാസത്വത്തിൽ കിട്ടിയ നുബുവ്വത്താണെങ്കിലും വേണ്ടില്ല, പക്ഷേ, നിങ്ങൾ പറഞ്ഞിരുന്നത് നുബുവ്വത്തുണ്ടെന്നാണ്, നുബുവ്വത്തിനുശേഷം ഖിലാഫത്തുണ്ടാകണം). നിങ്ങളിൽ ഇനി ഖിലാഫത്തുണ്ടാകുകയില്ല. നിങ്ങൾ ഇംഗ്ലീഷ് പണ്ഡിതന്മാരാണ്. അതുകൊണ്ട് ഖിലാഫത്തിലേക്ക് നിങ്ങൾ പോകുകയില്ല. ആ സ്നേഹതൻ പറയുന്നു, രണ്ടാം ദിവസം കമ്പിസന്ദേശം കിട്ടി.(അക്കാലഘട്ടത്തിൽ കമ്പി സന്ദേശമാണുണ്ടായിരുന്നത്. പോസ്റ്റു ഓഫീസ് മുഖേന കമ്പിസന്ദേശം അയക്കുമായിരുന്നു. ഇക്കാലത്ത് ഒരു സെക്കന്റിനുള്ളിൽ ഇവിടെ നിന്ന് വാർത്തകൾ ഇന്റർനെറ്റ് മുഖേന ഫോൺ മുഖേന വൈറലാകുന്നു. എന്നാൽ, അക്കാലഘട്ടത്തിൽ കമ്പിയുടെ വ്യവസ്ഥിതിയാണുണ്ടായിരുന്നത്. അതും എത്തുന്നത് രണ്ടാം ദിവസമോ മൂന്നാം ദിവസമോ ഒക്കെയായിരിക്കും. എന്തായാലും പറയുന്നു, രണ്ടാം ദിവസം കമ്പികിട്ടി). ജമാഅത്ത് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന് ബയ്അത്ത് ചെയ്തിരിക്കുന്നു. അദ്ദേഹത്തെ തങ്ങളുടെ ഖലീഫ ആക്കിയിരിക്കുന്നു. ഈ വിവരം അഹ്മദികൾ ആ മൗലവിയോടു പറഞ്ഞപ്പോൾ പറഞ്ഞു: നൂറുദ്ദീൻ വളരെ വലിയ വിദ്യാസമ്പന്നനാണ്. അതുകൊണ്ടാണ് അദ്ദേഹം ജമാഅത്തിൽ ഖിലാഫത്ത് സ്ഥാപിച്ചത്. അദ്ദേഹത്തിനുശേഷം ഖിലാഫത്തു നിലനിന്നാൽ അപ്പോൾ നോക്കാം! പിന്നീട് അവിടന്ന് പറയുന്നു: ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വഫാത്തായപ്പോൾ പറഞ്ഞു:അന്ന് കാര്യം വേറെയായിരുന്നു. ഇനി ആരെങ്കിലും ഖലീഫയായാൽ നോക്കാം! ജമാഅത്തിലെ സഹോദരന്മാർ പറയുന്നു, അടുത്ത ദിവസം എന്റെ കൈയിൽ ജമാഅത്ത് ബയ്അത്തു ചെയ്തു എന്നറിയിച്ചുകൊണ്ടുള്ള കമ്പിസന്ദേശം കിട്ടി. അപ്പോൾ പറഞ്ഞു. പ്രിയമുള്ളവരെ! നിങ്ങൾ അത്ഭുതതരക്കാരാണ്. നിങ്ങളെ കുറിച്ച് ഒന്നും അറിയാൻ കഴിയുന്നില്ല. (നുബുവ്വത്ത് ഔർ ഖിലാഫത്ത് അപ്നെ വഖ്ത്ത് പർ ളഹൂർ പദീർ ഹോ ജാത്തി ഹെ, അൻവാറുൽഉലൂം വാള്യം 18, പേട് 242)

എന്നിട്ടും വിശ്വസിച്ചില്ല. ഇപ്പോഴും ഇതുതന്നെയാണ് പറയുന്നത്. ഇക്കാരണത്താൽ അവരിൽ അസൂയാഗ്നി സ്ഥിരമായി പറ്റിപിടിച്ചിരിക്കുകയാണ്. മുമ്പേയും ഞാൻ പലവട്ടം പറഞ്ഞുകഴിഞ്ഞതുപോലെ അഞ്ചാമത്തെ ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് സമയത്ത് ഒരു മൗലവി സാഹിബ് പറഞ്ഞു: എല്ലാ ദൃശ്യങ്ങളും ഞാൻ കണ്ടു. അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം നിങ്ങളോടൊപ്പമുണ്ടെന്നാണ് തോന്നുന്നത്. പക്ഷേ, ഈ അടയാളം കണ്ടിട്ടും വിശ്വസിക്കുന്നതിനുപകരം അസൂയയിലും എതിർപ്പിലും വിദ്വേഷത്തിലും ഉയർന്നുകൊണ്ടുപോകുകയാണ് ചെയ്യുന്നത്. എന്തായാലും അല്ലാഹു ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്ന ജമാഅത്തിന് ഉയർച്ച നല്കിക്കൊണ്ടേയിരിക്കുന്നു. ജമാഅത്തുകൾ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു. അതിദൂര രാജ്യങ്ങളിൽ ഇരിക്കുന്നവരും ഖിലാഫത്തിനോടു കൂറുപുലർത്തിക്കൊണ്ട് അതിൽ ഉയർന്നുയർന്നുപോകുന്നു.

ഖിലാഫത്തും ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുന്നവർക്കും അല്ലാഹു മാർഗദർശനം നല്കുന്നു. അവരെ സ്വയം ഈ ഖിലാഫത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. എങ്ങനെയാണ് കൊണ്ടു വരുന്നത്? അതിന്റെ ഒന്ന് രണ്ട് ഉദാഹരണം പറയുകയാണ്. അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം നിങ്ങളോടൊപ്പമുണ്ടെന്ന് മൗലവി സാഹിബ് പറഞ്ഞതുപോലെ അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം ഒപ്പമുണ്ടെന്നതിന് ഒരു ഉദാഹരണമാണ്, ഇത് നബി(സ)തിരുമേനിയുടെ യഥാർഥ ദാസർ നമ്മളായതുകൊണ്ടാണ്. അല്ലാഹുവിന്റെ യഥാർഥ അധ്യാപനത്തെ നമ്മൾ ലോകത്ത് പ്രചരിപ്പിക്കുന്നു. ഗിനി-ബിസോ(Guinea-Bissau) വളരെ ദൂരത്തുള്ള ഒരു രാജ്യമാണ്. അവിടെ ഒരു പ്രായംചെന്ന സ്ത്രീയുണ്ട്. അവർ പറയുന്നു: ഒരു ദിവസം ഞാൻ സ്വപ്നത്തിൽ കണ്ടു, നമ്മുടെ മിഷണറി അവർക്ക് ഒരു ഗ്രന്ഥം കൊടുക്കുന്നു. നിങ്ങളുടെ മോക്ഷം ഈ ഗ്രന്ഥത്തിലുണ്ടെന്ന് പറയുന്നു. അവർ പറയുന്നു, സ്വപ്നത്തിൽത്തന്നെ ഞാൻ ഗ്രന്ഥം തുറക്കുമ്പോൾ അതിൽ ഒരു ഫോട്ടോയുമുണ്ടായിരുന്നു. ഇതാരാണെന്ന് ഞാൻ മിഷണറിയോടു ചോദിക്കുന്നു. ഇത് ഖലീഫത്തുൽ മസീഹാണെന്ന് അദ്ദേഹം പറയുന്നു. ഇദ്ദേഹത്തെ അല്ലാഹു ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുകയാണ്. അവർ പറയുന്നു, അടുത്ത ദിവസം ആ സ്ത്രീ നമ്മുടെ മിഷണറിയുടെ അടുത്തു വന്നു. നിങ്ങളുടെ സ്വപ്നത്തിന് ഒരു വ്യാഖ്യാനത്തിന്റേയും ആവശ്യമില്ലാത്തവിധം വ്യക്തമാണെന്ന് അദ്ദേഹം പറഞ്ഞു. അല്ലാഹു സ്വയം നിങ്ങൾ വഴി കാണിച്ചുതന്നിരിക്കുന്നു. അപ്പോൾ ആ സ്ത്രീ പറഞ്ഞു: അല്ലാഹുവാണ! ഞാൻ ഇന്നു മുതൽ അഹ്മദിയാണ്. അല്ലാഹു ഉണ്ടാക്കിയിട്ടുള്ള ആളാണ് യഥാർഥത്തിൽ അഹ്മദികളുടെ ഖലീഫ. ഈ നടന്നുവരുന്ന ഖിലാഫത്ത് അല്ലാഹുവിൽ നിന്നുള്ളതാണ്. അങ്ങനെ ആ സമയം തന്നെ അവർ ബയ്അത്തു ചെയ്തു. ബയ്അത്തു ചെയ്തതിനുശേഷം ജമാഅത്തിന്റെ എല്ലാ പരിപാടികളിലും അവർ പങ്കെടുക്കുന്നു. തന്റെ കഴിവനുസരിച്ച് ചന്ദയും നല്കുന്നു. വളരെ തന്റേടത്തോടെ തബ്ലീഗും ചെയ്യുന്നു. എങ്ങനെയാണ് അല്ലാഹു നേരിട്ട് മാർഗദർശനം നല്കിയതെന്ന് ജനങ്ങളോടു പറയുകയും ചെയ്യുന്നു. ഇതുപോലെതന്നെ ഒരു ഈജിപ്ഷ്യൻ സ്നേഹിതനുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ അങ്ങേയറ്റം തിന്മകളിൽ അകപ്പെട്ടിരിക്കുകയായിരുന്നു. വഴക്കാളിയെപോലെയായിരുന്നു. എം.ടി.എയിലെ അങ്ങയുടെ ഖുത്ബകൾ കേട്ടാണ് ദീനിൽ താൽപര്യമുണ്ടായത്. പിന്നീട് അഹ്മദിയാകുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു. കാരണം ഈ ഖിലാഫത്തു തന്നെയാണ് ശരിയായ രീതിയിൽ നമുക്ക് മാർഗദർശനം നല്കുന്നത്. ഇപ്രകാരംതന്നെ എങ്ങനെ അല്ലാഹു വിവിധ നേരങ്ങളിൽ, വിവിധ സ്ഥലങ്ങളിൽ, വിവിധ രാജ്യങ്ങളിൽ ജനങ്ങൾക്ക് മാർഗദർശനം നല്കുന്ന മറ്റു ചില ഉദാഹരണങ്ങളുമുണ്ട്.

ഇൻചാർജ് മിഷണറി സാഹിബ് പറയുന്നു: കാമറൂൺ(Cameroon)ലെ പട്ടണമായ മർദയിൽ ആളുകൾ എം.ടി.എ കാണുന്നു. എം.ടി.എ ആഫ്രിക്ക ആരംഭിക്കപ്പെട്ടതുമുതൽ ധാരാളമായി അത് ആളുകൾ കണ്ടുവരുന്നുണ്ട്. പ്രത്യേകിച്ചും ഖുത്ബകൾ അവിടെ തീർച്ചയായും കേൾക്കുന്നു. ഖുത്ബകൾ കേട്ടതിനുശേഷം അവരിൽ നല്ല മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്നു. ജമാഅത്തിലേക്കുള്ള ചായ്‌വും കൂടിക്കൊണ്ടിരിക്കുന്നു. അഹ്മദികളുടെ ഈമാനാണെങ്കിൽ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നു. ഖിലാഫത്തുമായ ബന്ധം വെക്കാൻ അവർ ഏറ്റവും കൂടുതൽ ശ്രമിച്ചുകൊണ്ടിരിക്കുന്നു; തികഞ്ഞ അനുസരണത്തിന്റെ മാതൃകകൾ കാണിക്കാനും. ഈ ഖിലാഫത്തിനോടുള്ള ബന്ധവും സ്നേഹവും അല്ലാഹു ഉണ്ടാക്കിയിട്ടുള്ളതാണ്. അഹ്മദിയ്യാ ഖിലാഫത്തുമായി ഈ ബന്ധവും സ്നേഹവും ഇരിക്കുവോളം ഭയാവസ്ഥയും സമാധാനാവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നതായിരിക്കും. അല്ലാഹു ജനങ്ങളുടെ സൗഖ്യത്തിനുള്ള സാഹചര്യങ്ങളും ഒരുക്കിക്കൊണ്ടിരിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്!''

❖❖❖

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin